# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഓഗസ്റ്റ് 4 | ദീപം 55 | നാളം 22 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org


# രൂപ താഴ്ന്നു താഴ്ന്നു പോകുമ്പോൾ...




റ്റി.സി. മാത്യു


ഡോളറിന് 80 രൂപ. അതിനെന്താ? കുറേ പേർക്കു വിദേശത്തു നിന്ന് ഇന്ത്യയിലേക്ക് അയയ്ക്കുന്ന ഡോളർ അല്ലെങ്കിൽ റിയാലിനു കൂടുതൽ രൂപ കിട്ടും. അവർക്കു സന്തോഷം. മറ്റു ചിലർക്കു വിദേശത്തേക്കു മക്കളെ പഠനത്തിന് അയയ്ക്കാൻ കൂടുതൽ രൂപ വേണ്ടിവരുന്നു. അവർക്കു വിഷമം. മൊബൈൽ അടക്കം വിദേശനിർമിതവസ്തുക്കൾ വാങ്ങുന്നവർക്കു കൂടുതൽ പണം ചെലവാക്കേണ്ടിവരുന്നു. പെട്രോൾ വാങ്ങുന്നവർക്കും ഇതുതന്നെ അവസ്ഥ. വിദേശയാത്ര നടത്താനും ചെലവു കൂടും.

അപ്പോൾ ഇതു നല്ലതോ ചീത്തയോ?

വ്യക്തികളുടെ കാര്യം അവിടെ നിൽക്കട്ടെ. ഇതു രാജ്യത്തിന് എന്തു ഫലമാണ് ഉണ്ടാക്കുക? രൂപ തകരുന്നു, രൂപ ഇടിയുന്നു എന്നൊക്കെയാണു മാധ്യമങ്ങൾ നമ്മോടു പറയുന്നത്. അപ്പോൾ രാജ്യത്തിനു വലിയ സാമ്പത്തികദുരിതമാണോ ഇതുവഴി സംഭവിക്കുക?

രൂപയുടെ വിനിമയനിരക്ക് താഴുന്നതുകൊണ്ട് പ്രശ്നങ്ങൾ ഇല്ലെന്നല്ല. പക്ഷേ, നമ്മുടെ സമ്പദ്ഘടന തകരാൻമാത്രം ഒന്നുമില്ല. എന്നുവച്ച് ഡോളറിന് 80 രൂപയാകുന്നത് നമുക്ക് അഭിമാനിക്കാനോ ആഘോഷിക്കാനോ ഉള്ള കാര്യവുമല്ല.

അതാണു വസ്തുത. കുറേ പ്രശ്നങ്ങൾ ഉണ്ടാക്കാവുന്നതും അത്ര അഭിമാനകരമല്ലാത്തതുമായ കാര്യം.

എങ്കിലും വേവലാതിപ്പെടാനോ ആശങ്കപ്പെടാനോ കാര്യമില്ല. രാജ്യത്തിന്റെ ധനകാര്യഭരണം നടത്തുന്നവരെ സംബന്ധിച്ച് വളരെ കരുതലും ജാഗ്രതയും വേണ്ട സമയം. ജാഗ്രത പാളിയാൽ രൂപ താഴേണ്ടതിലധികം താഴും. അപ്പോൾ രാജ്യം ഗുരുതരപ്രശ്നത്തിലാകും. ജാഗ്രതയോടെ പ്രവർത്തിച്ചാൽ കുഴപ്പങ്ങൾ ഇല്ലാതെ മുന്നോട്ടുപോകാം. വേവലാതിപ്പെടാനുള്ളത് മറ്റൊരു വിഷയത്തിലാണ്. സാമ്പത്തികമാന്ദ്യം. അതാണു ഗുരുതരപ്രശ്നം. വരുമാനവും പണവും കുറയുന്ന വിഷയം.

**രൂപ അത്ര മോശമല്ല**

എന്തുകൊണ്ടാണ് ഇപ്പോൾ രൂപയുടെ വില ഇത്രയും താഴുന്നത്? ഇതു ചോദിക്കുംമുമ്പ് ഒരു മറുചോദ്യം: രൂപ അത്രകണ്ടു താഴ്ന്നോ? കഴിഞ്ഞ ഡിസംബർ 31ന് ഒരു ഡോളർ കിട്ടാൻ 74.29 രൂപ മുടക്കണമായിരുന്നു. ജൂലൈ 22 ന് അത് 80 രൂപയായി. (80 ൽനിന്ന് അല്പം താഴ്ന്നത് അവഗണിക്കാം). അപ്പോൾ ഡോളർ കയറിയത് 7.69 ശതമാനം. അഥവാ ഡോളറുമായുള്ള വിനിമയത്തിൽ രൂപ 7.69 ശതമാനം ദുർബലമായി.

ഇത് അത്ര വലിയ തകർച്ചയല്ല എന്നു സമാന കറൻസികളുടെ ഗതി നോക്കിയാൽ അറിയാം. വലിയ കയറ്റുമതിരാജ്യമായ ദക്ഷിണ കൊറിയയുടെ വോൺ കറൻസി ഇതേ കാലയളവിൽ 10.2 ശതമാനം താഴ്ന്നു. ഏഷ്യയിലെ രണ്ടാമത്തെ വലിയ സാമ്പത്തികശക്തിയായ ജപ്പാന്റെ യെൻ ഇതേ സമയം 16.3 ശതമാനം ഇടിഞ്ഞു. ഒന്നിച്ചുനിന്നാൽ ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തികശക്തിയാണ് യൂറോ കറൻസിയായി സ്വീകരിച്ചിട്ടുള്ള രാജ്യങ്ങൾ. ആ കറൻസി 2022 ജനുവരി ഒന്നു മുതൽ ജൂലൈ 22 വരെ ഇടിഞ്ഞത് 13 ശതമാനം. ബ്രിട്ടീഷ് പൗണ്ടിന്റെ വീഴ്ച 11 ശതമാനം. തായ്‌ലൻഡ്, തായ്‌വാൻ, ഇൻഡോനീഷ്യ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളുടെ കറൻസികളും രൂപയെക്കാൾ ഇടിവിലാണ്. താരതമ്യത്തിൽ ഇന്ത്യയ്ക്ക് ഒട്ടും നാണക്കേടിന്റെ വകയില്ല. ശക്തരും ദുർബലരുമൊക്കെ ഒരുപോലെ വീണു.




75 രൂപയുടെ തൊട്ടു താഴെനിന്നാണ് ഡോളർ ഏഴു മാസം കൊണ്ട് 80 ലേക്കു കയറിയത്. 80 എന്ന നാഴികക്കല്ല് കടക്കുമ്പോഴുള്ള വിഷമമാണ് ആ വിഷയം. 1991 ൽ 20 രൂപയിലേക്കും 2012 ൽ 50 രൂപയിലേക്കും 2020 ൽ 75 രൂപയിലേക്കും ഡോളർ കയറിയപ്പോഴും ഇതേ വിഷമം ഉണ്ടായിരുന്നു. ശീലമായപ്പോൾ അതു മാറി. ഇന്ത്യൻരൂപ പിന്നെയും മുന്നേറി.


▶ 8


# ജനസേവകർ യജമാനന്മാരായാൽ

സമയം രാവിലെ പതിനൊന്നര. രണ്ടാഴ്ചമുമ്പു കൊടുത്ത ഒരപേക്ഷയുടെ സ്ഥിതി അറിയാനാണ് ഓഫീസിലേക്കു കയറിച്ചെന്നത്. എട്ടിൽ ആറു കസേരകളും കാലി. നാലു പുരുഷജീവനക്കാരും ഒരു ജീവനക്കാരിയും ഒരു മേശയ്ക്കു ചുറ്റുമിരുന്ന് സൊറ പറഞ്ഞു ചിരിക്കുന്നു. അഞ്ചു ട്യൂബുകൾ തെളിഞ്ഞുകിടപ്പുണ്ട്. എട്ടു ഫാനുകൾ കറങ്ങുന്നു. ഭിത്തിയിലെ ടി.വിയിൽ വാർത്തകൾ കേൾക്കാം. വന്ന കാര്യത്തെപ്പറ്റി സൂപ്രണ്ടിനോടു ചോദിച്ചു. ക്ലാർക്ക് ലീവായതിനാൽ കിട്ടിയ തപാലൊന്നും വിതരണം ചെയ്തിട്ടില്ലെന്നു മറുപടി. ഓഫീസ്മേധാവിയെ നേരിൽക്കണ്ടു വിവരം പറയാമെന്നു കരുതി. അന്വേഷിച്ചപ്പോളാണ് അയലത്തെ കൊച്ചിന്റെ ജന്മദിനാഘോഷം കഴിഞ്ഞ് അദ്ദേഹം ഒന്നരയ്ക്കേ എത്തുകയുള്ളൂ എന്നറിഞ്ഞത്. വിധവയായ മകളുടെ മകന് ഒരു ജോലിക്ക് അപേക്ഷ കൊടുക്കാൻ ഡൊമിസൈൽ സർട്ടിഫിക്കറ്റിനുവേണ്ടി ഒത്തിരി അകലെനിന്ന് വെളുപ്പാൻകാലത്ത് ഇറങ്ങിത്തിരിച്ച ഒരപ്പാപ്പൻ വളഞ്ഞ കാലൻകുട നിലത്തുകുത്തി വരാന്തയിലെ ബഞ്ചിൽ കാത്തിരിക്കുന്നതു കണ്ടു. ഒന്നരയും രണ്ടരയും കഴിഞ്ഞു. മേധാവി വന്നില്ല. വന്നത് സൂപ്രണ്ടിന്റെ അറിയിപ്പാണ്; 'ഇന്നിനി അദ്ദേഹം വരില്ലെ'ന്ന്!






കൊഴുവനാൽ ജോസ്


ഈ സംസ്ഥാനത്തു നിലവിലുള്ള പതിനായിരക്കണക്കിനു സർക്കാർ ഓഫീസുകളിൽ ഭൂരിഭാഗവും ഇങ്ങനെയാണ്. തികഞ്ഞ അരാജകത്വം. നാഥനില്ലാക്കളരി എന്ന വാക്ക് പഠിക്കാനും പഠിപ്പിക്കാനും മോഡലായി ഇത്തരം ഒരു ഓഫീസ് ചൂണ്ടിക്കാണിച്ചാൽ മതി. ഹാജർ അടയാളപ്പെടുത്തിയശേഷം വട്ടംകൂടിയിരുന്നു വാചകമടിക്കാനും സീറ്റിലിരുന്ന് ഉറങ്ങാനും പുറത്തിറങ്ങി കറങ്ങാനും ബഹുസഹസ്രം ജീവനക്കാർ. ഇവറ്റകളെ തീറ്റിപ്പോറ്റാനാണ് സംസ്ഥാനവരുമാനത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത് എന്നു ചിന്തിക്കുമ്പോളാണ് നിലവിലുള്ള ഭരണസംവിധാനങ്ങൾ പൊളിച്ചു പണിയേണ്ട കാലം എത്രപണ്ടേ കഴിഞ്ഞുപോയെന്നു ബോധ്യമാകുന്നത്.


▶ 5

# അതിരുകൾ മാഞ്ഞുപോകുന്ന വില്ലൻ-നായകസങ്കല്പങ്ങൾ




■ വീയെൻ

ധീരോദാത്തനും അതിപ്രതാപഗുണവാനും വിഖ്യാതവംശജനുമായിരിക്കണം നായകനെന്നാണ് ഭാരതീയസങ്കല്പം. സംസ്കൃത കാവ്യശീലങ്ങളിൽ നിന്നു രൂപപ്പെട്ടുവന്നതാണ് ഇത്തരത്തിലുള്ള നായകസങ്കല്പം. നായകൻ സർവഗുണസമ്പന്നനും സൗന്ദര്യവാനുമായിരിക്കണമെന്ന മട്ടിലുള്ള ഈ കീഴ്വഴക്കത്തെ മലയാളസിനിമ അക്ഷരംപ്രതി അനുസരിച്ചുപോന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. സത്യനും നസീറും മധുവുമൊക്കെ അരങ്ങുവാണിരുന്ന പഴയകാലസിനിമകളിൽ ഇതു വളരെ പ്രകടവുമായിരുന്നു. നായകനെ എല്ലാം തികഞ്ഞവനായി അവതരിപ്പിച്ചപ്പോൾ നായകന്റെ എതിർഭാഗത്തുള്ളവൻ - വില്ലൻ - സർവതിന്മകളുടെയും മൂർത്തീഭാവമായി.

നിഷ്കളങ്കനും നല്ലവനുമായ നായകനെ അകാരണമായി ദ്രോഹിക്കുന്ന, ചതിക്കുന്ന, ക്രൂശിലേറ്റുന്നവനാണ് വില്ലൻ. വേണമെങ്കിൽ നായകന്റെ ഭാര്യ/കാമുകി/സഹോദരി എന്നിവരെ മാനഭംഗപ്പെടുത്താനും നായകന്റെ കുടുംബത്തെ ഒന്നടങ്കം വകവരുത്താനുംവരെ അവർ തയ്യാറായിരുന്നു. അങ്ങനെയാണ് ഒട്ടനവധി സിനിമകളിൽ കെ.പി. ഉമ്മറും ബാലൻ കെ നായരും ജോസ് പ്രകാശും ഗോവിന്ദൻകുട്ടിയുംപോലെയുള്ള നടന്മാർ അവതരിപ്പിച്ച കഥാപാത്രങ്ങൾ നിഷ്കളങ്കരായ ഷീലയും ശാരദയും ശ്രീവിദ്യയും കെ ആർ വിജയയും വിജയശ്രീയുംപോലെയുള്ള നടിമാരുടെ കഥാപാത്രങ്ങളോട് അതിക്രമം കാട്ടിയത്. നായകൻ വിജയിക്കണമെങ്കിൽ വില്ലൻ തോല്ക്കണമായിരുന്നു. വില്ലന്റെ പരാജയവും പതനവുമായിരുന്നു സിനിമയുടെ ക്ലൈമാക്സ്. നായകന്റെ വിജയത്തിനുവേണ്ടിയായിരുന്നു പ്രേക്ഷകന്റെ ആഗ്രഹവും പ്രാർത്ഥനയും. നായകൻ വിജയിക്കേണ്ടത് അവരുടെകൂടി ആവശ്യമായിരുന്നു. കാരണം, നായകൻ നന്മ മാത്രമാണ്.

പക്ഷേ, കാലം മുന്നോട്ടുപോകവേ നായകൻ - നന്മ, വില്ലൻ - തിന്മ എന്ന തരത്തിലുള്ള അതിരുകൾ മാഞ്ഞുതുടങ്ങി. നായകനും വില്ലനും സമാനമായ പ്രവൃത്തികളിലേർപ്പെട്ടിട്ടും പ്രേക്ഷകർ നായകവേഷം അവതരിപ്പിച്ച താരത്തിനു കൈയടിച്ചുകൊണ്ട് ആ കഥാപാത്രത്തിന്റെ വീരസ്യങ്ങൾക്കു തലപ്പാവു ചാർത്തി. നായകന്റെ ചെയ്തികളുടെ പേരിൽ അയാൾ മാത്രം വാഴ്ത്തപ്പെട്ടു. പഞ്ചപാവവും സൽഗുണസമ്പന്നനുമായി മാറാതെ വില്ലനടുത്ത വീരസ്യങ്ങളും തന്റേടവും കാണിക്കുന്നതാണ് നായകന്റെ ഒരിത് എന്ന മട്ടിൽ നായകസങ്കല്പം പുതുക്കിയെഴുതിത്തുടങ്ങി.

ദേവനും അസുരനും ചേർന്നതാണ് മനുഷ്യൻ എന്ന മട്ടിൽ ദേവാസുരം സിനിമയിലെ മംഗലശ്ശേരി നീലകണ്ഠൻ എന്ന കഥാപാത്രത്തിലൂടെ ഈ സങ്കല്പം രൂഢിയായിത്തീർന്നു. അതിനെത്തുടർന്ന് ഇറങ്ങിയ ഒട്ടുമിക്ക നായകകഥാപാത്രങ്ങളും ഇതേ ആശയം ആവർത്തിക്കുകയായിരുന്നു. ഏറ്റവും ഒടുവിൽ റോക്കിഭായിയും മൈക്കിളപ്പയുംവരെ ആ കഥാപാത്രനിര നീളുന്നു.

എന്നാൽ, ദേവാസുരത്തിനുമുമ്പുതന്നെ ഇത്തരത്തിലുള്ള നായകപരിവർത്തനത്തിലേക്ക് മലയാളസിനിമ മാറിയിരുന്നു. രാജാവിന്റെ മകൻ, ഇരുപതാം നൂറ്റാണ്ട്, ന്യൂഡൽഹി തുടങ്ങിയ സിനിമകളിലെ നായകന്മാർ ഒരേ സമയം പ്രതിനായകന്മാർകൂടിയായിരുന്നു. ആദ്യത്തെ രണ്ടു സിനിമകളിലും നായകന്മാർ കള്ളക്കടത്തുകാരാണ്. മൂന്നാമത്തെ സിനിമയിലാവട്ടെ മാധ്യമപ്രവർത്തകനാണ്. പക്ഷേ, ഒരു പ്രതികാരത്തിന്റെ പേരിൽ അയാൾ തന്റെ എതിരാളികളെ മുഴുവൻ കൊന്നൊടുക്കുകയാണ്. കൊലയുടെ ലഹരി കീഴടക്കിക്കഴിയുമ്പോൾ തന്റെ സഹോദരിയുടെ കാമുകനെപ്പോലും കൊല്ലാൻ അയാൾ മടിക്കുന്നില്ല.

നാർക്കോട്ടിക് ഈസ് ഡേർട്ടി ബിസിനസ് എന്നു പറയുമ്പോഴും സാഗർ ഏലിയാസ് ജാക്കി(ഇരുപതാം നൂറ്റാണ്ട്) അത്ര കറകളഞ്ഞ ആളൊന്നുമല്ല. ഒരേ പാർട്ട്ണർഷിപ്പിൽ തുടങ്ങിയ ബിസിനസ് എവിടെയോവച്ചു കളം മാറിത്തുടങ്ങിയപ്പോഴാണ് ഇരുവരും ശത്രുക്കളായി മാറുന്നത്. അതായത്, നായകന്റെ ഹിതത്തിനു വിരുദ്ധമായി ചെയ്യുമ്പോൾ അതുവരെയുണ്ടായിരുന്ന സൗഹൃദം ശത്രുതയാകുകയും ഇരുവരും ബദ്ധവൈരികളായിമാറുകയും ചെയ്യുന്നു.



മംഗലശേരി നീലകണ്ഠനും മുണ്ടയ്ക്കൻ ശേഖരനും തമ്മിൽ പ്രത്യക്ഷത്തിൽ പ്രകടമായ വ്യത്യാസങ്ങളുണ്ടോ? രണ്ടുപേരും സ്ത്രീലമ്പടന്മാർ. അടിയും തിരിച്ചടിയുമായി മുന്നോട്ടുപോകുന്നവർ. നീലകണ്ഠനെക്കുറിച്ചു പറയുകയാണെങ്കിൽ അത് ഇനിയും കൂടും. ജാരസന്തതി, അമ്മയെ കണ്ണീരുകുടിപ്പിച്ചവൻ. കുടുംബസ്വത്ത് വിറ്റുതുലയ്ക്കുന്നവൻ, എന്തിന്, ഭാനുമതി എന്ന നൃത്തപ്രതിഭയുടെ കരിയർതന്നെ ഇല്ലാതാക്കിയവൻ. എന്നിട്ടും അയാളുടെ ചെയ്തികളെ പ്രേക്ഷകർ ന്യായീകരിക്കുന്നു. അയാൾക്കൊപ്പമാണ് അവർ. കാരണം, അയാൾ നായകനാണ്. നായകനെ എതിർക്കുന്നതുകൊണ്ടുമാത്രമാണ് ശേഖരൻ വില്ലനാകുന്നത്. ശേഖരനും നീലകണ്ഠനും ഒരൊറ്റ നാണയംതന്നെയാണ്. കറങ്ങിവീഴുമ്പോൾ തെളിഞ്ഞുകിട്ടുന്നത് രണ്ടാൾക്കും ബാധകമാണ്.

ഇതുപോലൊരു വീക്ഷണത്തിൽ സ്ഫടികത്തിലെ ആടുതോമായെയും കാണാം. അയാൾ സഹപാഠിയുടെ കൈത്തലത്തിൽ കോമ്പസുകൊണ്ടു കുത്തിപരിക്കേല്പിച്ചു നാടുവിട്ടവനാണ്. അപ്പന്റെ കൈവെട്ടുന്നതിന് തുല്യമായി അയാളുടെ ഷർട്ടിന്റെ കൈവെട്ടിക്കളയുന്നവനാണ്. മദ്യപനാണ്, ചട്ടമ്പിയാണ്, സ്വഭാവശുദ്ധിയില്ലാത്ത ഒരു സ്ത്രീയുടെകൂടെ താമസിക്കുന്നവനാണ്. കളിക്കൂട്ടുകാരി തുളസിയെ നിർബന്ധിച്ചു കള്ളു കുടിപ്പിക്കുന്നവനാണ്. പക്ഷേ, അയാളാണു ഹീറോ. അയാളെയാണ് ചാക്കോ മാഷ് ഒഴികെയുള്ള എല്ലാവരും ന്യായീകരിക്കുന്നത്, പള്ളീലച്ചൻവരെ.

ഭൂതകാലം ഉപയോഗിച്ചാണ് തോമായെ വെളുപ്പിച്ചെടുക്കുന്നത്. അയാളെ അങ്ങനെ ആക്കിത്തീർത്തത് ചാക്കോമാഷാണെന്ന മട്ടിൽ. അതെന്തായാലും തോമായാണ് നായകൻ. അയാൾക്കൊപ്പമാണ് മറ്റെല്ലാ സിനിമകളിലുമെന്നപോലെ പ്രേക്ഷകരും. ഭീഷ്മപർവത്തിലെ മൈക്കിളപ്പനെ നോക്കൂ. സഹോദരന്റെ മക്കളായ പോളും അനിയനും അലമ്പന്മാരാണ് എന്നതു സത്യം. പക്ഷേ, കൊണ്ടും കൊടുപ്പിച്ചും അവരുടെ തന്നെ വഴിയേയാണ് മൈക്കിളപ്പനും സഞ്ചരിക്കുന്നത്. കുടുംബത്തിനുവേണ്ടി ജയിലിൽപോയ ആളാണെന്നും സ്വന്തം കുടുംബം വേണ്ടെന്നു വച്ചവനാണെന്നും സഹോദരങ്ങളെ കണക്കില്ലാതെ സ്നേഹിക്കുന്നവനാണെന്നും മറ്റുമുള്ള സ്തുതിപാടലുകളാണ് അയാളെയും നായകനാക്കുന്നതും ന്യായീകരിക്കുന്നതും.

മാത്രവുമല്ല, മലയാളത്തിലെ സൂപ്പർതാരങ്ങളാണ് ഈ കഥാപാത്രങ്ങളെയെല്ലാം അവതരിപ്പിച്ചിരിക്കുന്നത്. മലയാളസിനിമയുടെ തുടക്കത്തിലും മധ്യകാലത്തിലും ഉണ്ടായിരുന്ന നായകൻ - വില്ലൻ എന്ന വേർതിരിവ് ഇല്ലാതായെന്നും നായകനും വില്ലനും സമാനമായ രീതിയിൽ പ്രവർത്തിച്ചിട്ടും ഒന്നോ രണ്ടോ കാരണങ്ങളുടെ പേരിൽ നായകൻ പ്രതിനായകനാകുകയും അയാളുടെ പ്രതിനായകത്വം വാഴ്ത്തപ്പെടുകയും ചെയ്യുന്നുവെന്നാണ് പറഞ്ഞത്. ഉദാഹരിക്കാൻ ഇനിയും വേറേ എത്രയോ സിനിമകൾ ബാക്കിയുണ്ട്. വില്ലനിസം കലർന്ന നായകൻ വരുമ്പോൾ പണ്ടുമുതല്ക്കേ നാം പുലർത്തിപ്പോന്നിരുന്ന നായകസങ്കല്പങ്ങൾക്കു മങ്ങലേല്ക്കുന്നു. ഒരർത്ഥത്തിൽ അത് തിന്മയ്ക്കു ഘോഷാരവം മുഴക്കുകയാണ്. ശരിയാണ്, മനുഷ്യരാരും പൂർണമായും നന്മനിറഞ്ഞവരല്ല. ഒരുപക്ഷേ, കൊലപാതകമോ മോഷണമോ കള്ളക്കടത്തോ നടത്തിയില്ലെങ്കിലും വ്യക്തിപരമായ പലതരം ബലഹീനതകളുടെ ഭാഗമാണ് മനുഷ്യരെല്ലാവരും. രജോതമോഗുണങ്ങൾ ഏറിയും കുറഞ്ഞും ഓരോരുത്തരിലുമുണ്ട്. എങ്കിലും സിനിമയിൽ നായകന്റെ വില്ലത്തരങ്ങൾ കാണികളെ തെറ്റായ മൂല്യസങ്കല്പങ്ങളിലേക്കാണു കൊണ്ടുചെന്നെത്തിക്കുന്നത്.

വില്ലനെയല്ല കൂടുതലും ആളുകൾ അനുകരിക്കുന്നത്. നായകനെയാണ്. വില്ലൻ തിന്മയായതുകൊണ്ട് അയാൾ എതിർക്കപ്പെടേണ്ടതാണെന്ന് പ്രേക്ഷകർക്കറിയാം. പക്ഷേ, നായകന്റെ തിന്മ അയാളെ ന്യായീകരിക്കാനുള്ള മാർഗമായി മാറുന്നു. നായകൻ എന്തു ചെയ്താലും അത് ശരിയാകുകയും ആളുകളെ സ്വാധീനിക്കുകയും ചെയ്യുന്നു എന്നതിന് ഏറ്റവും പുതിയ ഉദാഹരണമായിരുന്നു അടുത്തയിടെ റിപ്പോർട്ട് ചെയ്ത ഒരു വാർത്ത. മദ്യപിച്ച് വീട്ടിലെത്തി റോക്കിഭായി (കെജിഎഫ് സിനിമയിലെ നായകൻ) ആയി മാറി ഭാര്യയെ മർദിക്കുന്ന ഭർത്താവിനെക്കുറിച്ചായിരുന്നു ആ വാർത്ത.

ഇങ്ങനെ എവിടെയൊക്കെ ഏതൊക്കെ വേഷത്തിലും രൂപത്തിലുമാണ് പ്രതിനായകവേഷങ്ങൾ ആളുകളെ വഴിതെറ്റിക്കുന്നത് എന്നു ചോദിച്ചാൽ അതിന് കണക്കുണ്ടാവില്ല. സിനിമയും ജീവിതവും തമ്മിൽ അടുപ്പമുണ്ട്. എന്നാൽ, ആ അടുപ്പത്തിലും ഇത്തിരി അകലം കാത്തുസൂക്ഷിച്ചില്ലെങ്കിൽ ഒരുപക്ഷേ, നാം ചില തെറ്റായ ചിന്തകളിലും ധാരണകളിലും എത്തിപ്പെട്ടേക്കാം.

■

# അക്ഷരപരിഷ്കരണത്തിന്റെ നാൾവഴികൾ



ഡോ. തോമസ് മൂലയിൽ

**ഇ**രുപത്താറുനൂറ്റാണ്ടിലധികം പഴക്കമുള്ളതായി കണക്കാക്കപ്പെടുന്ന ബ്രാഹ്മിലിപിയിൽനിന്നുദ്ഭവിച്ച വട്ടെഴുത്ത്, കോലെഴുത്ത് മുതലായവയിൽനിന്നാണു മലയാളലിപികൾ ഉണ്ടായിട്ടുള്ളത്. മലയാളലിപികൾക്കു തനതുരൂപം ഉണ്ടാകുന്നത് 12-ാം നൂറ്റാണ്ടോടെയാണ്; ലിപിവ്യവസ്ഥയ്ക്ക് ആധുനികരൂപം കൈവന്നതു 16-ാം നൂറ്റാണ്ടോടുകൂടിയും.

ലോകത്തിലാകമാനം 6500 ലധികം അംഗീകൃതഭാഷകളുണ്ട്. എന്നാൽ, അക്ഷരസമ്പത്തുകൊണ്ടു മലയാളത്തോളം സമ്പന്നമായ പത്തു ഭാഷകൾപോലുമില്ല. ആയിരത്തിലധികം ലിപികളാണു മലയാളത്തിനുള്ളത്. ലിപികളുടെ വൈപുല്യത്തിന്റെ ആധിക്യം കുറയ്ക്കാൻ നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. അതിനുള്ള ശ്രമം ആദ്യമായി നടന്നതു ബെഞ്ചമിൻ ബെയ്‌ലി (1791-1871) എന്ന വിദേശമിഷനറി വൈദികന്റെ നേതൃത്വത്തിലാണ്. 1890 കളിൽ കണ്ടത്തിൽ വർഗീസുമാപ്പിളയുടെ നേതൃത്വത്തിലും 1968 ൽ കേരളസർക്കാർ നിയമിച്ച വിദഗ്ധസമിതിയുടെ നേതൃത്വത്തിലും ശ്രമം നടന്നിട്ടുണ്ട്. എൻ.വി. കൃഷ്ണവാരിയർ, ശൂരനാട്ടു കുഞ്ഞൻപിള്ള എന്നിവരുടെ നേതൃത്വത്തിൽ ലിപി പരിഷ്കരണത്തിലൂടെ ലിപികളുടെ എണ്ണം 90 ആയി പരിമിതപ്പെടുത്തി.

'ആറു മലയാളിക്കു നൂറുമലയാളം, അരമലയാളിക്കും ഒരു മലയാളം, ഒരു മലയാളിക്കും മലയാളമില്ല' എന്നു കുഞ്ഞുണ്ണിമാഷ് ഹാസ്യരൂപേണയാണെങ്കിലും ദുഃഖത്തോടെയാണ് അതു പറഞ്ഞത്. ഈ അവ്യവസ്ഥയ്ക്കു മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെ 1997 ൽ 'മലയാളത്തനിമ' എന്ന ഭാഷാനവീകരണപ്രസ്ഥാനം രൂപമെടുത്തു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ് അത് ഉദ്ഘാടനം ചെയ്തത്.

മലയാളം എഴുത്തിന്റെയും അച്ചടിയുടെയും മാനകീകരണ (Standardization) ത്തിനായി 1998 ഓഗസ്റ്റ് 17 മുതൽ 27 വരെ ഒരു ശില്പശാല നടത്തി. മൈസൂറിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ കേരള സാഹിത്യ അക്കാദമി, എസ്.സി.ഇ.ആർ.ടി., ഐ.എസ്.ഡി.എൽ., സർവവിജ്ഞാനകോശം, പ്രസ് അക്കാദമി, സംസ്ഥാന ഭരണവകുപ്പ്, ഭാഷാശാസ്ത്രവിഭാഗം (കേരള സർവകലാശാല) എന്നിവയിലെ വിദഗ്ധരുടെ സഹകരണത്തോടുകൂടിയായിരുന്നു ഈ ശില്പശാല.

ശില്പശാലയ്ക്കു നേതൃത്വം നല്കിയത് ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ (ചെയർമാൻ), ഡോ. പി. സോമശേഖരൻ നായർ, ഡോ. ജി.കെ. പണിക്കർ, ഡോ. ഇ.വി.എസ്. നമ്പൂതിരി, പ്രൊഫ. എസ് സുധാകരൻ എന്നിവർ ഉൾപ്പെട്ട വിദഗ്ധസമിതിയാണ്. അമ്പത്തൊന്നംഗ ജനറൽ കൗൺസിലും ഏഴുപേരുള്ള ഉപദേശകസമിതിയും പതിനഞ്ചംഗ നിർവാഹസമിതിയും ചേർന്നതായിരുന്നു ഔദ്യോഗിക സംവിധാനം.

ശില്പശാലയിൽനിന്നുരുത്തിരിഞ്ഞ 'മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം' എന്ന ലഘുലേഖയുടെ ആയിരക്കണക്കിനു കോപ്പികൾ അച്ചടിച്ച് ഭാഷാസ്നേഹികളുടെയും പണ്ഡിതലോകത്തിന്റെയും ചർച്ചയ്ക്കും സുചിന്തിതാഭിപ്രായത്തിനുമായി വ്യാപകമായ തോതിൽ വിതരണം ചെയ്തു. വിദഗ്ധസമിതി ഇടയ്ക്കിടെ സമ്മേളിച്ച്, ലഭിച്ച പ്രതികരണങ്ങളിൽ കൊള്ളേണ്ടതു കൊള്ളുകയും തള്ളേണ്ടതു തള്ളുകയും ചെയ്തുകൊണ്ടിരുന്നു. ഒക്ടോബർ 21 നു ചേർന്ന ഉപദേശകസമിതിയുടെയും നിർവാഹകസമിതിയുടെയും സംയുക്തസമ്മേളനം ഉയർന്നുവന്ന നിർദേശങ്ങൾ സസൂക്ഷ്മം പരിശോധിച്ച് അംഗീകാരം നല്കി.

അങ്ങനെ, ഒരു വർഷക്കാലം നീണ്ടുനിന്ന പഠനത്തിന്റെയും ചർച്ചയുടെയും സംവാദത്തിന്റെയും വെളിച്ചത്തിൽ ക്രോഡീകരിച്ചെടുത്ത 'മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം' 1999 നവംബർ ഒന്നാം തീയതി കേരളപ്പിറവിദിനത്തിൽ പ്രകാശനം ചെയ്തു. വിവിധ തുറകളിൽനിന്നുള്ള അമ്പതോളം പണ്ഡിതന്മാർ ചേർന്നു പഠിച്ചു തയ്യാറാക്കിയ ഈ കൈപ്പുസ്തകം തികച്ചും ആധികാരികമായ ഒരു ഗ്രന്ഥമാണ്. ഒരു പക്ഷേ, ഭാഷയുടെ ചരിത്രത്തിൽ ഇത്രയും വിപുലവും ആഴമേറിയതുമായ ഒരു ഗവേഷണപഠനം വേറേ ഉള്ളതായി അറിവില്ല. ഈ കൈപ്പുസ്തകത്തിൽ ആമുഖക്കുറിപ്പിൽ വളരെ ശ്രദ്ധേയമായ ഒരു നിർദേശമുണ്ട്: അധ്യാപകർക്കുവേണ്ടി കേരളത്തിലുടനീളം ലിപിമാനകീകരണക്ലാസുകൾ നടത്തണമെന്നും ഔദ്യോഗികാംഗീകാരമുള്ള സ്റ്റൈൽ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ അക്ഷരബോധനം, ഉച്ചാരണപരിശീലനം, പദാവലീവികസനം, ഭാഷാജ്ഞാനനിർണയം മുതലായ രംഗങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ക്രിയാത്മകനടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം എന്നുമാണു നിർദേശം. പക്ഷേ, ഒന്നും നടന്നില്ല എന്നതാണു ചരിത്രസത്യം. 2012 ലെ രണ്ടാം പതിപ്പിലെ ആമുഖക്കുറിപ്പിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർതന്നെ പറയുന്നു: "കഴിഞ്ഞ കുറെ വർഷങ്ങളായി ഭാഷാനവീകരണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞില്ല."

ഭാഷാചരിത്രം പരിശോധിക്കുന്നവർക്ക് ഈ അപചയത്തിന്റെ കാരണം പകൽപോലെ വ്യക്തമാണ്. ഡി.പി.ഇ.പി. എന്ന പാഠ്യപദ്ധതി നടപ്പാക്കുന്നത് ഈ കാലഘട്ടത്തിലാണ്. അക്ഷരപഠനമേ പാടില്ല എന്നായിരുന്നു പദ്ധതിയുടെ മുദ്രാവാക്യം. അക്ഷരമാല പാഠപുസ്തകത്തിൽനിന്നു വെട്ടിമാറ്റി; അക്ഷരപഠനം നിരോധിച്ചു; അക്ഷരപഠനം ശിക്ഷാർഹം എന്ന സ്ഥിതിവരെ എത്തി കാര്യങ്ങൾ! 1990 ന്റെ മധ്യം മുതലുള്ള കാൽനൂറ്റാണ്ടുകാലം അക്ഷരപഠനവും അക്ഷരമാലയുമില്ലാതെ നീങ്ങി...!

നീക്കം ചെയ്യപ്പെട്ട അക്ഷരമാല പാഠപുസ്തകത്തിൽ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതാണ്ട് നാലു വർഷക്കാലം നീണ്ടുനിന്ന അക്ഷരസമരത്തിന്റെ പാർശ്വഫലം എന്നു പറയാം, 07.12.2021 ൽ ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി അധ്യക്ഷനായുള്ള പതിമൂന്നംഗ ഭാഷാ മാർഗനിർദേശകവിദഗ്ധസമിതി രൂപംകൊണ്ടു.

ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. പി. സോമൻ, പ്രൊഫ. വി. മധുസൂദനൻ നായർ, ഡോ. അനിൽ വള്ളത്തോൾ, ചാക്കോ സി. പൊരിയത്ത്, ഡോ. എൻ.പി. ഉണ്ണി, ഡോ. എച്ച്. പൂർണിമ, എൻ. ജയകൃഷ്ണൻ, ഡോ. ആർ. ശിവകുമാർ എന്നിവരാണ് സമിതിയംഗങ്ങൾ. ഈ സമിതിയുടെ രൂപീകരണത്തിനും വിദഗ്ധമായ നടത്തിപ്പിനും ചുക്കാൻ പിടിച്ച ഡോ. വി.പി. ജോയിയുടെ ദീർഘവീക്ഷണവും ചടുലമായ നീക്കങ്ങളും ധീരമായ നിലപാടുകളും ഭരണനിർവഹണചാതുരിയും അത്യന്തം അഭിനന്ദനാർഹമാണ്. ഭരണസിരാകേന്ദ്രങ്ങളിലെ മെല്ലെപ്പോക്കിനും കെടുകാര്യസ്ഥതയ്ക്കുമൊക്കെ അപവാദമായി നിലകൊള്ളുന്ന വ്യക്തിയാണ് നലം തികഞ്ഞ സാഹിത്യകാരനുംകൂടിയായ അദ്ദേഹം.

ഭാഷാപരിഷ്കരണം എന്ന അതിസങ്കീർണമായ ജോലിയാണു സമിതി നിർവഹിച്ചത്. സാധാരണഗതിയിൽ, ഇത്തരത്തിലുള്ള പഠനറിപ്പോർട്ടു വരുമ്പോൾ ഉണ്ടാകാവുന്ന എതിർപ്പുകളൊന്നുംതന്നെ ഈ സമിതിയുടെ റിപ്പോർട്ടിനെപ്പറ്റി വന്നിട്ടില്ല. ഒട്ടേറെ പ്രതികരണങ്ങൾ വരികയും ചെയ്തിട്ടുണ്ട്. പൊതുവേ, നല്ല പ്രതികരണമാണു വന്നിട്ടുള്ളത്. നിലവിലുള്ള അവ്യവസ്ഥിതിക്കെല്ലാംതന്നെ പരിഹാരം നിർദേശിക്കാൻ സമിതിക്കു കഴിഞ്ഞിട്ടുണ്ട്. അതിവിപുലമായ ഒരു പദാവവലി സംഭാവന ചെയ്യാൻ സമിതിക്കു കഴിഞ്ഞിട്ടുണ്ട്. ഏറ്റവും സുപ്രധാനവും നിർണായകവുമായ തീരുമാനം, പാഠാവലിയിൽനിന്ന് അപ്രത്യക്ഷമായ അക്ഷരമാല പുനഃസ്ഥാപിക്കണം എന്നതാണ്. അക്ഷരമാല നീക്കം ചെയ്യാൻ നീക്കങ്ങൾ നടത്തിയ ചിലരൊക്കെ പരോക്ഷമായി ചില പരാമർശങ്ങളൊക്കെ നടത്തിയിട്ടുണ്ടെങ്കിലും പ്രത്യക്ഷമായി രംഗത്തുവരാൻ അവർ മുതിർന്നിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

എങ്കിലും, സമിതിയുടെ ഒരു നിർദേശത്തോടുള്ള വിയോജിപ്പ് രേഖപ്പെടുത്തട്ടെ. സ്വരാക്ഷരങ്ങളുടെ കൂട്ടത്തിൽ അനുസ്വാര(അം)വും വിസർഗവും (അഃ) ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളതാണ്. ഈ നിർദേശം തെറ്റിദ്ധാരണാജനകമാണ്. നാളിതുവരെ ഉണ്ടായിട്ടില്ലാത്ത ഒരു നിർദേശമാകുമ്പോൾ അതിന്റെ കാരണം വിശദീകരിക്കേണ്ടതായിരുന്നു. അനുസ്വാരവും വിസർഗവും (അം, അഃ) ഒരു കാരണവശാലും സ്വരങ്ങളായി കണക്കാക്കാനാവില്ല. അനുസ്വാരം (അം) വ്യഞ്ജനമായ 'മ'കാരത്തിന്റെ തേഞ്ഞുമാഞ്ഞ രൂപമാണ്. 'മ'കാരം താനനുസ്വാരം എന്നു പാണിനി പറഞ്ഞുവച്ചിട്ടുള്ളതാണ്. അതുപോലെ, വിസർഗം (അഃ). അത് 'ഹ'കാരത്തിന്റെ ലോപരൂപമാണ്. ഇവ രണ്ടിനെയും ഒരു കാരണവശാലും സ്വരാക്ഷരങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ പാടില്ല. ഭാഷാശാസ്ത്രജ്ഞന്മാർ യുക്തിയുക്തം അവ സ്വരങ്ങളല്ല എന്നു സമർത്ഥിച്ചിട്ടുള്ളതാണ്. ഇന്നു ജീവിച്ചിരിക്കുന്ന ഭാഷാശാസ്ത്രജ്ഞന്മാരിൽ ഏറ്റവും അഗ്രഗണ്യനായ ഡോ. വി.ആർ. പ്രബോധചന്ദ്രൻനായരുടെ ഒരുദ്ധരണിയോടുകൂടി ഈ ലേഖനം സമാപിപ്പിക്കുന്നു: "അനുസ്വാരം വിസർഗം എന്നിവയെ സ്വനവിജ്ഞാനമോ വ്യാകരണമോ സ്വനങ്ങളായി അംഗീകരിക്കുന്നില്ല. അക്ഷരം = വ്യഞ്ജനം ചേർന്നതോ ചേരാത്തതോ ആയ സ്വരം എന്ന സർവാദരണീയ നിർവചനദൃഷ്ട്യാ അക്ഷരമല്ലാത്ത അം, അഃ എന്നിവയെ സ്വനങ്ങളായി അംഗീകരിക്കാനാവില്ല. അതുകൊണ്ട്, അവയുടെ സ്ഥാനം ചില്ലുകളുടേതുപോലെയായിരിക്കണം."

■



## സഹനസൂനം

കവിത
ലിന്റാമോൾ ആന്റണി



ത്യാഗാശ്ലേഷം തപസ്യയാക്കിയ വെണ്മപ്പൂമൊട്ടേ,
ആതുരരുടെമേലലിഞ്ഞിറങ്ങിയൊരാലിപ്പഴമല്ലേ.
അൽഫോൻസാമ്മേ, നിൻ ജീവിതമൊരു നിശ്ശബ്ദബലിയല്ലേ,
ഞെരടിപ്പിഴിഞ്ഞ മുന്തിരി,യതിൽ നീയാനന്ദിച്ചില്ലേ.
നിൻ കാലടികൾ വെന്തൊരു തീക്കനൽ മായാതെ മനസ്സിൽ
ദിവ്യമണാളനുവേണ്ടി ജ്വലിച്ചാദ്യന്തം ബലിയായി.
അവർണനീയം ശരശയ്യയിൽ നീ നേടിയ സായുജ്യം
അനുപമമല്ലോ അവനിയിൽ നിന്നുടെ സുകൃതവുമെളിമയുമേ.
ഇഹത്തിലഹമതു വെടിഞ്ഞ ഭവതീ നിന്നുടെ മുഖകാന്തി
വരയ്ക്കുവാനാവതില്ലയിനിയും വർണങ്ങൾ പോരാ.
മുറിഞ്ഞൊരുള്ളിനെ മുള്ളാൽ കുത്തും മനുഷ്യജന്മത്തി-
ന്നിടയ്ക്കുനിന്നോ മണവും മധുരവുമുള്ളൊരു മലരായ് നീ
തേജസ്വിനീ നിന്നഴകു പരത്തിയ ത്യാഗപരാഗങ്ങൾ
പരിമളധൂപംപോലീ ധരയിൽ പടരുകയാണല്ലോ.
കുരിശുചുമന്നു കിരീടം നേടാൻ താൻതാൻ വഴികളിലും
തളർന്നിരിക്കാതുദിച്ചു നിൽക്കാൻ പ്രാർത്ഥിച്ചീടണമേ

# ശാസ്ത്രപഥത്തിലെ അനശ്വരമുദ്ര



ഡോ. റ്റീന മാത്യു

## ജനിതകശാസ്ത്രത്തിന്റെ പിതാവ് ഫാ. ജോൺ ഗ്രിഗർ മെൻഡലിന്റെ 200-ാം ജന്മദിനമായിരുന്നു ജൂലൈ 20 ന്

ക്രിസ്തുവിന്റെ പടയാളികൾ എക്കാലവും അവഗണനയും അപമാനവും ഏറ്റുവാങ്ങിയവരും പിന്നീട് കാലത്തിന്റെ തികവിൽ ലോകവും മാനവരാശിയും അംഗീകരിച്ച് ചരിത്രത്തോടു ചേർത്തുവയ്ക്കപ്പെട്ടവരുമായിരുന്നു. ഇതേ അനുഭവം നേരിട്ട കത്തോലിക്കാസഭയിലെ അഗസ്റ്റീനിയൻ വൈദികനായ ജോൺ ഗ്രിഗർ മെൻഡലിന്റെ ജനിതകശാസ്ത്രത്തിലെ ഗവേഷണങ്ങളുടെ മഹത്ത്വം ശാസ്ത്രലോകം തിരിച്ചറിയുന്നത് അദ്ദേഹം മരണമടഞ്ഞ് 35 വർഷങ്ങൾക്കു ശേഷമാണ്. ആധുനികശാസ്ത്രത്തിന്റെ പിതാവും സ്ഥാപകനുമായി അറിയപ്പെടുന്ന മെൻഡലിനെ ജീവിച്ചിരുന്ന കാലത്ത് ഒരു ശാസ്ത്രജ്ഞനായിപ്പോലും ആരും പരിഗണിച്ചിരുന്നില്ല എന്നതും വേദനാജനകമായ വസ്തുതയാണ്. ഇക്കഴിഞ്ഞ ജൂലൈ 20 ന് അദ്ദേഹത്തിന്റെ 200-ാം ജന്മദിനം നൂതനശാസ്ത്രമേഖലകൾ ആഘോഷിക്കുകയുണ്ടായി.

പത്തൊൻപതാം നൂറ്റാണ്ടിൽ ദൈവശാസ്ത്രശാഖയിൽനിന്നു ജീവശാസ്ത്രത്തിലേക്കു കുടിയേറിയ രണ്ടു മഹാവ്യക്തികളാണ് ആധുനികജനിതകശാസ്ത്രത്തിന് അടിത്തറ പാകിയത്. ഇതിൽ ആദ്യത്തെയാൾ വൈദികനാകാൻ പോയി പരാജയപ്പെട്ടശേഷം പ്രപഞ്ചചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായ പരിണാമസിദ്ധാന്തം അവതരിപ്പിച്ച ചാൾസ് ഡാർവിനാണ്. വൈദികനായ രണ്ടാമത്തെയാൾ, ഗ്രിഗർ മെൻഡൽ പക്ഷേ, പ്രാഗല്ഭ്യം തെളിയിച്ചത് ജീവജാലങ്ങൾ തലമുറകളിലേക്കു പാരമ്പര്യവിവരങ്ങൾ എങ്ങനെ കൈമാറുന്നുവെന്ന ശക്തമായ അറിവു പകർന്നുനല്കി ജനിതകശാസ്ത്രത്തിനു തുടക്കംകുറിച്ചുകൊണ്ടായിരുന്നു. ഇവരുടെ പരിണാമശാസ്ത്രവും ജനിതകശാസ്ത്രവും സമ്മേളിച്ചപ്പോഴാണ് അത്രയുംനാൾ ആശയക്കുഴപ്പത്തിൽപ്പെട്ട് ലക്ഷ്യമില്ലാതെ അലഞ്ഞിരുന്ന ജീവശാസ്ത്രം അതിന്റെ ആധുനികമാനം കൈവരിച്ച് ചിറകടിച്ചു പറന്നുയരാൻ ആരംഭിച്ചത്.

ജർമൻ സംസാരിക്കുന്ന ഓസ്ട്രിയയിലെ സിലേഷ്യയിൽ പരിമിതമായ സാമ്പത്തികശേഷിയുള്ള കുടുംബത്തിൽ ഗാർഡനറായ ആന്റണിയുടെയും റോസിന്റെയും മകനായി ജൂലൈ 20 നു ജോഹാൻ മെൻഡൽ ജനിച്ചു. പതിനൊന്നാം വയസ്സുവരെ തികച്ചും ഗ്രാമീണമായ പശ്ചാത്തലത്തിൽ ചെലവഴിച്ച അദ്ദേഹത്തിന്റെ പഠനാഭിരുചിയിൽ ആകൃഷ്ടനായ ഒരു പ്രാദേശിക സ്കൂൾമാസ്റ്റർ മെൻഡലിനെ തുടർവിദ്യാഭ്യാസത്തിനായി ട്രോപ്പോവിലേക്ക് അയച്ചു. 20-ാം വയസ്സിൽ തത്ത്വചിന്തയിൽ ബഹുമതികളോടെ ബിരുദം നേടിയ അദ്ദേഹം ഭൗതികശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും പ്രകൃതിശാസ്ത്രത്തിലും മതിപ്പുളവാക്കുന്ന മികവു പുലർത്തിയിരുന്നു. ഇതിനിടയിൽ ഒന്നിലധികം തവണ തന്റെ പഠനം താൽക്കാലികമായി ഉപേക്ഷിക്കാൻപോലും കാരണമായ ആഴത്തിലുള്ള വിഷാദരോഗം ബാധിച്ചിട്ടും മെൻഡൽ പരാജയപ്പെട്ടില്ല. ഏകമകനെന്ന നിലയിൽ ഫാമിലി ഫാം ഏറ്റെടുക്കുമെന്നു പ്രതീക്ഷിച്ചിരുന്ന പിതാവിന്റെ ആഗ്രഹത്തിനു വിരുദ്ധമായി 1943 ൽ ബെർണോയിലെ അഗസ്റ്റീനിയൻ സന്ന്യാസസമൂഹത്തിലെ സിറിൽ നാപ്പ് മഠാധിപതിയായിരുന്ന സെന്റ് തോമസ് ആശ്രമത്തിൽ വൈദികപഠനത്തിനായി ചേരുകയും 1847 ഓഗസ്റ്റ് ആറിന് ഗ്രിഗർ ജൊഹാൻ മെൻഡൽ എന്ന പേരിൽ വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു.

സന്ന്യാസജീവിതം തിരഞ്ഞെടുത്തിട്ടും ആത്മീയകാര്യങ്ങളിൽ ഉത്സാഹം കാട്ടാതിരുന്ന ഗ്രിഗർ അറിവു സമ്പാദിക്കുന്നതിലും ഗാർഡനിങ്ങിലും പ്രാഗല്ഭ്യം തെളിയിച്ചപ്പോൾ ശാസ്ത്രപഠനം ദൈവികതയുടെ പാതയാണെന്നു തിരിച്ചറിവുണ്ടായിരുന്ന അഗസ്റ്റീനിയൻ സന്ന്യാസിമാർ മതവും ശാസ്ത്രവും തമ്മിൽ വൈരുധ്യമില്ലെന്നു കരുതി. 1848 ൽ ബെർണോയിലെ ഒരു ഇടവകയിൽ വികാരിയായി നിയമിക്കപ്പെട്ടെങ്കിലും ഇടവകക്കാർ സംസാരിക്കുന്ന ചെക്കുഭാഷപോലും അറിയാത്ത ആ യുവവൈദികൻ ആ പദവിയിൽ പരാജയപ്പെടുകയായിരുന്നു. പിന്നീടു നാപ്പിന്റെ ശിപാർശപ്രകാരം അധ്യാപനത്തിലേക്കു തിരിയാനുള്ള ഉദ്ദേശ്യത്തോടെ മെൻഡൽ വിയന്ന യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി ചേർന്നു. 1853 ൽ വിയന്നയിലെ ബൗദ്ധികജ്ഞാനസ്നാനത്തിനുശേഷം ബെർണോയിൽ തിരിച്ചെത്തി അധ്യാപനമാരംഭിച്ച ഗ്രിഗർ പാരമ്പര്യത്തിന്റെ ഘടകങ്ങൾ കണ്ടെത്താനുള്ള തന്റെ പ്രധാന പരീക്ഷണങ്ങൾ നാപ്പിന്റെ പിന്തുണയോടെ ആശ്രമത്തിൽ ആരംഭിച്ചു.

പയർച്ചെടികൾ ഉപയോഗിച്ച് എട്ടുവർഷത്തിലേറെ നീണ്ട അത്യന്തം ദുർഘടമായ പരീക്ഷണകാലഘട്ടത്തിലൂടെ അതീവക്ഷമയോടെ മെൻഡൽ സഞ്ചരിച്ചു. സന്ന്യാസിമഠത്തിന്റെ പിന്നിലെ കൃഷിയിടത്തിൽ 34 വകഭേദങ്ങൾ ഉപയോഗിച്ച് എതിർഗുണങ്ങളുള്ള ചെടികളെ



പരസ്പരം കൃത്രിമപരാഗണത്തിനു വിധേയമാക്കി പതിനായിരക്കണക്കിനു സങ്കരയിനങ്ങൾ സൃഷ്ടിച്ചായിരുന്നു പഠനം. 1865 ൽ ബെർണോയിലെ നാച്ചുറൽ സയൻസ് സൊസൈറ്റിയിൽ തന്റെ ഗവേഷണഫലങ്ങൾ അവതരിപ്പിച്ചെങ്കിലും അവയൊന്നും ആ സദസ്സിനെ തെല്ലും സ്പർശിച്ചില്ല. താൻ കണ്ടെത്തിയ പാരമ്പര്യത്തിന്റെ യൂണിറ്റുകളും ഡാർവിന്റെ പരിണാമവും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധത്തെപ്പറ്റി മെൻഡലിനു ധാരണയുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ കുറിപ്പുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും അതു പ്രഖ്യാപിക്കാൻ അദ്ദേഹം ഒരിക്കൽപ്പോലും ശ്രമിച്ചിരുന്നില്ല. 1866 ൽ മെൻഡലിന്റെ 44 പേജു വരുന്ന പ്രബന്ധം ഒരു പ്രാദേശികജേർണലിൽ പ്രസിദ്ധീകരിക്കുകയും തന്റെ പേപ്പറിന്റെ കോപ്പികൾ മെൻഡൽ നേരിട്ടു പ്രമുഖശാസ്ത്രജ്ഞർക്ക് അയയ്ക്കുകയും ചെയ്തു. ഒരുപക്ഷേ, ഡാർവിൻ അതു വായിച്ചിരുന്നെങ്കിൽ മെൻഡലിന്റെ ഗവേഷണം അപ്പോൾത്തന്നെ ലോകശ്രദ്ധ പിടിച്ചുപറ്റുമായിരുന്നു. നാപ്പ് മരിച്ചശേഷം സന്ന്യാസിമഠത്തിന്റെ ചുമതലയേറ്റ അദ്ദേഹം 1884 ജനുവരി 6 ന് നിശ്ശബ്ദനായി ഈ ലോകത്തോടു വിടവാങ്ങി.

1866 മുതൽ 1900 വരെ വിചിത്രമായ നിശ്ശബ്ദതയിൽ മുങ്ങിയ ഈ ശാസ്ത്രപ്രതിഭയുടെ ചരിത്രപരമായ സംഭാവനകൾ പിന്നീട് മൂന്നു യൂറോപ്യൻ ഗവേഷകർ തിരിച്ചറിയുകയായിരുന്നു. പരിണാമസിദ്ധാന്തത്തിന്റെ യഥാർത്ഥസത്ത മെൻഡലിന്റെ കണ്ടെത്തലിലാണു കുടികൊള്ളുന്നതെന്ന് ക്രമേണ ലോകം അംഗീകരിച്ചു. മെൻഡലിന്റെ സംഭാവനകൾ കുഴിച്ചുമൂടപ്പെട്ടത് ഒരുപക്ഷേ, അദ്ദേഹം ഔപചാരികമായി ശാസ്ത്രസ്ഥാപനങ്ങളുടെ ഭാഗമാകാതിരുന്നതുകൊണ്ടോ ഒരു സന്ന്യാസി ആയതുകൊണ്ടോ കാലത്തിനുമുന്നേ സഞ്ചരിച്ചതുകൊണ്ടോ ആയിരിക്കാം. തിരിഞ്ഞൊന്നു നോക്കിയാൽ, കണ്ണട വച്ച ഒരു കുറിയ മനുഷ്യൻ ബെർണോയിലെ സന്ന്യാസിമഠത്തിന്റെ തോട്ടത്തിൽ പയർച്ചെടികളെ സൂക്ഷ്മതയോടെ നിരീക്ഷിക്കുന്നത് നമുക്കു മനക്കണ്ണിൽ കാണാൻ കഴിയും. പില്ക്കാലത്ത് ആധുനികഭൗതികശാസ്ത്രത്തിന്റെ സ്ഥാപകനും പിതാവുമായി അംഗീകരിക്കപ്പെട്ട എളിമയുള്ള ക്രിസ്തുശിഷ്യൻ! ■

---

**ശ്രേഷ്ഠമലയാളം**

ഡോ. ഡേവിസ് സേവ്യർ

# അനുസ്വാരവും വിസർഗ്ഗവും സ്വരാക്ഷരങ്ങളോ?



മലയാളത്തിലെ അക്ഷരങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള തർക്കത്തിനു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മലയാളഭാഷ രൂപപ്പെട്ട കാലംമുതൽ തുടങ്ങിയ വിവാദം ഇന്നും അവസാനിച്ചിട്ടില്ല. വിദേശികൾ അന്യഭാഷ എന്ന നിലയിലും അവരെ മാതൃകയാക്കിയ സ്വദേശികൾ മാതൃഭാഷ എന്ന നിലയിലും മലയാളലിപിപഠനം നിർവഹിച്ചത് തർക്കവിതർക്കങ്ങൾക്ക് ഇടയാക്കി. ഭാഷയ്ക്കും സാഹിത്യത്തിനും സംഭവിച്ചുകൊണ്ടിരുന്ന വികാസപരിണാമങ്ങളും ചാഞ്ചാട്ടങ്ങൾക്കു കാരണമായിട്ടുണ്ടാകാം. ഫലത്തിൽ, അക്ഷരസംഖ്യാനിർണയനം സമസ്യയായി ഇപ്പോഴും തുടരുന്നു.

മൃതഭാഷയായ സംസ്കൃതത്തിന്റെ അക്ഷരമാലയിൽ നിലനിറുത്തിയിട്ടുള്ള അനുസ്വാര(ം)ത്തെയും വിസർഗ്ഗ(ഃ)ത്തെയും മലയാളത്തിന്റെ അക്ഷരമാലയിൽ തുടരണമെന്നു ചിലർ വാശിപിടിക്കുന്നു. അതിന് ഉപോത്ബലകമായി അവർ നിരത്തുന്ന ന്യായത്തെ വിചിത്രമെന്നു പറയണം! 'അമ്പത്തൊന്നക്ഷരാളീ...', ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നുപിഴയ്ക്കും ശിഷ്യന്' തുടങ്ങിയ കവിവാക്യങ്ങളെയാണു തെളിവായി നിരത്തുന്നത്. കവികളുടെ ആലങ്കാരികപ്രസ്താവങ്ങളെ വസ്തുനിഷ്ഠപഠനത്തിന് ആശ്രയിക്കരുതെന്ന് അവർ മനസ്സിലാക്കുന്നില്ല. സ്വരങ്ങളുടെ കൂട്ടത്തിൽ അനുസ്വാരത്തെയും വിസർഗ്ഗത്തെയും ഉൾപ്പെടുത്തിയതോടെ സ്വരസംഖ്യ പതിനഞ്ചായി (13+2). ഇവിടെ പരാമർശിച്ച + 2 അനുസ്വാരവും വിസർഗ്ഗവുമാണല്ലോ. അവ എന്താണെന്നറിയണമെങ്കിൽ അനുസ്വാരം, വിസർഗം എന്നീ ശബ്ദങ്ങളുടെ നിരുക്ത്യർത്ഥം മനസ്സിലാക്കണം.

"അനുഗതഃസ്വരാൻ ഇതി അനുസ്വാരഃ" സ്വരങ്ങളെ അനുഗമിക്കുന്നതുകൊണ്ട് അനുസ്വാരം. (അനുസ്വാരമെന്നാൽ) സ്വരത്തിനു ശേഷം വരുന്ന അനുനാസികധ്വനി എന്നർത്ഥം.* സംസ്കൃതത്തിലെ പദാന്തമകാരത്തിനുള്ള വികാരമാണുള്ളത്. സംസ്കൃതത്തിൽ 'ം' മലയാളത്തിൽ മ് = ം ആയി മാറി എന്നു ചുരുക്കം. 'മകാരം താനനുസ്വാരം സ്വരം ചേർന്നാൽ തെളിഞ്ഞിടു'മെന്ന കേരളപാണിനീയവിധി ഏറെ സുവിദിതമാണല്ലോ. പാണിനി മഹർഷി അനുസ്വാരരൂപത്തിൽ ഒരു പ്രത്യയംപോലും വിധിച്ചിട്ടില്ല എന്നതും സ്മരണീയമാണ്. ഭാഷാശാസ്ത്രപരികല്പനംവച്ചു പറഞ്ഞാൽ, മകാരത്തിന്റെ ഉപസ്വനമാണ് അനുസ്വാരം. അനുസ്വാരം എഴുതിക്കാണുന്ന എല്ലാ സാഹചര്യങ്ങളിലും ഉച്ചാരണം മകാരത്തിന്റേതാണ്.

വിസർഗത്തിന്, 'വിശേഷേണ സൃജതി ഇതി വിസർഗഃ' എന്നു നിരുക്തി. സൃജ് ധാതുവിന് പുറത്തുവിടുക അഥവാ സൃഷ്ടിക്കുക എന്നർത്ഥം.** പൂർണതയെക്കുറിക്കുന്ന വ്യാകരണചിഹ്നമാണ് സംസ്കൃതത്തിൽ വിസർഗം. ഇതിനെ നാദിയായ 'ഹ'കാരത്തിന്റെ അവസ്ഥാന്തരമെന്നു വിശേഷിപ്പിക്കാം. വിസർഗം ഉറപ്പിക്കുമ്പോൾ ഉച്ചാരണത്തിൽ അത് 'ഹ'കാരമായി മാറുന്നു. മലയാളപദങ്ങളിൽ വിസർഗ്ഗം സാധാരണമല്ല. "സംസ്കൃതപദങ്ങളിലേ വിസർഗ്ഗമുള്ളൂ. പിന്നിൽ വരുന്ന വ്യഞ്ജനത്തിന് ഇരട്ടിപ്പുകൊടുത്ത് (മനഃശാസ്ത്രം = മനശ്ശാസ്ത്രം) മിക്കവാറും ഇതൊഴിവാക്കാവുന്നതാണ്. പദമധ്യത്തിൽ വിസർഗ്ഗം വരുന്ന ദുഃഖം മാത്രം ഇതിനു വഴങ്ങുന്നില്ല. ദുക്ഖം എന്നെഴുതി ശീലിച്ചാൽ മലയാളത്തിൽനിന്നു വിസർഗ്ഗം പാടേ നീക്കം ചെയ്യാം."***

മേൽ വ്യക്തമാക്കിയ നിരീക്ഷണങ്ങളിൽനിന്ന്, അനുസ്വാരവും വിസർഗ്ഗവും സ്വരമോ അക്ഷരമോ അല്ല എന്നു വ്യക്തമാക്കുന്നു. ഇവയെ സ്വര-വ്യഞ്ജനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി കൈകാര്യം ചെയ്യാനാവില്ല. എന്നാൽ, ഇവയുടെ യഥാർത്ഥരൂപം അക്ഷരരൂപത്തിൽ വ്യഞ്ജനങ്ങളിൽ നിലീനമായിരിക്കുന്നു എന്നു പറഞ്ഞാൽ ഏറെക്കുറെ ശരിയാകും.

*രാജഗോപാൽ എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം - 14.

**രാജഗോപാൽ എൻ.കെ., സംസ്കൃതനിരുക്തകോശം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം - 14.

*** നാരായണമേനോൻ, പി., പ്രൊഫ., വ്യാകരണപാഠങ്ങൾ, കേരള സാഹിത്യ അക്കാദമി, 2018, പുറം - 46.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക; അപ്പോൾ അവ സുരക്ഷിതമായിരിക്കും.

സുഭാഷിതം 4:26

## എഡിറ്റോറിയൽ

# മാധ്യമവിചാരണകൾക്ക് കൂച്ചുവിലങ്ങിടണം

**അ**ധമമാധ്യമപ്രവർത്തനം തൊഴിലായി സ്വീകരിച്ച് സമൂഹത്തിൽ അന്തശ്ഛിദ്രവും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്നവരുടെ എണ്ണം ദിനംപ്രതി പെരുകുകയാണ്. അതേസമയം, മാധ്യമവിചാരണകൾക്കു മൂക്കുകയറിടണമെന്നു പറയുന്നവർ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതും ആശാവഹമാണ്. ഏറ്റവുമൊടുവിൽ, മാധ്യമവിചാരണയ്ക്കെതിരേ രൂക്ഷവിമർശനങ്ങളുയർത്തി രംഗത്തുവന്നിരിക്കുന്നത് സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എൻ.വി. രമണയാണ്.

കോടതിക്കുമുന്നിലുള്ള കേസുകളിൽ, നിക്ഷിപ്ത അജൻഡകളുടെയും വസ്തുതാവിരുദ്ധമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലുള്ള മാധ്യമചർച്ചകൾ ജനാധിപത്യത്തെ ദുർബലപ്പെടുത്തുകയേ ഉള്ളൂവെന്നും ടി.വി. ചാനലുകൾ ചർച്ചകളിലൂടെ 'കംഗാരു കോടതികൾ' സൃഷ്ടിക്കുകയാണെന്നും ചീഫ് ജസ്റ്റീസ് വിമർശിച്ചത് രാജ്യമാകെ ആകാംക്ഷയോടെ കേട്ടു. മാധ്യമരംഗത്തെ അന്യായമായ വിധിത്തീർപ്പുകളും അഴിഞ്ഞാട്ടങ്ങളും അവസാനിപ്പിച്ച്, തുറന്ന പരിശോധനയ്ക്കും സത്യസന്ധമായ വിലയിരുത്തലിനും പ്രേരകമാകട്ടെ ജസ്റ്റീസ് രമണയുടെ ഈ വിമർശനം. റാഞ്ചി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സ്റ്റഡി ആൻഡ് റിസേർച്ച് ഇൻ ലോയുടെ ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അച്ചടിമാധ്യമങ്ങൾക്ക് അവരുടെ ദൗത്യത്തെക്കുറിച്ച് ഒരു പരിധിവരെ ഉത്തരവാദിത്വമുണ്ടെന്ന് ചീഫ് ജസ്റ്റീസ് ചൂണ്ടിക്കാട്ടുന്നു. ഇലക്ട്രോണിക് മാധ്യമങ്ങൾ ഒരുതരത്തിലും ചുമതലാബോധം കാണിക്കുന്നില്ല. അതിനെക്കാൾ തരംതാണ നിലയിലാണ് സമൂഹമാധ്യമങ്ങളെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. അവയുടെ പ്രവർത്തനം രാജ്യത്തെ പിന്നോട്ടാണു നടത്തുന്നതെന്നും അദ്ദേഹം തുറന്നടിച്ചു. നവമാധ്യമങ്ങൾക്കു വിഷയങ്ങൾ വലിയ ചർച്ചയാക്കാനുള്ള കഴിവുണ്ടെങ്കിലും തെറ്റും ശരിയും വിവേചിച്ചറിയാനുള്ള ധാർമികതയില്ല. ടി.വി. ചാനലുകൾ ചർച്ചകളിലൂടെ കംഗാരു കോടതികൾ സൃഷ്ടിക്കുകയാണ്. പക്ഷപാതപരമായി വിധി പ്രസ്താവിക്കുന്ന, യാതൊരു നിയമസാധുതയുമില്ലാത്ത കോടതികണക്കെയുള്ള വിചാരണയെയാണ് കംഗാരു കോടതി എന്നു വിശേഷിപ്പിക്കുന്നത്. വിമർശനങ്ങളോട് ജഡ്ജിമാർ പ്രതികരിക്കാതിരിക്കുന്നത് ബലഹീനതയോ വീഴ്ചയോ നിസ്സഹായതയോ ആയി കാണരുതെന്നും ജസ്റ്റീസ് പറഞ്ഞു.

മാധ്യമങ്ങൾ നടത്തുന്ന വിചാരണകൾക്കും വിധിത്തീർപ്പുകൾക്കുമെതിരേ വിവിധ കോണുകളിൽനിന്ന് പല ഘട്ടങ്ങളിലും ആക്ഷേപങ്ങളുയർന്നിട്ടുണ്ട്. ന്യൂസ്ചാനലുകളുടെ വരവോടെ സെൻസേഷണലിസത്തിനു പ്രിയമേറുകയും ചർച്ചകളുടെ സമരക്കളമായി സായാഹ്നങ്ങൾ മാറുകയും ചെയ്തു. മാധ്യമമുതലാളിമാരുടെ ഇംഗിതത്തിനൊത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾ മാത്രമായ ചാനലവതാരകർ റേറ്റിങ് കൂട്ടാനുള്ള തന്ത്രങ്ങൾക്കും സമ്മർദങ്ങൾക്കുമൊടുവിൽ സത്യത്തെ തമസ്കരിക്കാനും കള്ളങ്ങളെ വാഴ്ത്താനും തുടങ്ങി. അവതാരകരുടെ ജഡ്ജി ചമഞ്ഞുള്ള വിചാരണകളും ചാനൽചർച്ചയ്ക്കെത്തുന്നവരുടെ പരസ്പരബഹുമാനമില്ലാത്ത ആരോപണങ്ങളും വ്യക്തിഹത്യകളും കണ്ടും കേട്ടും പ്രേക്ഷകർ മടുത്തു. അടിസ്ഥാനമില്ലാത്തതും യുക്തിക്കു നിരക്കാത്തതുമായ പച്ചനുണകൾ നിരത്തി വ്യാജപൊതുബോധം സൃഷ്ടിക്കാനുള്ള കപടരാഷ്ട്രീയ അജൻഡകളാണ് ചർച്ചയ്ക്കെത്തുന്നവരുടെ മൂലധനം. വസ്തുതകളും തെളിവുകളും നിരത്തുന്നതാകട്ടെ സോഷ്യൽമീഡിയയിൽ ആരൊക്കെയോ പടച്ചുവിടുന്ന അസത്യങ്ങളുടെയും അർത്ഥസത്യങ്ങളുടെയും പിൻബലത്തിലും. പ്രേക്ഷകലക്ഷങ്ങളെ വിഡ്ഢികളാക്കുന്ന ഇത്തരം ചാനൽചർച്ചകളിൽനിന്നും മാധ്യമവിചാരണകളിൽനിന്നും ആരോഗ്യകരമായ അകലം പാലിക്കാൻ പൊതുജനത്തിന് മാധ്യമസാക്ഷരതയും സംസ്കാരവുമുണ്ടായേ തീരൂ.

നിഷ്പക്ഷത പുലർത്തേണ്ട അവതാരകർ ജഡ്ജി ചമയുന്നതാണ് ഗുരുതരമായ പ്രശ്നം. അന്തിച്ചർച്ചകളിലെ വാചകക്കസർത്തുകൾക്കും വാക്കേറ്റങ്ങൾക്കുമൊടുവിൽ ജയം ആരുടെ പക്ഷത്താണെന്നു ചോദിച്ചാൽ അവതാരകന്റേത് എന്നു മാത്രമാണുത്തരം. അതായത്, ജയം മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച് ധാരണയുണ്ടാക്കിയേ ചാനലുകളിൽ പാനൽ നിശ്ചയിക്കൂ എന്നർത്ഥം. ചില ചാനലുകളിൽ അഭിപ്രായാന്തരങ്ങളോ തർക്കവിതർക്കങ്ങളോ ഒന്നുമില്ല. ചാനലിന്റെ രാഷ്ട്രീയ അജൻഡ പ്രേക്ഷകമനസ്സുകളിൽ അടിച്ചേല്പിക്കാനുള്ള തന്ത്രപൂർവമായ ശ്രമം നടക്കുന്നതുപോലെ തോന്നും. ചിന്തകൾക്കു യുക്തിയുടെ പരിധി കല്പിക്കാത്തവരും രാഷ്ട്രീയ അജൻഡകളുടെ ഇരകൾ മാത്രമായിരിക്കുന്നവരും ഇവിടെയുണ്ടാകണമെന്നാഗ്രഹിക്കുന്ന മാധ്യമപ്രമാണിമാരുടെ സാമ്രാജ്യമുള്ളിടത്തോളംകാലം മാധ്യമരംഗത്തെന്നല്ല, എവിടെയായാലും വിചാരണകളും വിലപേശലുകളും ചൂഷണങ്ങളും ഉണ്ടാകുമെന്നു തീർച്ച.

കോടതിയിലെ കേസുകൾ തീർപ്പാക്കുന്നതിൽ മാധ്യമവിചാരണകൾക്കു യാതൊരു പങ്കുമില്ലെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഉന്നതജഡ്ജിമാർ ഉൾപ്പെടെയുള്ളവർ പറയുന്നത് സ്വാഗതാർഹമാണ്. മാത്രമല്ല, മാധ്യമവിചാരണകൾ വഴികാട്ടികളാവില്ലെന്നും അവർ തീർത്തുപറയുന്നു. നമ്മുടെ ടെലിവിഷൻ ന്യൂസ് ചാനലുകളും ഇതര സമൂഹമാധ്യമങ്ങളും ആരോഗ്യപരമായ സംവാദങ്ങൾക്കും ചർച്ചകൾക്കും മതിയായ ഇടംകൊടുത്താൽ ഉത്തരവാദിത്വപരമായ മാധ്യമധർമവും മാധ്യമസാക്ഷരതയും സമൂഹത്തിൽ പുലരുകതന്നെ ചെയ്യും. ■

# ജനസേവകർ യജമാനന്മാരായാൽ

1-ാം പേജ് തുടർച്ച

യഥാർത്ഥത്തിൽ, സംസ്ഥാനത്താവശ്യമുള്ള ജീവനക്കാരുടെ എണ്ണം ഇപ്പോഴുള്ളതിന്റെ പകുതിപോലും വരില്ല എന്നതാണു വസ്തുത. മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിൽ അഞ്ചരലക്ഷം ജീവനക്കാരുണ്ട്. അതായത്, ഒരു ലക്ഷം പേർക്ക് 1569 ജീവനക്കാർ. ബംഗാളിൽ ഇത് 310 ഉം ബീഹാറിൽ 312 ഉം ഉത്തർപ്രദേശിൽ 357 ഉം മാത്രമാണെന്ന് ഓർക്കേണ്ടതുണ്ട്. ഈ കണക്കുകൾ താരതമ്യം ചെയ്യുമ്പോളാണ് ഇവിടെ സർവീസിലിരിക്കുന്ന ജീവനക്കാരുടെ ആധിക്യം എത്ര ഭീമവും ഭീഷണവുമാണെന്നു മനസ്സിലാകുന്നത്. പതിറ്റാണ്ടുകൾക്കു മുമ്പ് ബ്രിട്ടീഷുകാർ ഇട്ടെറിഞ്ഞുപോയ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ അത്രയ്ക്ക് ഇത്ര എന്ന മട്ടിൽ സ്വീപ്പർമുതൽ മേധാവിവരെ അനുവദിച്ച ജീവനക്കാരുടെ എണ്ണം (sanctioned strength) ഇന്നും അതേപടി തുടരുന്നു എന്നതാണ് ഏറെ പരിതാപകരം. കമ്പ്യൂട്ടറും ലാപ് ടോപും പെൻഡ്രൈവും ഇന്റർനെറ്റും വൈ-ഫൈയുംപോലുള്ള സംവിധാനങ്ങൾ ഏറ്റവും താഴേക്കിടയിലുള്ള ഓഫീസുകളിൽപ്പോലും ലഭ്യമാണിന്ന്. സന്ദേശമയയ്ക്കാനും മറുപടി വാങ്ങാനും എഴുത്തുകുത്തുകൾ വേണ്ടെന്നായി. പണ്ട് തല പുകച്ചുകൊണ്ടിരുന്ന കണക്കുകൂട്ടലുകൾ നിമിഷങ്ങൾക്കുള്ളിൽ ഉപകരണങ്ങൾ ചെയ്തുതരും. 'ട്രെയ്സ് ദ ഫയൽ; ഓർ ഫെയ്സ് ദ ചാർജ്' എന്ന മട്ടിലുള്ള ഭീഷണികളും നോട്ടും ഡ്രാഫ്റ്റും പുട്ടപ്പും സബ്മിറ്റഡുമൊക്കെ പോയ കാലത്തിന്റെ ശേഷിപ്പുകളായി. ഫിനാൻഷ്യൽ കോഡും അക്കൗണ്ട് കോഡും ട്രഷറി കോഡുമൊക്കെ കടിച്ചാൽ പൊട്ടാത്ത നെടുനെടുങ്കൻ വാചകങ്ങളുമായി അലമാരകളിൽ ഉറങ്ങുന്നു. 'ഏട്ടിലപ്പടി; പയറ്റിലിപ്പടി' എന്ന മട്ടിലാണല്ലോ കാര്യങ്ങളുടെ പോക്ക്. ഒരപേക്ഷ കിട്ടിക്കഴിഞ്ഞാൽ ഇതെങ്ങനെ കൊടുക്കാതെ കഴിക്കാമെന്നാണ് ആദ്യത്തെ ചിന്തയെന്നു കേട്ടിട്ടുണ്ട്. വകുപ്പുകൾ വാഴുന്ന IAS സിംഹങ്ങളുടെ ഒന്നാം പ്രമാണം ആരുടെയും മുഖത്തുനോക്കി ചിരിക്കരുത് എന്നുകൂടി ആകുമ്പോൾ സർക്കാർ ജോലിയും അതു നിർവഹിക്കുന്ന വെള്ളക്കോളർധാരികളും ഏതോ ബാലികേറാമലയിലെ അവതാരങ്ങളാണെന്നുള്ള മിഥ്യാബോധം സാധാരണക്കാരിൽ വളർന്നുവന്നു. അങ്ങനെയാണ് ശിപായിപോലും അവർക്കു 'സാറാ'യത്. അടിതൊട്ടു മുടിവരെയുള്ള സാറന്മാർക്ക് കൈക്കൂലി കൊടുത്താലേ കാര്യങ്ങൾ നടക്കൂ എന്നൊരു ധാരണയും പടർന്നുപന്തലിച്ചു. ഫലമോ? സർക്കാർതലത്തിലുള്ള സകല മേഖലകളിലും കൈക്കൂലിയും അഴിമതിയും എഴുതപ്പെടാത്ത നിയമങ്ങളായി മാറി. സർക്കാരിന്റെ ഫണ്ടും വാഹനങ്ങളും ആർക്കും യഥേഷ്ടം കൈകാര്യം ചെയ്യാവുന്ന അവസ്ഥയാണിന്ന്. ആരും ചോദിക്കാനില്ല. ചോദിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ അതിനേക്കാൾ വലിയ അഴിമതിയിൽ മുങ്ങിക്കുളിച്ചാണു കഴിയുന്നത്.

നികുതിദായകരായ പൊതുജനങ്ങൾക്കു നീതി ലഭിക്കാൻ ഈ അവസ്ഥ മാറിയേ മതിയാവൂ. ഒരു ഓഫീസിൽ കിട്ടുന്ന കടലാസ് നമ്പരിട്ട് ബന്ധപ്പെട്ട സെക്ഷനിലെത്തിക്കാൻ ലീവിൽ പോയ ക്ലാർക്ക് മടങ്ങിവരുന്നതുവരെ കാത്തിരിക്കുന്നത് ക്ഷന്തവ്യമല്ല. താരതമ്യേന ജോലിഭാരം കുറവുള്ള ഒരാളെക്കൊണ്ട് സൂപ്രണ്ടിന് ആ ജോലി ചെയ്യിക്കാവുന്നതേയുള്ളൂ. അതുപോലെതന്നെ സ്ഥലംമാറ്റമോ പ്രൊമോഷനോ റിട്ടയർമെന്റോ ഒക്കെവഴി ഉണ്ടായേക്കാവുന്ന ഒഴിവിലേക്ക് പകരം ആൾ വരുന്നതുവരെ കാത്തിരിക്കുന്നതും അവിവേകമാണ്. സെക്ഷനുകളിൽ ഒരു അഴിച്ചുപണി നടത്തി പരിഹരിക്കാവുന്ന പ്രശ്നമാണിത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം പാടേ നിർത്തലാക്കണം. ഉള്ള ജീവനക്കാരെക്കൊണ്ട് ഉള്ള ജോലി ചെയ്യിക്കുന്ന രീതി നടപ്പിലാക്കുകയാണ് വേണ്ടത്. ഈ രീതി കുറേക്കാലം തുടർന്നാൽ ജീവനക്കാരുടെ എണ്ണം കുറയും. ഓരോരുത്തർക്കും ചെയ്യാൻ ജോലിയുണ്ടാകും. അപ്പോൾ സൊറ പറച്ചിലും കറങ്ങിനടപ്പും ഇല്ലെന്നാകും. ഏതെങ്കിലും ഓഫീസിൽ ജോലിഭാരം കൂടുതലും ജീവനക്കാർ കുറവുമായാൽ മറിച്ചുള്ള അവസ്ഥ നിലനില്ക്കുന്ന ഓഫീസിൽനിന്നോ വകുപ്പുകളിൽനിന്നോ പുനർവിന്യാസംവഴി ഈ പ്രതിസന്ധി പരിഹരിക്കാവുന്നതേയുള്ളു. അങ്ങനെ ജോലിഭാരവും ജീവനക്കാരുടെ എണ്ണവും തമ്മിൽ ഇന്ന് നിലവിലുള്ള ഭീമവും ഭീകരവുമായ അനുപാതമില്ലായ്മ ഇല്ലാതാക്കാൻ കഴിയും.

പണം കൊടുത്താൽ എന്തും നടത്തിയെടുക്കാവുന്ന അവസ്ഥയാണിവിടെ. ഇല്ലാത്ത കെട്ടിടത്തിന് നമ്പർ കിട്ടും. ഇല്ലാത്ത ഭൂമിക്ക് ആധാരം കിട്ടും. ജനിച്ചിട്ടില്ലാത്ത കുഞ്ഞിന് ഫോട്ടോ പതിച്ച തിരിച്ചറിയൽകാർഡ് ലഭിക്കും. ഏതുതരം സർട്ടിഫിക്കറ്റ് വേണമെങ്കിലും നിമിഷങ്ങൾക്കുള്ളിൽ ഉണ്ടാക്കി ഒപ്പിട്ട് സീലു വച്ചുതരും. സർക്കാരിന്റെ പണം സ്വന്തം അക്കൗണ്ടിൽ കിടന്നു പലിശ നേടും. സംഘങ്ങളിലെ നീക്കിയിരിപ്പ് പോക്കറ്റിലാക്കിയിട്ട് വർഷങ്ങൾക്കുമുമ്പ് മരിച്ചു മൺമറഞ്ഞവന്റെപേരിൽ വായ്പ കാണിക്കും. ഒടുവിൽ കിട്ടാക്കടമെന്നു മുദ്രകുത്തി എഴുതിത്തള്ളും. മാസപ്പടിയിൽ വീണുപോകാത്ത ഉന്നതന്മാർ സർവീസിൽ നന്നേ വിരളമായിരിക്കുന്നു. അവരുടെ തണലിൽ മാഫിയകളും ഗുണ്ടകളും കള്ളക്കടത്തുകാരും മയക്കുമരുന്നുകാരും നാട്ടിൽ അഴിഞ്ഞാടുന്നു. ഉച്ചയൂണു കഴിഞ്ഞ് ഓഫീസർക്ക് സുഗന്ധമുറുക്കാൻ വാങ്ങിക്കാൻ 24 കിലോമീറ്റർ സർക്കാർ വാഹനമോടിയ നാടാണിത്. സമർത്ഥനായ ഡ്രൈവർ അതിനും യാത്രപ്പടി എഴുതിവാങ്ങിച്ചു. വർഷങ്ങൾക്കുമുമ്പ് നിയമനം ലഭിച്ചിട്ടും അംഗീകാരമില്ലാത്തതിനാൽ കുടുംബം പുലർത്താൻ ഇടവേളകളിൽ കൂലിപ്പണിക്കു പോകുന്ന അധ്യാപകരും ഈ നാട്ടിലുണ്ട്.

കാട്ടാനയും കാട്ടുപന്നിയും മനുഷ്യനെ കൊല്ലുന്നു. പേപ്പട്ടികളും തെരുവുനായ്ക്കളും നാടുവാഴുന്നു. വോട്ടവകാശമുള്ള പൗരന്മാർ പേടിച്ചു വിറച്ച് കൂരയ്ക്കുള്ളിൽ ശ്വാസമടക്കി കിടക്കുന്നു. ഇങ്ങനെ ഭരണതലത്തിലെ സമസ്തമേഖലകളും ഈജിയൻ തൊഴുത്തുപോലെ മലീമസമാണിന്ന്. അവ വൃത്തിയാക്കുവാൻ മറ്റൊരു ഹെർക്കുലീസിന്റെ ബുദ്ധിവൈഭവം അനിവാര്യമാണ്. ■

# തൊട്ടറിഞ്ഞ ലോകം

ദളം ഇരുപത്തിമൂന്ന്






മോബിൻ മോഹൻ

**കു**ഞ്ഞുണ്ണിയും അമ്മാളുവും ജോണിക്കുട്ടിയും വീട്ടുമുറ്റത്തെ മാവിൻ ചുവട്ടിൽ കണ്ണുപൊത്തിക്കളിക്കുകയായിരുന്നു. ഒരു തുണികൊണ്ട് കണ്ണു മൂടിക്കെട്ടിയാണു കളി. ജോണിക്കുട്ടിയുടെ കണ്ണായിരുന്നു ആദ്യം കെട്ടിയത്.

വൺ...ടു.... ത്രീ... സ്റ്റാർട്ട്...

കളി തുടങ്ങി.

നിമിഷങ്ങൾക്കകം അമ്മാളു ജോണിക്കുട്ടിയുടെ പിടിയിൽ വീണു. ഇനി അമ്മാളുവിന്റെ കണ്ണു കെട്ടണം..

വൺ.. ടു...ത്രീ... സ്റ്റാർട്ട്..

വിരുതൻമാരായ ജോണിക്കുട്ടിയും കുഞ്ഞുണ്ണിയും അമ്മാളുവിനു പിടിത്തം കൊടുക്കാതെ വിദഗ്ദ്ധമായി ഒഴിഞ്ഞുമാറി. പാവം അമ്മാളു... മാവിന്റെ വേരിൽ തട്ടി അവൾ വീണു.

അമ്മാളുവിന്റെ കരച്ചിൽ കേട്ടാണ് ഉണ്ണീരിയമ്മ അവിടെ എത്തുന്നത്. അവളെ ആശ്വസിപ്പിച്ച ശേഷം നാലുപേരും മാവിൻചുവട്ടിലിരുന്നു.

'കാഴ്ചയില്ലെങ്കിൽ എന്തൊരു പാടാണ് അല്ലേ?' - അമ്മാളു പറഞ്ഞു.

'കണ്ണു കാണാത്തവരുടെ ലോകം എത്ര ഇരുട്ടു നിറഞ്ഞതാവും' - ജോണിക്കുട്ടി അവളോടൊപ്പം ചേർന്നു.

'മനോഹരമായ കാഴ്ചകൾ കാണാൻ നമുക്കു കണ്ണുകളുണ്ട്. സുന്ദരശബ്ദങ്ങൾ കേൾക്കാൻ കാതുകളുണ്ട്.. എന്നാൽ, കാഴ്ചയും കേൾവിയുമില്ലാതെ വിജയം വരിച്ചവരുണ്ട്.'

ഉണ്ണീരിയമ്മ പറഞ്ഞതു കേട്ട് മൂവരും ഒരുമിച്ചു ചോദിച്ചു,

'അതാരാണ് ഉണ്ണിയമ്മേ?'

'നിങ്ങൾ ഹെലൻ കെല്ലറെപ്പറ്റി കേട്ടിട്ടുണ്ടോ?'

'ഇല്ല.'

'എങ്കിൽ ഇന്നത്തെ കഥ ഹെലൻ കെല്ലറെക്കുറിച്ച് ആവാം. എന്തു പറയുന്നു?'

മൂവരും തലയാട്ടി സമ്മതിച്ചു.

ഒന്നര വയസ്സുവരെ നമ്മെപ്പോലെ കാണാനും കേൾക്കാനും ഹെലൻ കെല്ലറിനു കഴിയുമായിരുന്നു. എന്നാൽ, ഒന്നര വയസ്സുള്ളപ്പോൾ അവൾക്ക് കലശലായ പനി ബാധിച്ചു. ആ പനി കവർന്നെടുത്തത് അവളുടെ കാഴ്ചയും കേൾവിയുമാണ്. അന്നുമുതൽ പൂക്കളും പൂമ്പാറ്റകളും അവളുടെ കാഴ്ചയുടെ ലോകത്തു നിന്ന് അപ്രത്യക്ഷമായി. അമ്മയുടെ താരാട്ടോ കിളികളുടെ പാട്ടുകളോ അവൾ കേട്ടതേയില്ല. കാഴ്ചകൊണ്ടും കേൾവികൊണ്ടും അറിയാൻ കഴിയുന്ന ലോകം അവൾക്ക് എന്നേക്കുമായി നഷ്ടപ്പെട്ടു. മകളുടെ അവസ്ഥ അവളുടെ അച്ഛനെയും അമ്മയെയും തീരാദുഃഖത്തിലാഴ്ത്തി. തങ്ങളുടെ കാലശേഷം ഹെലൻ എങ്ങനെ ജീവിക്കും എന്ന ചിന്ത അവരുടെ ഉറക്കം നഷ്ടപ്പെടുത്തി.

തനിക്കു ചുറ്റുമുള്ള ലോകവുമായി ബന്ധപ്പെടാൻ അവളെ എങ്ങനെ പഠിപ്പിക്കും? അവളെ പഠിപ്പിക്കാൻ പറ്റുന്ന അധ്യാപകരെ അവർ അന്വേഷിച്ചു. പല അധ്യാപകരും വന്നെങ്കിലും കുഞ്ഞുഹെലന്റെ ഉള്ളിലേക്കു കയറിച്ചെല്ലാൻ അവർക്കു കഴിഞ്ഞില്ല.

എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ മഹാനായ അലക്സാണ്ടർ ഗ്രഹാംബൽ വഴിയാണ് ഒരു അധ്യാപികയെ അവർ കണ്ടെത്തുന്നത്.

'ഗ്രഹാംബെല്ലോ, അതാരാണ് ഉണ്ണിയമ്മേ?'- കഥ പറച്ചിലിന് ഇടയിൽകയറി ചോദിച്ചത് അമ്മാളുവായിരുന്നു.

'ടെലിഫോൺ കണ്ടുപിടിച്ചത് അലക്സാണ്ടർ ഗ്രഹാംബെല്ലാണ്.'

ഉണ്ണീരിയമ്മ കഥ തുടർന്നു...

ആനി സള്ളിവൻ എന്നായിരുന്നു ആ അധ്യാപികയുടെ പേര്. സള്ളിവൻ ഒരു പാവക്കുട്ടിയെ ഹെലനു സമ്മാനമായി നൽകി. ആദ്യമൊക്കെ സള്ളിവനോട് ഹെലൻ സഹകരിച്ചതേയില്ല. തന്റെ അധ്യാപികയെ ഹെലൻ ഉപദ്രവിക്കുകയും ചെയ്യുമായിരുന്നു. ഇതെല്ലാം സഹിച്ചുകൊണ്ട് ആനി സള്ളിവൻ ശ്രമം തുടർന്നു. പതിയെപ്പതിയെ കുഞ്ഞുഹെലന്റെ ലോകത്തേക്ക് ആ അധ്യാപിക കടന്നുചെന്നു. ഓരോ വസ്തുവിനെയും അവളുടെ വിരലുകൾകൊണ്ടു സ്പർശിപ്പിച്ചശേഷം കൈത്തണ്ടയിൽ അതിന്റെ പേര് സള്ളിവൻ എഴുതി. വെള്ളത്തിൽ തൊട്ടശേഷം വാട്ടർ എന്ന് എഴുതി. അങ്ങനെ ലോകത്തുള്ള എല്ലാത്തിനും പേരുണ്ട് എന്ന് ഹെ



ലൻ മനസ്സിലാക്കി. അതിബുദ്ധിമതിയായിരുന്ന ഹെലൻ പുതിയ പഠനരീതിയോടു പൊരുത്തപ്പെട്ടു. തന്റെ അധ്യാപികയിലൂടെ അവൾ ലോകത്തെ തൊട്ടറിഞ്ഞു. അന്ധരായവർക്കുള്ള ബ്രെയിലി ലിപി പഠിച്ചെടുത്തു. സംസാരിക്കുവാനും അവൾ പരിശീലനം നടത്തി. അങ്ങനെ അരനൂറ്റാണ്ടോളം ആനി സള്ളിവൻ എന്ന അധ്യാപിക ഹെലന്റെ കാഴ്ചയും കേൾവിയുമായി മാറി. അന്ധയും ബധിരയുമായ ഹെലൻ യൂണിവേഴ്സിറ്റിയിൽനിന്നു ബിരുദം നേടി. മികച്ച പ്രഭാഷികയായി മാറി. അന്ധരുടെയും ബധിരരുടെയും തൊഴിലാളികളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾക്കുവേണ്ടി നിരന്തരം പോരാടി.

അന്ധരായവർക്കുവേണ്ടി ഹെലൻ കെല്ലർ ഇന്റർനാഷണൽ എന്ന സംഘടന രൂപീകരിച്ചു. ഇച്ഛാശക്തികൊണ്ട് തന്റെ പരിമിതികളെ അതിജീവിച്ച ഹെലൻ കെല്ലർ മനുഷ്യാവകാശപ്രവർത്തികയും എഴുത്തുകാരിയും പ്രഭാഷികയുമൊക്കെയായി മാറി. 'ദി സ്റ്റോറി ഓഫ് മൈ ലൈഫ്' അവരുടെ ആത്മകഥയാണ്.

അമേരിക്കയുടെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയായ 'പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം' ഹെലൻ കെല്ലറിനെ തേടിയെത്തി. ലോകം കണ്ട എക്കാലത്തെയും മികച്ച പ്രതിഭകളിൽ ഒരാളായ ഹെലൻ കെല്ലർ 1968 ൽ അന്തരിച്ചു.

'അങ്ങനെയെങ്കിൽ, കാഴ്ചയും കേൾവിയുമുള്ള നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും അല്ലേ ഉണ്ണിയമ്മേ?' കുഞ്ഞുണ്ണി ചോദിച്ചു.

'അതേ, ഇച്ഛാശക്തിയും കഠിനാധ്വാനവും ഉണ്ടെങ്കിൽ എല്ലാ പരിമിതികളെയും അതിജീവിച്ച് നമുക്കു വിജയം നേടാൻ കഴിയും.' ഉണ്ണിരിയമ്മ കൂട്ടിച്ചേർത്തു.

■

# കുറ്റപ്പെടുത്തലുകൾ ഒന്നവസാനിപ്പിച്ചിരുന്നെങ്കിൽ

സാന്ത്വനം



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

**പ്രി**നീഷും സിസിലിയും ജോലി സ്ഥലത്തുവച്ച് കണ്ടുമുട്ടിയവരാണ്. മൂന്നു വർഷത്തോളം നീണ്ട പരിചയം. പിന്നീട് വിവാഹിതരായി. ഇപ്പോൾ ഒൻപതുവർഷമായി കാനഡയിൽ ജീവിക്കുന്നു. ഏഴു വയസ്സായ ഒരു മോനുണ്ട്. പ്രിനീഷിന് ഇപ്പോൾ വിവാഹജീവിതം മടുത്തു, വിവാഹമോചനത്തെക്കുറിച്ചു ചിന്തിക്കുന്നു. അതിന് ഒരു അഭിപ്രായം ചോദിക്കാൻ വന്നതാണ്. കാരണം, സിസിലി ഒരു കാര്യത്തിനും പ്രിനീഷിനോടു സഹകരിക്കുന്നില്ലത്രേ. സിസിലി പറഞ്ഞു: "ഞാനാണ് പ്രിനീഷിനെ കാനഡയിൽ കൊണ്ടുവന്നതും ജോലി വാങ്ങിക്കൊടുത്തതും. ഇപ്പോൾ പ്രിനീഷിന്റെ സഹോദരനെയും കുടുംബത്തെയുംകൂടെ കൊണ്ടുവന്നു. എല്ലാമായിക്കഴിഞ്ഞിട്ടും എപ്പോഴും സ്വന്തം കുടുംബക്കാരെക്കുറിച്ചും സ്വന്തം കാര്യത്തിലും മാത്രമേ ശ്രദ്ധയുള്ളൂ. എന്റെ അഭിപ്രായം ഒരു കാര്യത്തിലും ചോദിക്കില്ല. കേൾക്കില്ല. എന്റെ വീട്ടുകാരെക്കുറിച്ച് അന്വേഷിക്കില്ല. മോന്റെ പഠനകാര്യത്തിലും യാതൊരു അന്വേഷണവുമില്ല. ഈ ദേഷ്യംകൊണ്ട് എനിക്കു സഹകരിച്ചു പോകുവാൻ ബുദ്ധിമുട്ടുണ്ട്."

രണ്ടുപേരെയും ഒന്നിച്ചു വിളിച്ചു സംസാരിച്ചപ്പോൾ ഇരുവരും പരസ്പരം വളരെ കയർത്തു സംസാരിച്ചു. മുമ്പോട്ട് എങ്ങനെ ഒന്നിച്ചുപോകാമെന്ന് ആലോചിക്ക്, കഴിഞ്ഞതൊക്കെ മറക്ക് എന്നു പറഞ്ഞപ്പോൾ പ്രിനീഷ് പറഞ്ഞു: "കുട്ടി ഉണ്ടായതിനുശേഷം ഞങ്ങൾ തമ്മിൽ സന്തോഷത്തോടെ ഒരു ലൈംഗിക ബന്ധം ഉണ്ടായിട്ടില്ല. ഇനി ഇതിനായി മറ്റു വല്ലവരുടെയും പുറകേ പോയാൽ എന്റെ മനഃസാക്ഷി കുറ്റപ്പെടുത്തും. അതുകൊണ്ട് സിസിലി ഇതിനു തയ്യാറാണെങ്കിൽ തുടരാം, ഇല്ലെങ്കിൽ പിരിയാനാണു താത്പര്യം." ഇതുകേട്ട സിസിലി കരഞ്ഞുകൊണ്ടു പറഞ്ഞു: "സിസ്റ്റർ, പ്രിനീഷ് ബെഡ്റൂമിൽ വന്നു കഴിഞ്ഞാൽ ആദ്യത്തെ അരമണിക്കൂർ വരവുചെലവുകളുടെ കണക്കു പറയും, അവന്റെ അപ്പന് ഈ മാസം രണ്ടുലക്ഷം ഇടണം, പെങ്ങൾക്ക് ഒരു ലക്ഷം, ഇങ്ങനെ ഒരു ലിസ്റ്റ്. എന്നാൽ, ഞങ്ങൾ രണ്ടു പെൺകുട്ടികളാണ്. വീട്ടുകാർ കാശുമുടക്കി പഠിപ്പിച്ചിട്ടാണ് ഈ നിലയിൽ ആയത്, അവർക്കു വിവാഹശേഷം ഒന്നും കൊടുക്കാൻ സമ്മതിച്ചിട്ടില്ല. ഈ കാര്യങ്ങൾ പറഞ്ഞ് ദേഷ്യപ്പെടും മിക്ക ദിവസവും. പിന്നെ പ്രിനീഷിനെ കാണുമ്പോഴേ എനിക്കു ദേഷ്യമാണ്. അതുകൊണ്ടാണ് ഞാൻ സഹകരിക്കാത്തത്." പ്രിനീഷിനു നേരേ നോക്കിയപ്പോൾ അവൻ ചിരിച്ചുകൊണ്ട് അതു സമ്മതിച്ചു.

ദരിദ്രകുടുംബത്തിൽ വളർന്നുവന്ന പ്രിനീഷിന് പണം ഒരു ഹരമായിരുന്നു. സ്വന്തം അപ്പനെയും അമ്മയെയും പണംകൊണ്ട് സുരക്ഷിതരാക്കാൻ നോക്കുന്നതിനിടയിൽ സ്വന്തം ഭാര്യയുടെയും മകന്റെയും മാനസികാരോഗ്യത്തെക്കുറിച്ചു ചിന്തിക്കാൻ പ്രിനീഷ് വിട്ടുപോയി. ഇരുപത്തിനാലാം വയസ്സിൽ ആരംഭിച്ച വിവാഹജീവിതം മുപ്പത്തിനാലാം വയസ്സിൽ വഴിമുട്ടി നിൽക്കുന്നു. പുറമേ പ്രിനീഷും സിസിലിയും ഏറ്റവും ഭാഗ്യമുള്ള സമ്പന്നരായ ദമ്പതികളാണ്. എന്നാൽ, അവരുടെ ഉള്ളിൽ എന്നും തേങ്ങലുകളും പരാതികളും മാത്രം. സ്വന്തം ഭാര്യയെ സന്തോഷിപ്പിക്കാൻ, സുരക്ഷിതയാക്കാൻ, ഒരു അപ്പന്റെയും ആങ്ങളയുടെയും സ്നേഹവും പരിഗണനയും വാത്സല്യവും കൊടുത്തുകൊണ്ട് ഇറങ്ങിത്തിരിക്കുമ്പോൾ ഏതു ഭാര്യയും ഭർത്താവ് പറയുന്നിടത്ത്, അവന്റെ ആഗ്രഹങ്ങൾക്കനുസരിച്ചു നിൽക്കും. ഇല്ലെങ്കിൽ സ്വന്തം ശമ്പളം വാങ്ങുന്നവരും, മറ്റുള്ളവരുടെ സഹായമില്ലാതെ മുമ്പോട്ടുപോകാൻ ഉറപ്പുള്ളവരുമായ സ്ത്രീകൾ, ഭർത്താക്കന്മാരോടു നിസ്സഹകരണം കാണിക്കുവാൻ സാധ്യതയേറെയാണ്.

പരസ്പരമുള്ള കുറ്റപ്പെടുത്തലുകൾ, എപ്പോഴും അകൽച്ചകൾ സൃഷ്ടിക്കുന്നു. ഇവിടെ സ്നേഹക്കുറവോ താത്പര്യക്കുറവോ അല്ല പ്രശ്നം. മിക്കവർക്കും ഉള്ളിൽ നല്ല സ്നേഹംതന്നെയാണ്. പക്ഷേ, പുറമേ അതു കാണിക്കുന്നില്ല. മറ്റുള്ളവരുടെ മുമ്പിൽ പരസ്പരം പ്രോത്സാഹിപ്പിച്ചു പറയുന്നില്ല; പ്രത്യേകിച്ച്, ഭാര്യമാർ അതു ഭർത്താക്കന്മാരിൽനിന്നു പ്രതീക്ഷിക്കുന്നു. ജീവിതപങ്കാളിയെ മറ്റുള്ളവരുടെ മുമ്പിലും സ്വകാര്യജീവിതത്തിലും പ്രോത്സാഹിപ്പിക്കാനും പുകഴ്ത്താനും മടിക്കുമ്പോൾ അല്ലെങ്കിൽ മറന്നുപോകുമ്പോൾ, സ്വാഭാവികമായും അവർ ചിന്തിക്കുക, ഞാൻ എന്റെ ഭർത്താവിന് കുളിക്കുമ്പോൾ സോപ്പുപോലെയും വിശക്കുമ്പോൾ ഭക്ഷണംപോലെയും (എന്റെ സ്വന്തം വാക്കുകൾ അല്ല, പല സ്ത്രീകളും പറഞ്ഞ ഉപമയാണ്) ഉള്ള ഒരു ഉപഭോഗവസ്തുമാത്രമെന്നാണ്. അതുകൊണ്ട് തങ്ങളുടെ സ്വകാര്യലോകത്തു വരുമ്പോൾ ഈ ലൈംഗികാവശ്യങ്ങൾക്കുമാത്രമായി ഞാൻ വഴങ്ങില്ല എന്നു ചിന്തിക്കുന്ന ഒരു സ്ത്രീസമൂഹം തന്നെയുണ്ട് ഇന്നു നമുക്കുചുറ്റും.

ഭർത്താവിന്റെ കുറ്റപ്പെടുത്തലുകളും കളിയാക്കലുകളും സ്വന്തം കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും മുമ്പിൽ നേരിടുന്ന ഏതു ഭാര്യയും മാനസികമായി സന്തോഷവതിയല്ല. ഈ സന്തോഷക്കുറവ് പ്രകടിപ്പിക്കുന്നത് ചിലപ്പോൾ ഭർത്താവും ഭാര്യയും തനിയെ ആയിരിക്കുന്ന സമയങ്ങളിലായിരിക്കും. ഇതു വീണ്ടും ദേഷ്യത്തിലൂടെ പരിഹരിക്കാൻ ഭർത്താവ് ശ്രമിക്കുമ്പോൾ അവിടെ വ്യക്തിബന്ധങ്ങൾ വികലമായിക്കൊണ്ടിരിക്കും. പരസ്പരമുള്ള ബഹുമാനം സ്വകാര്യജീവിതത്തിലും പൊതുസമക്ഷത്തും കാണിക്കാൻ രണ്ടു കൂട്ടരും ശ്രദ്ധിച്ചാൽ മാനസികവും ശാരീരികവുമായ അടുപ്പം നിലനിറുത്തിക്കൊണ്ടുപോകാൻ സാധിക്കും. പരസ്പരമുള്ള ഭാവമാറ്റങ്ങൾ മനസ്സിലാക്കി പരസ്പരം ചേർത്തുനിർത്താനും, ധൈര്യം പകരാനും, സങ്കടങ്ങളിൽ ആശ്വസിപ്പിക്കാനും ശ്രമിച്ചാൽ ഒട്ടുമിക്ക കുടുംബപ്രശ്നങ്ങളും പരിഹരിക്കപ്പെടും.

അതുപോലെ, ജീവിതത്തിന്റെ പുതുമ നഷ്ടപ്പെടുമ്പോൾ പരസ്പരം അകൽച്ചയുണ്ടാകാൻ സാധ്യതയുണ്ട്. അതായത്, വീടായി, കാറായി, മക്കളായി, സാമ്പത്തികഭദ്രതയായി. ഇനി മുന്നോട്ട് പുതുമകൾ ഒന്നുമില്ലാത്ത അവസ്ഥയിൽ പരസ്പരം അകൽച്ചയും സംസാരിക്കാൻ വിഷയദാരിദ്ര്യവും ഉണ്ടാകാം. അപ്പോൾ മറ്റൊരു കുട്ടിയെക്കുറിച്ചു ചിന്തിക്കുകയോ, അല്ലെങ്കിൽ എന്തെങ്കിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെടുകയോ ചെയ്യുക. ജീവിതത്തിൽ പുതുമകളാർജിച്ച് പുത്തൻ ഉണർവോടെ മുമ്പോട്ടുപോകാൻ ദമ്പതികൾക്കു സാധിക്കും.


■




**ഓഗസ്റ്റ് 7**
**കൈത്താക്കാലം**
**മൂന്നാംഞായർ**

**റൂത്ത് 1 : 6 – 18**
**പ്രഭാ 33 : 7 – 13**
**റോമാ 12 : 3 – 8**
**ലൂക്കാ 10 : 38 – 42**

# ദൈവേഷ്ടത്തിന്റെ തിരഞ്ഞെടുപ്പ്



**ഡോ. ജോസഫ് കരികുളം**



**ഈ**ശോയിലുള്ള വിശ്വാസം. വിവേകപൂർണമായ തിരഞ്ഞെടുപ്പിന്റെ ഫലമാണ്. വിവേകവും തിരിച്ചറിവുമുള്ള, സത്യത്തിലേക്കു കണ്ണും കാതും തുറന്നിരിക്കുന്നവർക്കു മാത്രമേ യഥാർത്ഥ ക്രിസ്തുവിശ്വാസിയാകാൻ കഴിയൂ. യഥാകാലം ഫലം നൽകുന്ന വിശ്വാസത്തിന്റെ തിരഞ്ഞെടുപ്പിന്റെ ആവശ്യകതയെക്കുറിച്ചാണ് കൈത്താക്കാലത്തിന്റെ മൂന്നാം ഞായറാഴ്ച സഭാമാതാവ് നമ്മോടു സംസാരിക്കുന്നത്.

ക്രിസ്തീയജീവിതം ഒരു തിരഞ്ഞെടുപ്പാണ്. സത്യദൈവമായ ഈശോമിശിഹായെ നാഥനും ജീവനുമായി അംഗീകരിക്കുക എന്ന തിരഞ്ഞെടുപ്പ്. നന്മയുടെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും കരുണയുടെയും അടിസ്ഥാനവും പൂർത്തീകരണവുമായ പരി. ത്രിത്വത്തെ അംഗീകരിക്കുന്ന തിരഞ്ഞെടുപ്പ്. കൈത്താക്കാലത്തിൽ സുവിശേഷപ്രഘോഷണത്തിന്റെ ഫലപ്രാപ്തിയെ നോക്കിയിരിക്കുന്ന ദൈവപിതാവിനെ സന്തോഷിപ്പിക്കുന്ന തിരഞ്ഞെടുപ്പാണിത്. ഈ തിരഞ്ഞെടുപ്പിന്റെ ഫലമാകട്ടെ ദൈവം നമുക്കു തരുന്ന നിത്യജീവനാണ്. ജീവിതത്തിൽ ക്രിസ്തുമാർഗത്തിലേക്കുള്ള വിവേകപൂർണമായ തിരഞ്ഞെടുപ്പ് നടത്താൻ സഭാമാതാവ് എല്ലാവരെയും ക്ഷണിക്കുന്നു.

യഹൂദവംശജയല്ലാത്ത റൂത്ത് എന്ന മൊവാബ്യസ്ത്രീയുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചാണ് ആദ്യവായനയുടെ പ്രതിപാദ്യം (റൂത്ത് 1,6 – 18). മൊവാബിൽനിന്നു തിരികെ ബത്‌ലഹേമിലേക്കു പോകാനൊരുങ്ങുന്ന നവോമി മരുമക്കളോട് തന്റെകൂടെ വരാതെ അവരവരുടെ കുടുംബങ്ങളിലേക്കു മടങ്ങാനാവശ്യപ്പെടുന്നു. മരുമക്കളുടെ നന്മ ആഗ്രഹിക്കുന്ന, സ്നേഹം നിറഞ്ഞ അമ്മായിയമ്മ! ഓർഫാ എന്ന മരുമകൾ അമ്മയോട് യാത്രപറഞ്ഞു പോകുന്നുണ്ടെങ്കിലും, റൂത്ത് 'അവളെ പിരിയാതെ നിന്നു' (1:14).

നവോമി റൂത്തിനെ നിർബന്ധിക്കുന്നുണ്ടെങ്കിലും റൂത്ത് തന്റെ ശക്തമായ തീരുമാനത്തിൽ ഉറച്ചുനില്ക്കുന്നു. നവോമി പറയുന്ന മറുപടി (1:16) ക്രിസ്തീയ ജീവിതതിരഞ്ഞെടുപ്പിന്റെ അടിസ്ഥാനതത്ത്വങ്ങളെ ഓർമിപ്പിക്കുന്നു. ആ വാക്കുകൾക്കുള്ള ഉറപ്പും ആഴവും അത്യന്തം ചിന്തനീയമാണ്.

a. "അമ്മ പോകുന്നിടത്ത് ഞാനും വരും" – അമ്മ പോകുന്നിടം ബത്‌ലഹേമാണെന്നു റൂത്തിനറിയാം. വിജാതീയരുടെ നാട്ടിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ നാട്ടിലേക്കുള്ള തിരിച്ചുകയറലാണത്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽപ്പെട്ട നവോമിയുടെ, തന്റെ അമ്മായിയമ്മയുടെ, സ്നേഹവും കാരുണ്യവും റൂത്ത് എന്ന വിജാതീയമൊവാബ്യസ്ത്രീയെ ഇസ്രായേലിന്റെ ദൈവത്തെക്കുറിച്ചറിയാൻ സഹായിച്ചു. നവോമി തന്റെ മരുമക്കളോട് ഇത്രയധികം കരുതൽ കാണിച്ചെങ്കിൽ അതിന്റെ കാരണം അവർ വിശ്വസിക്കുന്ന ദൈവത്തോടുള്ള ബന്ധമാണെന്ന് റൂത്ത് മനസ്സിലാക്കുന്നു. നവോമിയുടെ വിശ്വാസത്തിന്റെ പ്രായോഗികസമീപനങ്ങൾ റൂത്തിനെ അമ്മായിയമ്മയുടെ ദൈവത്തിൽ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു. നവോമി എന്ന അമ്മായിയമ്മ റൂത്തിന്റെ അമ്മയായി മാറുന്നു, ജീവിതത്തിലും വിശ്വാസത്തിലും! നമ്മുടെ എത്ര അമ്മായിയമ്മമാരുടെ ജീവിതം മരുമക്കളെ രക്ഷയിലേക്കും ദൈവത്തിലേക്കും നയിക്കുന്നുണ്ട്?

b. "അമ്മ വസിക്കുന്നിടത്ത് ഞാനും വസിക്കും" – അമ്മ വസിക്കുന്നിടം ഭവനമാണ്. നവോമി വസിക്കുന്നിടത്ത് ഭവനത്തിന്റെ നന്മകളുണ്ടാകുമെന്ന് റൂത്തിനറിയാം. അതു വിട്ടിട്ടു പോയാൽ എവിടെനിന്നു സമാധാനം ലഭിക്കും? നമ്മുടെ കാലഘട്ടത്തിലെ പല തിരഞ്ഞെടുപ്പുകളും യഥാർത്ഥ സമാധാനം കണ്ടുപിടിക്കാനാകാതെ 'അക്കരപ്പച്ച' എന്ന പഴഞ്ചൊല്ലിലെപ്പോലെയുള്ള തിരഞ്ഞെടുപ്പുകളാണ്. കുടുംബബന്ധങ്ങളെയും ഭാര്യാഭർത്തൃബന്ധങ്ങളെയും തകർക്കുന്ന പിശാചിന്റെ ആയുധമാണത്. സമാധാനവും സന്തോഷവുമൊക്കെ എവിടെ കിട്ടുമെന്നന്വേഷിച്ച് ജീവിതം ഇല്ലാതാക്കേണ്ടിവരുന്ന യുവതികളും പെൺകുട്ടികളും ഉദാഹരണങ്ങളായി നമ്മുടെ മുന്നിൽ നില്ക്കുന്നു. റൂത്തിന്റെ ഉറച്ച തീരുമാനം അവളെ യഥാർത്ഥ സമാധാനത്തിന്റെ പക്ഷം പിടിക്കാൻ സഹായിക്കുന്നു.

c. "അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാർ ആയിരിക്കും"– വിശ്വാസത്തിലേക്കു പ്രവേശിക്കുന്നവരെല്ലാം സഹോദരരാണ്. ഈ സഹോദരബന്ധം ദൈവത്തോടും പരസ്പരവും ആത്മാർത്ഥമായി ബന്ധപ്പെടാൻ നമ്മെ സഹായിക്കുന്നു. ബോവാസ് റൂത്തിന് ആനുകൂല്യങ്ങൾ നല്കുമ്പോൾ അദ്ദേഹത്തോട് അവൾ ചോദിക്കുന്നുണ്ട്: "അന്യനാട്ടുകാരിയായ എന്നോടു കരുണ തോന്നാൻ ഞാൻ അങ്ങേക്ക് എന്തു നന്മ ചെയ്തു?" (2:10). 'ഭർത്താവിന്റെ മരണശേഷം നീ അമ്മായിയമ്മയ്ക്കുവേണ്ടി ചെയ്തത്... എനിക്കറിയാം' (2:11) എന്നായിരുന്നു ബോവാസിന്റെ മറുപടി. നിസ്സാരമെന്നു കരുതാവുന്ന റൂത്തിന്റെ ഈ തിരഞ്ഞെടുപ്പിന് ദൈവം കാത്തുവച്ച ഫലം ബോവാസിനെപ്പോലെയുള്ള ബന്ധുക്കളെയായിരുന്നു.

d. "അമ്മയുടെ ദൈവം എന്റെ ദൈവമായിരിക്കും." വിജാതീയയായ മരുമകളെ സ്വന്തം ദൈവത്തിലേക്ക് അടുപ്പിക്കുന്നതിന് മനഃപൂർവമുള്ള മതമാറ്റശ്രമം നടത്തിയ അമ്മയല്ല നവോമി. പകരം തന്റെ പിതാക്കന്മാരുടെ ദൈവത്തിലുള്ള വിശ്വാസം തന്റെ കുടുംബത്തിൽ അവൾ ജീവിച്ചുകാണിച്ചുകൊടുത്തു. ഭർത്താവും ആൺമക്കളും മരിച്ചെങ്കിലും അവൾ പിടിച്ചുനിന്നു. തന്റെകൂടെ നിൽക്കണമെന്ന് മരുമക്കളോട് അവൾ ശഠിച്ചില്ല. മറിച്ച്, തന്റെ ജീവിതത്തിലുണ്ടായ നഷ്ടങ്ങൾപോലെ അവരുടെ ജീവിതത്തിലും ഇനിയും നഷ്ടങ്ങൾ ഉണ്ടാകരുത് എന്നു തീരുമാനിച്ച് അവരെ തങ്ങളുടെ കുടുംബങ്ങളിലേക്കു നിർബന്ധിച്ചയയ്ക്കുന്നു. ദൈവഭക്തിയും അതിദൃഢമായ വിശ്വാസവും ആർജവത്വവും കൈമുതലായുള്ള ഒരമ്മയ്ക്കു മാത്രമെടുക്കാൻ കഴിയുന്ന തീരുമാനം. ഇത്രയധികം നന്മകളുള്ള അമ്മയുടെ ദൈവമാണ് ശരിയെന്ന് റൂത്ത് തീരുമാനിക്കുന്നു. അമ്മായിയമ്മമാരും ഭാവിയിൽ അമ്മായിയമ്മമാരാകാൻ പോകുന്ന മരുമക്കളും ശ്രദ്ധിക്കുന്നത് നല്ലതാണ്. നവോമിയെപ്പോലെ ഒരു അമ്മയായാൽ എല്ലാ മരുമക്കളും റൂത്തിനെപ്പോലെയാകും.

പ്രഭാഷകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായന (പ്രഭാ. 33:7–13) കർത്താവിന്റെ നിശ്ചയമനുസരിച്ച് നടക്കുന്ന കാര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. എല്ലാക്കാര്യങ്ങളും അവിടുത്തെ നിശ്ചയമനുസരിച്ചാണ് നടക്കുന്നതെന്നും അതിനാൽ വിവേകപൂർവമായ തീരുമാനം കർത്താവിനോടു ചേർന്നുനില്ക്കുന്നതാണെന്നുമുള്ള ഉപദേശം നമുക്കു ലഭിക്കുന്നു. "കർത്താവിനെ ഭയപ്പെടുന്നവർക്ക് അനർത്ഥം സംഭവിക്കുകയില്ല" (പ്രഭാ 33:1). കർത്താവിന്റെ ശക്തിയും മനുഷ്യനോടുള്ള കരുണയും മനസ്സിലാക്കുന്നവൻ അവസാനനിമിഷമെങ്കിലും വിവേകത്തോടെ ആ തിരഞ്ഞെടുപ്പ് നടത്തുന്നു. "ഒടുവിലാണ് ഞാൻ ഉണർന്നത്" (പ്രഭാ. 33:16). അതിനാൽ, അവസാനനിമിഷം, 'കർത്താവിന്റെ അനുഗ്രഹം നിമിത്തം ഞാൻ മുൻപന്തിയിലെത്തി' (33:17) എന്നു പറയത്തക്കവിധത്തിൽ കർത്താവ് മാറ്റങ്ങൾ വരുത്തുന്നു.

ലൂക്കായുടെ സുവിശേഷമാകട്ടെ (ലൂക്കാ 10:38–42) ക്രിസ്തുമാർഗം തിരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനനിലപാടുകൾ പ്രഖ്യാപിക്കുന്നു. ആ തിരഞ്ഞെടുപ്പ് തികച്ചും ഭൗതികമായതും ആവർത്തനവിരസവും ആഴമില്ലാത്തതുമായ ലോകജീവിതത്തിലേക്കുള്ള ക്ഷണമല്ല. മറിച്ച്, കർത്താവിനെ കണ്ടുകൊണ്ടും കേട്ടുകൊണ്ടും നടത്തുന്ന സുവിശേഷശുശ്രൂഷയാണ്. ലോകത്തിന്റെ ശുശ്രൂഷകൾ ശരീരത്തിനു മാത്രം സംതൃപ്തി നൽകുമ്പോൾ കർത്താവിന്റെ ശുശ്രൂഷ ആത്മീയോന്നമനവും ലോകത്തിൽ കർത്താവിന്റെ ശുശ്രൂഷകരെന്ന നിലയിൽ ധൈര്യപൂർവം ജീവിക്കാനുള്ള ശക്തിയും പ്രചോദനവും നൽകുന്നു. മനുഷ്യനിൽനിന്ന് എടുക്കപ്പെടാതെ, ഇല്ലാതാക്കപ്പെടാതെ അവനെ എന്നും താങ്ങിനിർത്തുന്നത് ദൈവത്തിന്റെ കരുണയുടെ പ്രവർത്തനങ്ങൾ മാത്രം. ലോകത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനാകുക എന്നുവച്ചാൽ ദൈവത്തിന്റെ പ്രവർത്തനങ്ങൾ അനുവദിക്കാതിരിക്കുക എന്നുതന്നെയാണർത്ഥം. അപ്പോൾ നാം ചോദിച്ചേക്കാം, ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഭക്ഷണം വേണ്ടേ, വസ്ത്രം ധരിക്കേണ്ടേ, മക്കളെ വളർത്തേണ്ടേ, ഇതിനൊക്കെയായി ജോലി ചെയ്യേണ്ടേ എന്നൊക്കെ? ഇതൊക്കെ വേണം, പക്ഷേ, ഇക്കാര്യങ്ങൾക്കു മാത്രമായി ജീവിതത്തെ ഒതുക്കുമ്പോൾ ദൈവത്തിനു കൊടുക്കേണ്ട സ്ഥാനം കൊടുക്കാതിരുന്നാൽ അതുണ്ടാക്കുന്ന നഷ്ടം വലുതായിരിക്കും. കുട്ടികളെ ദൈവവിശ്വാസത്തിലും സ്നേഹം, കരുണ, പരസ്പരസഹായം തുടങ്ങിയ പുണ്യത്തിലും വളർത്താതിരുന്നാൽ ഇന്നത്തെ ലോകത്തിന്റെ തന്ത്രങ്ങളോടു പൊരുതിനില്ക്കാൻ അവർക്കാകാതെ വന്നേക്കാം.

വിവേകത്തോടെ ക്രിസ്തീയവിശ്വാസത്തെ തിരഞ്ഞെടുക്കുന്നതാണ് ജീവിതത്തിൽ ഏറ്റവും വിലമതിക്കുന്ന തിരഞ്ഞെടുപ്പെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു (റോമാ. 12:3–8). ഈശോയിലുള്ള നവജീവിതമാണ് ആ തിരഞ്ഞെടുപ്പ്. "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന" (12:1).

ഫലാഗമകാലത്ത് യഥാർത്ഥ ഫലങ്ങൾ പുറപ്പെടുവിക്കണമെങ്കിൽ വിവേകപൂർണമായ തിരഞ്ഞെടുപ്പ് ആവശ്യമാണ്. സത്യദൈവമായ ഈശോമിശിഹായെ തിരഞ്ഞെടുക്കലാണത്. ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നതും മനുഷ്യന്റെ അവസാന പ്രതീക്ഷയുമായ നിത്യജീവനാകുന്ന ഫലം നേടണമെങ്കിൽ നാം ഈശോയെത്തന്നെ തിരഞ്ഞെടുക്കണം. ■

# രൂപ താഴ്ന്നു താഴ്ന്നു പോകുമ്പോൾ

1-ാം പേജ് തുടർച്ച

**കയറിക്കയറി പോകുന്ന പലിശ**

രൂപയടക്കം ആഗോള കറൻസികളെ ഇക്കൊല്ലം ക്ഷീണത്തിലാക്കിയത് അമേരിക്കൻ പലിശനയമാണ്. അമേരിക്കയുടെ കേന്ദ്ര ബാങ്ക് ആയ ഫെഡറൽ റിസർവ് (ഫെഡ്) 2020 തുടക്കം മുതൽ കുറഞ്ഞ പലിശ പൂജ്യം മുതൽ 0.25 ശതമാനം വരെ എന്നാണു നിശ്ചയിച്ചിരുന്നത്. ഈ മാർച്ചിൽ അതു മാറ്റി. ആദ്യം 0.25 – 0.5 ശതമാനത്തിലേക്കും പിന്നെ 0.75 – 1.00 ശതമാനത്തിലേക്കും ജൂണിൽ 1.5 – 1.75 ശതമാനത്തിലേക്കും പലിശ കൂട്ടി. ഈയാഴ്ച (ജൂലൈ 27 ന്) വീണ്ടും കൂട്ടും. ഇതോടെ രണ്ടു ശതമാനത്തിനു മുകളിലാകും യുഎസിലെ കുറഞ്ഞ പലിശ. ഇതാണു കറൻസികളെ പ്രശ്നത്തിലാക്കിയത്.

അമേരിക്കയിൽ ചില്ലറ വിലക്കയറ്റം 9.1 ശതമാനമായ പശ്ചാത്തലത്തിലാണ് ഇങ്ങനെ പലിശ കയറിക്കയറി പോകുന്നത്. ഉചിതമായതു രണ്ടു ശതമാനമാണെങ്കിലും പരമാവധി നാലു ശതമാനത്തിൽ ചില്ലറ വിലക്കയറ്റം നിർത്തണമെന്നാണു യുഎസ് നയം. ഇക്കൊല്ലം തുടക്കംമുതലേ അതു സാധിച്ചില്ല. കോവിഡ് തുടരുന്നതുമൂലം പലേടത്തും ഉത്പാദനവും ചരക്കുനീക്കവും തടസ്സപ്പെടുന്നുണ്ട്. അതിനാലുണ്ടാവുന്ന വരുന്ന താൽക്കാലികപ്രതിഭാസമാണു വിലക്കയറ്റം എന്നായിരുന്നു ഫെഡ് മേധാവികൾ ആദ്യം വാദിച്ചിരുന്നത്. പിന്നീട് യുക്രെയ്ൻ യുദ്ധം തുടങ്ങിയപ്പോൾ അതും താൽക്കാലിക പ്രതിഭാസമായി. പക്ഷേ, വിലക്കയറ്റം ആറു ശതമാനവും കടന്നു പാഞ്ഞുതുടങ്ങിയപ്പോഴാണു ഫെഡ് പലിശ ആയുധം പ്രയോഗിക്കാൻ തുടങ്ങിയത്.

അമേരിക്കൻ പലിശനിരക്ക് അമേരിക്കൻ ജനതയുടെ മാത്രം ചിന്താവിഷയമായി തള്ളിക്കളയാൻ പറ്റില്ല. ആഗോള മൂലധനത്തിന്റെ ഏറ്റവും വലിയ സ്രോതസ്സാണ് യുഎസ്. അവിടെയുണ്ടാകുന്ന ചലനങ്ങൾ ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ വലിയ തുടർചലനങ്ങൾ ഉണ്ടാക്കും. ഇന്ത്യയിലും മറ്റും ഓഹരികളിലെ നിക്ഷേപമായും സ്റ്റാർട്ടപ്പുകൾക്കു പ്രാരംഭമൂലധനമായും മറ്റും വരുന്ന തുകയിൽ വലിയ പങ്കും അമേരിക്കയിൽനിന്നോ അമേരിക്കൻ ഫണ്ടുകൾവഴിയോ ആണ്.

**സുരക്ഷിതസ്ഥാനം യുഎസ് ഡോളർ**

അമേരിക്കൻ പലിശ കൂടുമ്പോൾ അമേരിക്കയിലെ കടപ്പത്രങ്ങളിലും മറ്റും നിക്ഷേപിക്കുന്നതു കൂടുതൽ ആദായകരമാകും. ഇന്ത്യയടക്കമുള്ള വികസ്വരരാജ്യങ്ങളിലെ റിസ്ക് കൂടിയ ഓഹരികളിൽ നിക്ഷേപിക്കുന്നതിനെക്കാൾ സുരക്ഷിതവും. അപ്പോൾ ഇവിടങ്ങളിൽനിന്നു മൂലധനം യുഎസിലേക്കു മടങ്ങും. ഈ വർഷം ഇന്ത്യയിൽനിന്നു വിദേശനിക്ഷേപകർ മടക്കിക്കൊണ്ടുപോയത് 3000 കോടിയിലേറെ ഡോളർ (2.4 ലക്ഷം കോടി രൂപ). ഓഹരിവിലകൾ ഇടിഞ്ഞു. വിപണിയുടെ മുഖ്യസൂചികകൾ 16 ശതമാനത്തോളം താഴ്ന്നു.

ഇങ്ങനെ വിവിധ രാജ്യങ്ങളിൽനിന്നു യുഎസിലേക്ക് – ഉയർന്ന ഭദ്രതയുള്ള സ്ഥലത്തേക്ക് – മൂലധനം നീങ്ങി. അമേരിക്കയിൽ 41 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലേക്കു വിലക്കയറ്റം കയറിയിട്ടു പോലും ഡോളർ ബലപ്പെട്ടതിന്റെ പശ്ചാത്തലം അതാണ്.

പാഠപുസ്തകങ്ങൾ പറയുന്നത് വിലക്കയറ്റം കൂടിയാൽ കറൻസിയുടെ വിനിമയനിരക്കു താഴുമെന്നാണ്. പക്ഷേ, യുഎസ് ഡോളർ താഴ്ന്നില്ല. അതിനു പലിശ മാത്രമല്ല കാര്യം. യുഎസ് ഡോളറിനെ ഏറ്റവും ഭദ്രമായ കറൻസിയായി ലോകം കാണുന്നു. എല്ലാ രാജ്യങ്ങളും മിച്ചം സൂക്ഷിക്കുന്ന ഭദ്രസങ്കേത(Safe haven)മായി ഡോളറിനെ ഉപയോഗിക്കുന്നു. എല്ലാവരുടെയും കരുതൽ (Reserve) ഡോളറിലാകുമ്പോൾ അതിന്റെ വില എളുപ്പം ഉലയില്ല.

**അവിടെ കൂട്ടിയാൽ ഇവിടെയും കൂട്ടണം**

യുഎസ് പലിശ കൂട്ടുമ്പോൾ ഇന്ത്യയടക്കമുള്ള രാജ്യങ്ങൾക്ക് വെറുതേ ഇരിക്കാനാവില്ല. അവരും പലിശ കൂട്ടണം. അല്ലെങ്കിൽ മൂലധനം പുറത്തേക്ക് ഒഴുകും. വന്ന മൂലധനത്തിനു പുറമേ ആഭ്യന്തരമൂലധനവും പോകും. അതുകൊണ്ടുതന്നെ യുഎസ് നിരക്കു കൂട്ടുമ്പോൾ വികസ്വര രാജ്യങ്ങളും നിരക്കു കൂട്ടും. ഇന്ത്യയും കൂട്ടി. റിസർവ് ബാങ്ക് റീപോ നിരക്ക് കൂട്ടി. മൂന്നു തവണയായി നാലിൽനിന്നു 4.9 ശതമാനത്തിലേക്കു റീപോ നിരക്ക് ഉയർത്തി. ഇനി ഓഗസ്റ്റ് അഞ്ചിനും നിരക്ക് കൂട്ടും.

യുഎസും ഇന്ത്യയും മറ്റു രാജ്യങ്ങളും പലിശനിരക്കു കൂട്ടുന്നത് വിലക്കയറ്റം പിടിച്ചുനിറുത്താനാണ്. പലിശ കൂടുമ്പോൾ പണലഭ്യത കുറയും. അതു കുറയുമ്പോൾ അമിത പണലഭ്യത ഉപയോഗിച്ചുള്ള വിലക്കയറ്റം കുറയും. അതാണു സിദ്ധാന്തം.

**ഭയപ്പെടേണ്ടതു സാമ്പത്തികമാന്ദ്യത്തെ**

എന്നാൽ, ഇതിനൊരു പാർശ്വഫലം ഉണ്ട്. മുഖ്യഫലത്തേക്കാൾ ഗുരുതരമായ പാർശ്വഫലം. പലിശനിരക്കു കൂടുമ്പോൾ മനുഷ്യർ ചെലവു ചുരുക്കും. അപ്പോൾ വ്യാപാരം കുറയും. അതോടെ ഉത്പാദനം കുറയും. വില്പനയും ഉത്പാദനവും കുറയുമ്പോൾ ജോലികൾ കുറയും. പണി നഷ്ടപ്പെടും. പുതുതായി ജോലിക്ക് ആളെ എടുക്കില്ല. പണിയും വരുമാനവും കുറയും. അതാണു സാമ്പത്തികമാന്ദ്യം. അപ്പോൾ മൂലധനനിക്ഷേപം കുറയും. അത് വരുംമാസങ്ങളിലെയും വർഷങ്ങളിലെയും വളർച്ചയ്ക്കു ക്ഷീണം വരുത്തും.

മാന്ദ്യമാണു ഭയപ്പെടേണ്ട കാര്യം. രൂപയുടെ വിനിമയനിരക്ക് കുറയുമ്പോൾ ഇറക്കുമതിക്കു ചെലവേറുന്നതുപോലുള്ള പ്രശ്നങ്ങളേ ഉള്ളൂ. തൊഴിലിനെയും വരുമാനത്തെയും ബാധിക്കുന്ന ആഗോള പ്രശ്നമാണു മാന്ദ്യം. യുഎസും യൂറോപ്പും അങ്ങോട്ടു നീങ്ങുകയാണ്. അവിടങ്ങൾ മാന്ദ്യത്തിലായാൽ ഇന്ത്യയ്ക്കും അതുതന്നെ ഗതി. അതാണു ഗുരുതര പ്രശ്നം.

**രൂപയുടെ ദൗർബല്യഘടകങ്ങൾ പലത്**

രൂപയുടെ താഴ്ചയിൽ ആശങ്ക വളർത്തുന്ന ചില കാര്യങ്ങളുണ്ട്. ഒന്നാമത്തേത്, ഈ വർഷം കാലാവധിയാകുന്ന വിദേശകടങ്ങളാണ്. വിദേശ വ്യാപാര വായ്പകൾ അടക്കം 26,000 കോടി ഡോളറാണ് മാർച്ചിനുമുമ്പ് കാലാവധിയാകുന്നത്. ഇതിൽ പകുതിയോളം വരുന്ന വ്യാപാരവായ്പകൾ സ്വയമേവ പുതുക്കിവരും. ബാക്കി തുകയ്ക്കു വിദേശനാണ്യം കണ്ടെത്തണം. കമ്പനികൾ എടുത്തവയാണ് ഇവയിൽ സിംഹഭാഗവും. വിദേശത്തു പലിശ കൂടിയതിനാൽ പുതിയ വായ്പ എടുക്കുന്നതു നഷ്ടമാണ്. വിദേശനാണ്യം കണ്ടെത്തി വായ്പ അടയ്ക്കുകയേ നിർവാഹമുള്ളൂ. അതു റിസർവ് ബാങ്കിൽ സമ്മർദം ചെലുത്തും.

ഇന്ത്യൻ രൂപയെ ദുർബലമാക്കുന്ന മറ്റു ഘടകങ്ങൾ അതേപടി തുടരുകയാണ്. ക്രൂഡ് വില ഉയർന്നു നിൽക്കുന്നതും അതുവഴി വാണിജ്യകമ്മിയും കറന്റ് അക്കൗണ്ട് കമ്മിയും (രാജ്യത്തിനു മറ്റു രാജ്യങ്ങളുമായുള്ള എല്ലാ കൊടുക്കൽ വാങ്ങലുകളുടെയും അവശേഷം) കുതിച്ചു കയറുന്നതുമാണു കാതലായ പ്രശ്നങ്ങൾ.

ഡോളർ 80 രൂപയുടെ ചുറ്റുവട്ടത്തു നിർത്തണമെന്നാണു റിസർവ് ബാങ്ക് ഉദ്ദേശിക്കുന്നതെന്നു സൂചിപ്പിക്കുന്ന വിധമാണ് ബാങ്കിന്റെ ഇടപെടൽ. ഈ വർഷം ഇതുവരെ രൂപയെ താങ്ങിനിർത്താൻ 4000 കോടിയിലേറെ ഡോളർ ചെലവാക്കി. ഇപ്പോൾ 57,200 കോടി ഡോളറിലധികമുള്ള വിദേശനാണ്യശേഖരമാണ് റിസർവ് ബാങ്കിന്റെ യുദ്ധനിധി. രാജ്യത്തിന്റെ ഒൻപതു മാസത്തെ ഇറക്കുമതിക്കാവശ്യമായ തുകയാണിത്. നേരത്തേ 12 മാസത്തെ ഇറക്കുമതിക്കാവശ്യമായ തുക ഉണ്ടായിരുന്നതാണ്.

**വിദേശനാണ്യം കൂട്ടാൻ പുതിയ നടപടികൾ**

രൂപയെ ഇപ്പോഴത്തെ നിലവാരത്തിൽ നിർത്താൻ വിദേശനാണ്യ വരവു കൂട്ടാനും ചെലവു കുറയ്ക്കാനും നടപടികൾ ഉണ്ടായേക്കും. വിദേശത്തേക്കു നടത്താവുന്ന മൂലധനനിക്ഷേപത്തിനു താൽക്കാലികമായി നിയന്ത്രണമോ കുറഞ്ഞ പരിധിയോ പ്രഖ്യാപിക്കാം. ചിലയിനം ഇറക്കുമതികൾ കുറയ്ക്കാൻ ചുങ്കം വർധന അടക്കമുള്ള നടപടികളും പ്രതീക്ഷിക്കാം. കയറ്റുമതി വർധിപ്പിക്കാനും നടപടികൾ ഉണ്ടാകുമെന്നാണു സംസാരം. അതിന്റെ ഭാഗമാണ് ഇന്ധനങ്ങൾക്കുള്ള അധികച്ചുങ്കം കുറയ്ക്കൽ.

ബാങ്കുകളിലേക്കു വിദേശ കറൻസി നിക്ഷേപം (എഫ്സിഎൻആർ-ബി, എൻആർഇ) ആകർഷിക്കാൻ പ്രഖ്യാപിച്ച ഉയർന്ന പലിശ അടക്കമുള്ള നടപടികൾക്ക് കൂടുതൽ പ്രചാരം നൽകാനും ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. സമാന സാഹചര്യങ്ങളിൽ മുമ്പു ചെയ്തിട്ടുള്ളതുപോലെ വിദേശ കറൻസി ബോണ്ട് ഇറക്കുന്നതും പരിഗണനയിലുണ്ട്.

ഡോളർ 80 രൂപ കടക്കുമ്പോഴും ഇന്ത്യയുടെ 40 പ്രധാന വ്യാപാരപങ്കാളികളുടെ കറൻസികൾ അടങ്ങിയ സംവിധാനത്തിൽ രൂപയുടെ നില ഒട്ടും മോശമല്ല. ആ സംവിധാനത്തിൽ കണക്കാക്കുന്ന റിയൽ ഇഫക്ടീവ് എക്സ്ചേഞ്ച് റേറ്റ് (REER) ഇപ്പോഴും 104 നു മുകളിലാണ്. അതായത്, രൂപയുടെ വിനിമയനിരക്ക് നാലു ശതമാനം ഉയർന്നുനിൽക്കുന്നു. ബാങ്കുകളോ കയറ്റിറക്കുമതിരംഗത്തുള്ളവരോ വിനിമയനിരക്കു താഴുന്നതിൽ വലിയ ആശങ്ക പ്രകടിപ്പിക്കാത്തത് ഇതുകൊണ്ടാണ്.

**അന്നു ഡോളറിന് 3.3 രൂപ**

സ്വാതന്ത്ര്യം കിട്ടുന്ന 1947 ൽ ഡോളറിന് 3.3 രൂപയായിരുന്നു നിരക്ക്. അന്ന് രൂപ ബ്രിട്ടീഷ് പൗണ്ടുമായി ബന്ധിപ്പിച്ചിരുന്നതിനാൽ പൗണ്ട് – ഡോളർ നിരക്കായിരുന്നു രൂപയുടെ നിരക്കിനെ നിശ്ചയിച്ചിരുന്നത്. രണ്ടു വർഷത്തിനുശേഷം പൗണ്ടിന്റെ മൂല്യം 35 ശതമാനം കുറച്ചപ്പോൾ ഡോളറിനു 4.76 രൂപയായി. 1966 വരെ ഇതു തുടർന്നു. അക്കൊല്ലം ഇന്ത്യ മൂല്യശോഷണം പ്രഖ്യാപിച്ച് ഡോളറിന് 7.5 രൂപയാക്കി.

1980 കളിൽ രാജ്യം സ്ഥിരവിനിമയനിരക്ക് അവസാനിപ്പിച്ചു. ഇന്ത്യയുടെ പ്രധാന വ്യാപാരപങ്കാളികളുടെ കറൻസികൾ ഉൾപ്പെടുത്തിയ ഒരു സംവിധാനവുമായി രൂപയുടെ നിരക്ക് ബന്ധപ്പെടുത്തി. രൂപ ഭാഗികമായി വിപണിബന്ധിതമായി. 1991 ലെ സാമ്പത്തിക ഉദാരവത്കരണത്തിന്റെ തുടക്കത്തിൽ രൂപയുടെ മൂല്യം വീണ്ടും കുറച്ചു. 14 രൂപയിൽനിന്ന് 22 രൂപയിലെത്തിച്ചു. ക്രമേണ വിപണി നിശ്ചയിക്കുന്ന വില നിലവിൽ വന്നു. എങ്കിലും വിലയുടെ ഗതി നിയന്ത്രിക്കാൻ റിസർവ് ബാങ്ക് ഇടപെട്ടുടപോരുന്നു. ■



പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

# വാക്കുകളുടെ യുദ്ധക്കളം

മലയാളികളെ എങ്ങനെയൊക്കെ വിഡ്ഢികളാക്കാമെന്ന ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ആധുനികഗാനശില്പികൾ. ഓരോ ചിത്രം പുറത്തിറങ്ങുമ്പോഴും അതിലെ ഗാനങ്ങൾ നമ്മുടെ ക്ഷമ ഒന്നിനൊന്നു പരീക്ഷിക്കുന്നതായി മാറുന്നു. രചന, സംഗീതം, ആലാപനം, ചിത്രീകരണം ഇവയിൽ ഒരു ഘടകംപോലും ശരാശരി നിലവാരം പുലർത്താതെ നിർല്ലജ്ജം പ്രതിഭാദാരിദ്ര്യം പ്രകടിപ്പിക്കുകയാണ് ബന്ധപ്പെട്ടവർ. കണ്ടിരിക്കാൻ ഭേദപ്പെട്ട നിലയിൽ ചിത്രീകരിച്ച 'കീടം' എന്ന ചിത്രത്തിലെ ഈ ഗാനമൊന്നു ശ്രദ്ധിക്കുക.

“അങ്കംവെട്ടും നാള്
ആളിക്കത്തും ചൂട്
വേഗത്തിൽ കോപം കേറി
കാടിൻ ഉള്ളം മൂടും കാട്ടുതീ
നട്ടം കറങ്ങേണ്ടാ ഓട്ടം തുടങ്ങേണ്ടാ
വേട്ടയ്ക്കായ് വന്നവനും നിന്നവനും
തീയിൽ കുരുതി”

(ഗാനരചന – വിനായക് ശശികുമാർ; സംഗീതം – സിദ്ധാർത്ഥ പ്രദീപ്; ആലാപനം – സൗപർണിക രാജഗോപാൽ, ബിന്ദു അനിരുദ്ധൻ).

ഈ ഗാനത്തിൽ മലയാളത്തിനു പുറമേ ഇംഗ്ലീഷ്‌വരികളുമുണ്ട്. അവയുടെ രചന നിർവഹിച്ചിരിക്കുന്നത് ബിന്ദു അനിരുദ്ധനാണ്. ഇപ്പോഴത്തെ ട്രെന്റാണല്ലോ ലിറിക്കൽ വീഡിയോ. ഈ ഗാനം അങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്. പാട്ടിന്റെ വരികൾ മലയാളമാണെങ്കിലും ഇംഗ്ലീഷ് ലിപിയിലാണ് പൊതുവെ ലിറിക്കൽ വീഡിയോയിൽ എഴുതിക്കാണിക്കാറുള്ളത്. എന്നാൽ, പതിവിനു വിരുദ്ധമായി മലയാളം വരികൾ മലയാളത്തിൽ എഴുതിക്കാണിക്കാനുള്ള ഔദാര്യം ഇതിനു പിന്നിൽ പ്രവർത്തിച്ചവർ കാണിച്ചിട്ടുണ്ട്. അത്രയും ആശ്വാസം!

ചൂട് ആളിക്കത്തുമോ? അങ്ങനെ തോന്നും ഈ പാട്ടു കേൾക്കുമ്പോൾ. എന്തെങ്കിലും ആളിക്കത്തുമ്പോൾ ഉണ്ടാകുന്നതാണ് ചൂട് എന്നു പോലും അറിയില്ലെന്നുവന്നാൽ കഷ്ടംതന്നെയല്ലേ? വിഷമിക്കുക, കഷ്ടപ്പെടുക എന്നൊക്കെ അർത്ഥം വരുന്ന തരത്തിൽ നമ്മുടെ ഭാഷയിൽ പ്രചരിച്ചിട്ടുള്ള ശൈലിയാണ് 'നട്ടംതിരിയുക.' അതിനെ നട്ടം കറങ്ങലാക്കി ഭാഷാംഗനയെ വട്ടംചുറ്റിച്ചിരിക്കുന്നു പാട്ടെഴുത്തുകാരൻ. വേട്ടയ്ക്കായി വന്നവനെയും നിന്നവനെയും മാത്രമല്ല, ആസ്വാദകരെയും കുരുതി കൊടുത്തിരിക്കുന്നു, സാഹചര്യത്തിന്റെ പ്രാഥമികപാഠങ്ങൾപോലും അറിയാത്ത അദ്ദേഹം.

“ഉടലെരിയും വേനൽക്കാലം
നിൻ പാപങ്ങൾക്കിതു പാഠം
നീ വിലയായ് വാങ്ങും ശാപം
എൻ പകയിൽ കത്തും താപം
നിൻ ഭയമെൻ ഒന്നാം ലക്ഷ്യം
ആ പതനം കാണും നിത്യം
നീ ഇരുളിൽ തപ്പിത്തപ്പി
എൻ കെണിയിൽ വീഴും കീടം
നീ പണ്ടെൻ പിറകിൽ വന്നോ
എൻ സഹനം കുറവായ് കണ്ടോ
എൻ മുറിവിൽ പുളകംകൊണ്ടോ
എൻ വഴിയിൽ തടയായ് നിന്നോ
ഇന്നെല്ലാം തിരിയും നാള്
നീ ഇരയായ് മാറും, നേര്
വന്നെതിരേ നിൽക്കാൻ പോര്
കണ്ടറിയാം തമ്മിൽ ആര്”

ഈ വരികൾ വായിക്കുമ്പോൾ ചിലർക്കെങ്കിലും ന്യായമായ ഒരു സംശയം തോന്നാം, എന്തേ ഇത്രയും അക്ഷരത്തെറ്റുകൾ എന്ന്. ആ രക്തത്തിൽ എനിക്കു പങ്കില്ല. ലിറിക്കൽ വീഡിയോയിൽ കൊടുത്തിരിക്കുന്നതുപോലെ എടുത്തെഴുതിയിരിക്കുകയാണ്.

മലയാളഭാഷ അമൃതതുല്യമാണ്, മധുരമുള്ളതാണ് എന്നൊക്കെ നാം വീമ്പിളക്കാറുണ്ട്. നമുക്കു പ്രിയപ്പെട്ട ഭാഷ, അതിലെ പ്രിയപ്പെട്ട വാക്കുകൾ വക്കുടഞ്ഞും അർത്ഥലോപം വന്നും യുദ്ധക്കളത്തിലേതെന്നപോലെ മാറിയിരിക്കുന്നു. ഈ വികലമായ സൃഷ്ടിയെയും ഗാനമെന്നു വിളിക്കാൻ നാം നിർബദ്ധരാകുന്നു. 'കീടം' എന്ന ശീർഷകം ചിത്രത്തിനല്ല ഈ ഗാനത്തിനാണ് അക്ഷരംപ്രതി യോജിക്കുന്നത് എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ■

# ചരിത്രമെഴുതി നീരജ്



കെ. ജി. രഞ്ജിത്ത്

സ്വപ്രയത്നംകൊണ്ടു കായികലോകം കീഴടക്കി രാജ്യത്തിന് അഭിമാനനേട്ടം കൈവരിച്ച പ്രതിഭാശാലിയാണ് നീരജ് ചോപ്ര. 12-ാം വയസ്സിൽ 90 കിലോ ഭാരം, തടിയനെന്ന കൂട്ടുകാരുടെ പരിഹാസം കേട്ടാണ് നീരജ് ചോപ്ര ബാല്യകാലം തള്ളിനീക്കിയത്. അമിതവണ്ണംമൂലം മകൻ ദുഃഖിതനാണെന്നു മനസ്സിലാക്കിയ പിതാവ് നീരജിനെ അടുത്തുള്ള ജിംനേഷ്യത്തിൽ ചേർത്തു. അവിടെ ദിവസം 24 കിലോമീറ്ററോളം സൈക്ലിങ് ചെയ്തിരുന്നു. ഭക്ഷണം ക്രമീകരിച്ചു, ജീവിതത്തിൽ ചില ചിട്ടകൾ അവൻ ഏർപ്പെടുത്തി. അയാമഡ്ലൗഡായിലെ ആ ജിംനേഷ്യത്തിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗമായിരുന്നു നീരജ്. തുടർന്ന്, പാനിപ്പത്തിലുള്ള മറ്റൊരു ജിംനേഷ്യത്തിലും നീരജ് പരിശീലനം നേടി. കഠിനാധ്വാനംകൊണ്ട് അവൻ തന്റെ കുറവുകളെ ഇല്ലാതാക്കുകയായിരുന്നു.

**ജീവിതം വഴിമാറി**

സ്പോട്സിനോടുള്ള താത്പര്യംകൊണ്ടാകാം ജിംനേഷ്യത്തിനു സമീപത്തെ പാനിപ്പത് സ്പോർട്ട്സ് അതോരിറ്റി ഓഫ് ഇന്ത്യ എന്ന സ്ഥാപനം ആകുരുന്നുമനസ്സിനെ ആകർഷിച്ചത്. ഇവിടുത്തെ നിത്യസന്ദർശകനായി മാറിയ നീരജ് അവിടത്തെ കായികതാരങ്ങളുമായി സൗഹൃദത്തിലായി. ഇടയ്ക്കിടെ ജാവലിൻ ക്യാമ്പിലെത്തി മറ്റാരും കാണാതെ ചില പരീക്ഷണങ്ങളൊക്കെ നടത്തിയിരുന്ന നീരജിനെ ജയ്‌വീർസിങ് എന്ന ജാവലിൻ പരിശീലകൻ ശ്രദ്ധിച്ചു. അദ്ദേഹമാണ് നീരജിന്റെ കഴിവുകൾ കണ്ടെത്തിയത്. യാതൊരു പരിശീലനവുമില്ലാതെ 40 മീറ്ററോളം ദൂരത്തിൽ ജാവലിൻ എറിയാൻ നീരജിനു കഴിഞ്ഞതു മനസ്സിലാക്കിയ ജയ്‌വീർ അവനെ പരിശീലിപ്പിക്കാൻ തുടങ്ങി.

**കൈക്കരുത്തുകൊണ്ടു ലോകം കീഴടക്കി**

ജയ്‌വീറിന്റെ നിർദേശപ്രകാരമായിരുന്നു നീരജ് വീട്ടിൽനിന്നു നാലു മണിക്കൂർ അകലെയുള്ള




പഞ്ച്കുളത്തെ താവു ദേവി സ്പോർട്സ് കോംപ്ലക്സിൽ പ്രവേശനം നേടിയത്. നസീം അഹമദായിരുന്നു അവിടത്തെ പരിശീലകൻ. ജീവിതത്തിൽ വലിയ ചിട്ടകളും പ്രതീക്ഷകളും ഉണ്ടായതും അവിടെവച്ചാണ്. കഠിനാധ്വാനം ഒന്നുകൊണ്ടുമാത്രം അക്കാദമിയിലെ മികച്ച വിദ്യാർത്ഥിയായി നീരജ് മാറി. ഒരു വർഷത്തെ പ്രയത്നംകൊണ്ട് 55 മീറ്റർ വരെ ജാവ്‌ലിൻ പായിക്കാൻ നീരജിനു കഴിഞ്ഞു.

അധികം താമസിയാതെ 2012 ൽ ലക്നൗവിൽ നടന്ന ജൂനിയർ മീറ്റിൽ 68.40 മീറ്റർ ജാവലിൻ എറിഞ്ഞ് നീരജ് പുതിയ ദേശീയ റെക്കോഡ് സ്ഥാപിച്ചു. അടുത്തവർഷം യുക്രെയ്നിൽ ആദ്യത്തെ അന്താരാഷ്ട്രമത്സരത്തിനിറങ്ങി. 2014 ൽ ബാങ്കോക്കിൽ നടന്ന മീറ്റിൽ ആദ്യ അന്താരാഷ്ട്രമെഡൽ കരസ്ഥമാക്കി. 2014 ൽ നടന്ന ദേശീയ സീനിയർ മീറ്റിൽ 70 മീറ്റർ ദൂരം മറികടക്കുകയും തുടർന്നു നടന്ന ജൂനിയർ മീറ്റിൽ 81 മീറ്റർ ദൂരം താണ്ടുകയും ചെയ്തു.

തുടർന്ന് 2016 ലെ ദക്ഷിണേഷ്യൻ ഗെയിംസിൽ 84.23 മീറ്റർ ദൂരം പായിച്ച് നീരജ് സ്വർണമെഡൽ കരസ്ഥമാക്കി, ഇന്ത്യൻ ദേശീയ റെക്കോഡിനൊപ്പമെത്തി. 2016 ൽ പോളണ്ടിൽ നടന്ന ഐ.എ.എ.എഫ്. ലോക യു 20 ചാമ്പ്യൻഷിപ്പിൽ വീണ്ടും സ്വർണ മെഡൽ നേടി ലോകജൂനിയർ റെക്കോഡ് കരസ്ഥമാക്കി.

2017 ലെ ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ 85.23 മീറ്റർ എറിഞ്ഞ് സ്വർണ മെഡൽ നേടി. 2018 ലെ കോമൺവെൽത്ത് ഗെയിംസിൽ 86.47 മീറ്റർ എറിഞ്ഞ് സ്വർണം നേടി. കോമൺ വെൽത്ത് ഗെയിംസിൽ അത്‌ലറ്റിക്സ് സ്വർണം നേടിയ ചുരുക്കംചില താരങ്ങളിലൊരാളായും ജാവ്‌ലിൻ ത്രോയിൽ മെഡൽ നേടുന്ന ആദ്യത്തെ താരമായും നീരജ് മാറി. 2018 ലെ ദോഹ ഡയമണ്ട് ലീഗിൽ 87.43 മീറ്റർ മറികടന്ന് വീണ്ടും ദേശീയ റെക്കോഡ് തിരുത്തി.

2018 ഓഗസ്റ്റിൽ ഇന്ത്യയെ പ്രതിനിധീകരിച്ച നീരജ് ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ പതാകവാഹകനായിരുന്നു. അവിടെ വച്ച് 88.06 മീറ്റർ ദൂരം താണ്ടിയ നീരജ് സ്വർണ മെഡൽ കരസ്ഥമാക്കുകയും ഇന്ത്യൻ റെക്കോഡ് തിരുത്തുകയും ചെയ്തു. 2018 ൽ അർജുന അവാർഡ് നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. ■

# പുതിയ പാഠപുസ്തകത്തിലെ അക്ഷരമാല പ്രകാശനം ചെയ്തു



പുതിയ പാഠപുസ്തകത്തിലെ അക്ഷരമാല വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി പ്രകാശനം ചെയ്യുന്നു.

പാലാ: പാലാ മാതൃഭാഷാപോഷകസന്നദ്ധസമിതിയുടെയും പാലാ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയുടെയും സംയുക്താഭിമുഖ്യത്തിൽ പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ ഓഡിറ്റോറിയത്തിൽ ചേർന്ന പൊതുസമ്മേളത്തിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി 'സമഗ്രസാക്ഷര പാലാ' പ്രോജക്ട് ഉദ്ഘാടനവും പുതിയ പാഠപുസ്കത്തിൽ ചേർത്തിട്ടുള്ള അക്ഷരമാല പ്രകാശനവും നിർവഹിച്ചു. ചടങ്ങിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു.

എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിൽ കത്തോലിക്കാസഭ, പ്രത്യേകിച്ചും പാലാ രൂപത ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ പ്രശംസനീയമാണെന്നും വിദ്യാഭ്യാസമന്ത്രി എന്ന നിലയിൽ തനിക്കു ചെയ്യാവുന്ന എല്ലാ സഹായങ്ങളും നല്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

അക്ഷരമാല പാഠാവലിയിൽനിന്ന് ഒഴിവാക്കപ്പെട്ടത് അങ്ങേയറ്റം നിർഭാഗ്യകരമായിപ്പോയെന്നും അതു പുനഃസ്ഥാപിക്കാൻ ബഹുമാനപ്പെട്ട ഡോ. തോമസ് മൂലയിലച്ചന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്നും, ആ കുറവു നികത്തിയ വിദ്യാഭ്യാസമന്ത്രിയുടെ ധീരമായ തീരുമാനം ഭാഷയ്ക്കൊരിക്കലും വിസ്മരിക്കാനാകില്ലെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷന്റെ 'നിറക്കൂട്ട് 2022' ചിത്രീകരണം പ്രകാശനം ചെയ്തുകൊണ്ട് മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ, കോളജിന്റെ സാമൂഹികപ്രതിബദ്ധതയെയും പുതുമയും തന്മയമുള്ള പ്രവർത്തനങ്ങളെയും പ്രശംസിച്ചു.

റവ. ഡോ. തോമസ് മൂലയിൽ 'സമഗ്രസാക്ഷരപാലാ' പ്രോജക്ടിന്റെ പതിനഞ്ചിനപരിപാടികളും അക്ഷരപഠനോപാധികളും അവതരിപ്പിച്ചു. മാണി സി. കാപ്പൻ എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര, പാലാ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, കോളജ് പ്രിൻസിപ്പൽ സി. ഡോ. ബീനാമ്മ മാത്യു, വൈസ് പ്രിൻസിപ്പൽ ഡോ. റ്റി.സി. തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു.




അക്ഷരസമരത്തിന്റെ അമരക്കാരൻ ഡോ. തോമസ് മൂലയിലിനെ ദീപനാളം ഓഡിറ്റോറിയത്തിൽ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പൊന്നാടയണിയിക്കുന്നു. ഫാ. കുര്യൻ തടത്തിൽ, ഡോ. ഡേവിസ് സേവ്യർ, ഡോ. കുര്യാസ് കുമ്പളക്കുഴി, മോബിൻ മോഹൻ, ജോയി മുത്തോലി എന്നിവർ സമീപം.

# സന്ന്യസ്തരോടെന്തേ ഇത്ര അവഗണന?



സിജോ പൈനാടത്ത്

*'ഞാൻ ഒന്നുമല്ല, എനിക്ക് ഒന്നുമില്ല; ഈ ലോകത്തിലുള്ളതൊന്നും എനിക്കു വേണ്ട എന്ന മനോഭാവത്തിൽ ഒരുവൻ എത്തിച്ചേരുമ്പോൾ എനിക്കു ദൈവത്തെ വേണം, ദൈവത്തെ മാത്രം മതി എന്ന മനോഭാവത്തിലേക്ക് അയാൾ ഉയരും.'*

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റേതാണു വാക്കുകൾ.

തങ്ങളുടെ ജീവനും ജീവിതവും ദൈവത്തിനും സഭയ്ക്കും സമൂഹത്തിനുമായി പകുത്തുനൽകിയ സന്ന്യസ്തരോരോരുത്തരും ഈ മനോഭാവത്തിന്റെ ഔന്നത്യം തിരിച്ചറിഞ്ഞവരാണ്. ലോകത്തിന്റേതായതിനെല്ലാം അപ്പുറത്ത് ദൈവികവും ശാശ്വതവുമായ മഹിതപുണ്യങ്ങൾ മനസ്സിലേറ്റി നമുക്കു ചുറ്റും പ്രകാശം പരത്തി ജീവിക്കുന്നവരാണവർ. നമ്മളെല്ലാം ആ തിരിവെട്ടങ്ങൾ ഇത്തിരിയോളമെങ്കിലും അനുഭവിച്ചവരാണ്. ചില ജീവിതങ്ങൾക്ക് അത് വഴിത്തിരിവിന്റെ ഉജ്ജ്വലശോഭയായതും നാം തിരിച്ചറിഞ്ഞിട്ടുണ്ട്.

**മറച്ചുവച്ചാലും മായില്ല**

കേരളത്തിന്റെ ആത്മീയവർത്തമാനങ്ങൾക്കുപുറമേ, സാമൂഹിക, വിദ്യാഭ്യാസ, ആതുരസേവനരംഗങ്ങളിലെ ചരിത്രം പരിശോധിക്കുമ്പോൾ, സന്ന്യസ്തരുടെ ക്രിയാത്മക ഇടപെടലുകളോടുള്ള കടപ്പാട് എത്ര മറച്ചുവച്ചാലും മാഞ്ഞുപോകുന്നതല്ല. വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, അച്ചടിശാലകൾ, അഭയകേന്ദ്രങ്ങൾ.... ഇങ്ങനെ നീളുന്നു ക്രൈസ്തവ സഭയുടെയും സന്ന്യസ്തരുടെയും സാമൂഹിക ഇടപെടലുകളുടെ തലപ്പൊക്കങ്ങൾ. ഇവയെല്ലാം നിസ്സാരവത്കരിക്കാനും തമസ്കരിക്കാനും ആസൂത്രിതശ്രമങ്ങൾ നടക്കുന്നുവെന്ന സംശയം പരക്കെ ഉയരുന്നുണ്ട്. അത്തരം മറച്ചുപിടിക്കലുകളും അവഗണനകളും ഇന്നാരംഭിച്ചതല്ല; ഇടതു, വലതു, മോദിപ്പാർട്ടികൾക്കെല്ലാം അവഗണിച്ചതിന്റെ അളവുതൂക്കങ്ങളിൽ മാത്രമാണു വ്യത്യാസം. ക്രൈസ്തവ സന്ന്യസ്തജീവിതങ്ങൾ നമ്മുടെ ഇന്നലെകളിൽ വെളിച്ചം പരത്തിയതിന്റെ വിശേഷങ്ങൾ പാഠപുസ്തകങ്ങളിൽനിന്നു മറച്ചുവയ്ക്കപ്പെടുന്നതിൽവരെ അത്തരം ഔദ്യോഗിക അവഗണനകൾ എത്തിയെന്നു മാത്രം.

**നിഷേധിക്കപ്പെടുന്ന നീതി**

ഭൗതികവസ്തുക്കളിൽനിന്നും സൗകര്യങ്ങളിൽനിന്നും സന്ന്യസ്തജീവിതങ്ങൾ നിശ്ചിത അകലം പാലിക്കുമ്പോഴും, പൗരന്മാരെന്ന നിലയിൽ ഈ സമൂഹവും രാജ്യവും ഉറപ്പുനൽകുന്ന പരിഗണനയും അവകാശങ്ങളും, അധികാരസോപാനങ്ങളിലിരിക്കുന്നവർ അവർക്കു കൊടുക്കണ്ടേ? അവരും ഈ രാജ്യത്തെ പൗരന്മാർതന്നെയെന്നു സർക്കാരുകൾ മനസ്സിലാക്കാത്തതെന്ത്? ക്രൈസ്തവ സന്ന്യസ്തർ എന്നതുകൊണ്ടു നിഷേധിക്കപ്പെടുന്ന നീതി, ഭരണഘടനയോടും പൗരാവകാശങ്ങളോടുമുള്ള വെല്ലുവിളിയാണ്.

അടുത്ത നാളുകളിൽ സന്ന്യസ്തർക്കു കേരളത്തിന്റെ ബ്യൂറോക്രസി 'സമ്മാനിച്ച' ചില നീതിനിഷേധത്തിന്റെ വർത്തമാനങ്ങൾ നാം അറിയണം.

**റേഷൻ മുടക്കുന്നവർ**

സംസ്ഥാനത്തു പൊതുവിതരണ വകുപ്പ്, അഞ്ചു വിഭാഗം റേഷൻ കാർഡുകാണു വിതരണം ചെയ്തിട്ടുള്ളത്.

1. അന്ത്യോദയ അന്നയോജന (എഎവൈ - മഞ്ഞനിറത്തിലുള്ള കാർഡ്)
2. പ്രയോരിറ്റി ഹൗസ് ഹോൾഡ് (പിഎച്ച്എച്ച് - പിങ്ക്)

(ഈ രണ്ടു വിഭാഗങ്ങളും മുൻഗണനാപ്പട്ടികയിലുള്ളതാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെന്ന നിലയിൽ റേഷൻകടകൾ ഭക്ഷ്യവസ്തുക്കൾ ഉറപ്പായും അധികമായും ലഭിക്കുന്ന വിഭാഗങ്ങളാണിത്. ഇവർക്കു റേഷൻസാധനങ്ങൾ മുടങ്ങാതിരിക്കാൻ സർക്കാരുകൾ എല്ലാക്കാലത്തും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടെന്നത് അഭിനന്ദനാർഹമാണ്.)

3. നോൺ പ്രയോരിറ്റി സബ്സിഡി (എൻപിഎസ് - നീല)
4. നോൺ പ്രയോരിറ്റി നോൺ സബ്സിഡി (എൻപിഎൻഎസ് - വെള്ള)
5. നോൺ പ്രയോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ (എൻപിഐ - ബ്രൗൺ)

ഇതിൽ അഞ്ചാമത്തെ വിഭാഗമായ എൻപിഐയിലാണു സന്ന്യസ്തർ, വൈദികർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതുവിതരണവകുപ്പ് കുടുംബങ്ങൾക്കു നൽകുന്ന റേഷൻകാർഡുകളുടെ നിർവചനത്തിലും, ഏതെങ്കിലും മുൻഗണനാ പട്ടികയിലും ഉൾപ്പെടാത്തവർക്കാണ് എൻപിഐ റേഷൻ കാർഡ് അനുവദിക്കുന്നത്.

കോൺവെന്റുകൾക്കും സന്ന്യാസാശ്രമങ്ങൾക്കും റേഷൻസാധനങ്ങൾ ലഭിക്കുന്നതിന് 2016 വരെ പ്രത്യേക പെർമിറ്റ് നിലവിലുണ്ടായിരുന്നു. ആ വർഷം അതു നിറുത്തിലാക്കി. സന്ന്യസ്തരുടെയുൾപ്പെടെ നിരന്തരമായ ആവശ്യങ്ങൾ പരിഗണിച്ചാണ് 2021 മാർച്ചിൽ ഇവർക്കു നോൺ പ്രയോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡും റേഷൻവിഹിതവും അനുവദിച്ചത്.

പ്രതിമാസം 10. 90 രൂപ നിരക്കിൽ രണ്ടു കിലോ അരിയും 17 രൂപയ്ക്ക് ഒരു കിലോ ആട്ടയുമാണ് എൻപിഐ കാർഡുടമകളായ സന്ന്യസ്തർക്കു ലഭിച്ചിരുന്നത്. ഇതിൽ സർക്കാർ ഇപ്പോൾ വെട്ടിക്കുറവ് വരുത്തിയിരിക്കുന്നു. പ്രതിമാസം രണ്ടു കിലോ അരിക്കൊപ്പം നൽകിയിരുന്ന ആട്ട ഇനി ഇവർക്കു കിട്ടില്ല. ജൂലൈ മാസംമുതൽ തീരുമാനം നടപ്പാക്കാൻ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് താലൂക്ക് സപ്ലൈ ഓഫീസുകളിലും റേഷൻകടയുടമകൾക്കും നൽകി.

പഞ്ചസാര, മണ്ണെണ്ണ, ഉത്സവസീസണുകളിലെ ഭക്ഷ്യക്കിറ്റുകൾ എന്നിവയൊന്നും ഇവർക്കു നാളിതുവരെ നൽകിയിട്ടില്ല. ഇനി ആകെയുള്ള രണ്ടു കിലോ അരിയും വൈകാതെ നിലച്ചേക്കുമെന്നു സൂചനയുണ്ട്.

കേന്ദ്രവിഹിതം വെട്ടിക്കുറച്ചത് സന്ന്യസ്തർക്കുള്ള റേഷൻ വെട്ടിക്കുറയ്ക്കാൻ കാരണമെന്നാണു സംസ്ഥാന സർക്കാരിന്റെ വാദം. അതേസമയം, മറ്റു കാറ്റഗറികളിൽ മിച്ചം വരുന്നതും നീക്കിവയ്ക്കുന്നതുമായ റേഷൻവിഹിതം എൻപിഐ വിഭാഗത്തിലുള്ളവർക്കു വിതരണം നടത്തിയിരുന്നു. ഇനി അതും വേണ്ടതില്ലെന്നാണ് ഉത്തരവ്. എൻപിഐ വിഭാഗത്തിനു പ്രത്യേകം അനുവദിക്കുന്ന റേഷൻ വിഹിതം മാത്രമേ ഇനി കിട്ടൂ എന്നർത്ഥം.

**മരിച്ചവരോടും വിവേചനം!**

ജീവിച്ചിരിക്കുന്ന സന്ന്യസ്തരോടു മാത്രമല്ല, മരിച്ചവരോടുമുണ്ട് സർക്കാരുകളുടെ വിവേചനവും അവഗണനയും. കോവിഡ് ബാധിച്ചു മരിച്ച സന്ന്യാസിനിയെങ്കിൽ സർക്കാരിന്റെ നഷ്ടപരിഹാരമില്ലെന്ന വിചിത്രവിശേഷവും അധികാരകേന്ദ്രങ്ങളിൽനിന്നു നാം കേട്ടതും അടുത്തിടെയാണ്.

മരിച്ച സന്ന്യാസിനിമാരുടെ കോൺഗ്രിഗേഷൻ സുപ്പീരിയർമാർ അപേക്ഷ നൽകി പലവട്ടം ഓഫീസുകൾ കയറിയിറങ്ങിയിട്ടും മാസങ്ങളോളം കാത്തിരുന്നിട്ടും സാങ്കേതികകാരണങ്ങൾ നിരത്തി നഷ്ടപരിഹാരം നിഷേധിക്കുകയാണ്.

കോവിഡിൽ മരിച്ച സന്ന്യാസിനിമാർക്കായി നഷ്ടപരിഹാരത്തുകയ്ക്ക് അപേക്ഷ നൽകുന്നത്, അവരുടെ രക്ഷാകർത്താവ് എന്ന നിലയിൽ ബന്ധപ്പെട്ട സന്ന്യാസസമൂഹത്തിന്റെ സുപ്പീരിയറാണ്. ആരോഗ്യ, റവന്യു, പഞ്ചായത്തു വകുപ്പുകളിലെ വിവിധ ഓഫീസുകൾ കയറിയിറങ്ങി സർക്കാർ നിർദേശപ്രകാരമുള്ള രേഖകളെല്ലാം സമാഹരിച്ച് അപേക്ഷ നൽകിയിട്ടും നഷ്ടപരിഹാരത്തുക കിട്ടാത്ത നിരവധി മഠങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്.

മരണസർട്ടിഫിക്കറ്റ്, ആശുപത്രിയിൽനിന്നുള്ള ഡെത്ത് സമ്മറി, മരിച്ചയാളുടെ ആധാർകാർഡിന്റെ പകർപ്പ്, അപേക്ഷികയുടെ റേഷൻ കാർഡിന്റെ പകർപ്പ്, ബന്ധപ്പെട്ട കോൺഗ്രിഗേഷൻ സുപ്പീരിയറുടെ ഓഥറൈസേഷൻ ലെറ്റർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി അക്ഷയ കേന്ദ്രങ്ങൾവഴി ഓൺലൈനായാണ് അപേക്ഷ നൽകുന്നത്.

കോവിഡിൽ മരിച്ചയാളുടെ നിയമപരമായ അനന്തരാവകാശിക്കാണ് നഷ്ടപരിഹാരത്തുക നൽകുന്നതെന്നാണ് വിഷയത്തിൽ സർക്കാർ വാദം.

സന്ന്യാസിമാരെ സംബന്ധിച്ച് അവരുടെ പൂർണചുമതല അവർ അംഗമായ കോൺഗ്രിഗേഷനാണ്. സന്ന്യസ്തരുടെ ഉപരിപഠനത്തിനും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്കും കോൺഗ്രിഗേഷൻ സുപ്പീരിയർമാരാണ് രക്ഷാകർത്താവ് എന്ന നിലയിൽ രേഖകളിൽ ഒപ്പുവയ്ക്കുന്നത്. മരിച്ച സന്ന്യസ്തരുടെ ഡെത്ത് സർട്ടിഫിക്കറ്റും അനുബന്ധരേഖകളും കൈപ്പറ്റുന്നതും സുപ്പീരിയർമാരാണ്. അതെല്ലാം സർക്കാർ സംവിധാനങ്ങൾ അംഗീകരിക്കുമ്പോഴാണ്, കോവിഡിൽ മരിച്ച സന്ന്യസ്തരുടെ നഷ്ടപരിഹാരത്തുകയുടെ കാര്യത്തിലുള്ള അവഗണന.

രാജ്യത്തു കോവിഡ് ബാധിച്ചു മരിച്ച ഏതൊരാളുടെയും കുടുംബത്തിന് 50,000 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്. ബിപിഎൽ വിഭാഗത്തിലെ മരിച്ചവരുടെ കുടുംബത്തിനു നഷ്ടപരിഹാരത്തുകയ്ക്കു പുറമേ മൂന്നു വർഷത്തേക്ക് പ്രതിമാസം 5,000 രൂപ വീതം പെൻഷനും ലഭിക്കും.

കോവിഡ് ബാധിച്ചു മരിച്ചവരുടെ പേരിലുള്ള നഷ്ടപരിഹാരം സമയം പാഴാക്കാതെ നൽകണമെന്നു വ്യക്തമാക്കി സംസ്ഥാനങ്ങൾക്കു സുപ്രീംകോടതി അടുത്തിടെ നൽകിയ നിർദേശത്തിനും ഇവിടെ പുല്ലുവില!.

**ഇതൊന്നുമില്ലെങ്കിലും**

ഏതൊരു പൗരനും അർഹതപ്പെട്ട റേഷനും നഷ്ടപരിഹാരങ്ങളും സന്ന്യസ്തർക്കു നിഷേധിക്കപ്പെടുന്നുവെന്നതിന്റെ പേരിൽ വല്ലാത്ത പ്രതിഷേധത്തിനും പ്രകടനത്തിനും പ്രസ്താവനകൾക്കുമൊന്നും അധികമാരും മുന്നോട്ടുവന്നെന്നുവരില്ല. ഇത്തരം ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചല്ല സന്ന്യസ്തർ തങ്ങളുടെ സമർപ്പിതജീവിതം തുടങ്ങിയതും മുന്നോട്ടുപോകുന്നതും. തികഞ്ഞ ദൈവാശ്രയബോധത്തോടെ, നിറഞ്ഞ സന്തോഷത്തോടെ സന്ന്യസ്തർ തങ്ങളുടെ വിളിക്കനുസരിച്ചുള്ള വിശുദ്ധജീവിതം നയിച്ചുകൊണ്ടേയിരിക്കും. നിസ്വാർത്ഥമായി, നിശ്ശബ്ദമായി...

എങ്കിലും തങ്ങൾക്കുവേണ്ടിയല്ലാതെ, മറ്റുള്ളവർക്കുവേണ്ടി ജീവിതം സമർപ്പിച്ച സന്ന്യസ്തജീവിതങ്ങളോടു രാജ്യത്തെ ഔദ്യോഗികസംവിധാനങ്ങൾ പുലർത്തുന്ന അവഗണനകളുടെ ഭാഷ സമൂഹം തിരിച്ചറിയുകതന്നെ വേണം. സന്ന്യസ്തർക്കും സഭാസംവിധാനങ്ങൾക്കും നേരേ ഒളിഞ്ഞും തെളിഞ്ഞും നടക്കുന്ന ചെറുതും വലുതുമായ ഇത്തരം അവഗണനകളുടെയും നീതിനിഷേധങ്ങളുടെയും പിന്നിലെ രാഷ്ട്രീയംകൂടി മനസ്സിലാക്കേണ്ടതുണ്ട്. ■

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

നോവൽ 24



# ദേവരക്തം

ഗിരീഷ് കെ. ശാന്തിപുരം

പുനഃപ്രതിഷ്ഠാകർമം മുടങ്ങി. മരണം സംഭവിച്ച വീടാണ്. കാരണവരുടെ മരണാനന്തരകർമങ്ങളാണ് ഇപ്പോൾ നടക്കേണ്ടത്. അതിനുള്ള ഒരുക്കങ്ങളായിരുന്നു പിന്നീട്.

പുനഃപ്രതിഷ്ഠയ്ക്കിനി ആചാരപ്രകാരം നാളുകൾ കഴിയണം. പെലയുണ്ട്. അതു കഴിയണം. ക്ഷേത്രത്തിൽ പുണ്യാഹം വേണം.

നാല്പത്തൊന്നാം ദിവസം പെല കഴിഞ്ഞു. ചിതാഭസ്മം കടലിലൊഴുക്കി. മരണാനന്തരകർമങ്ങൾ പാടേ തീർപ്പാക്കി. പക്ഷേ, പിന്നീട് പ്രതിഷ്ഠാകർമം മാത്രം നടന്നില്ല.

നീലകണ്ഠനായിരുന്നു മരുതുകുളങ്ങരത്തറവാടിന്റെ നെടുംതൂൺ. അയാൾ വഴിമാറിപ്പോയി. പിന്നെയുണ്ടായിരുന്നത് കാരണവരാണ്. അദ്ദേഹവും പോയി.

പരാന്നഭോജികളായിരുന്ന ബ്രാഹ്മണരും പോറ്റിമാരും മുടങ്ങിപ്പോയ പ്രതിഷ്ഠാകർമങ്ങളെക്കുറിച്ചു ശബ്ദിച്ചില്ല. സംസാരിച്ചാൽത്തന്നെ മരുതുകുളങ്ങരത്തറവാടിന് ഇനി അതിനുള്ള പാങ്ങില്ല.

പക്ഷേ, മറ്റൊന്നു നിയതിയുടെ നിയമംപോലെ നട്ടാലത്തും പരിസരപ്രദേശത്തും സാവധാനം സംഭവിച്ചുകൊണ്ടിരുന്നു. നീലകണ്ഠന്റെ വാക്കുകളെ ധിക്കരിച്ചതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചതെന്ന് കുറെ ആളുകൾ വിശ്വസിച്ചു. നീലകണ്ഠനാണ് ശരി. നീലകണ്ഠന്റെ വിശ്വാസമാണ് ശരി. ആളുകൾ ക്രിസ്തുമതം സ്വീകരിക്കാൻ തുടങ്ങി.

നട്ടാലം ക്ഷേത്രാധികാരികൾക്കും ബ്രാഹ്മണപുരോഹിതർക്കും ഈ സംഭവങ്ങൾ വല്ലാത്ത ക്ഷതമായിപ്പോയി. വല്ലാത്തൊരു അപമാനഭാരം അവരെ മഥിക്കാൻ തുടങ്ങി. പക്ഷേ, ഒരു പരാജയം സമ്മതിക്കാൻ അവർ ഒരുക്കമായിരുന്നില്ല.

അവർ പത്മനാഭപുരത്തെത്തി. കോട്ടപ്പണിയുടെ സമയമായിരുന്നതിനാൽ മേൽനോട്ടത്തിനായി രാമയ്യൻ ദളവ പത്മനാഭപുരത്തുണ്ടായിരുന്ന സമയം.

രാമയ്യൻ ദളവ മാർത്താണ്ഡവർമ മഹാരാജാവിന്റെ പ്രധാനമന്ത്രിയായിരുന്നു. രാജഭക്തനും രാജ്യക്ഷേമതത്പരനുമായിരുന്ന രാമയ്യന് കൊട്ടാരത്തിൽ വളരെ വലിയ സ്വാധീനമാണുണ്ടായിരുന്നത്.

ദേവസഹായത്തിന്റെ ശത്രുക്കൾ മരുതുകുളങ്ങരയിൽ നടന്ന സംഭവങ്ങളും ദേവസഹായത്തിന്റെ മതപരിവർത്തനവും മറ്റും പൊടിപ്പും തൊങ്ങലും വച്ച് അദ്ദേഹത്തെ പറഞ്ഞു ധരിപ്പിച്ചു. പക്ഷേ, അതൊന്നും വലിയ കാര്യമായി രാമയ്യൻദളവയ്ക്കു തോന്നിയില്ല. അദ്ദേഹം പറഞ്ഞു:

"നിങ്ങൾ പറയുന്നതൊക്കെ ശരിതന്നെ. പ്രതിഷ്ഠാകർമം തടസ്സപ്പെട്ടു. അതിനുള്ള കാരണം നീലകണ്ഠനല്ലല്ലോ. കാരണവരുടെ മരണമല്ലേ... പിന്നെ അയാൾ ക്രിസ്തുമതം സ്വീകരിച്ചു എന്നുള്ളത്. അതയാളുടെ വ്യക്തിപരമായ കാര്യം. അന്യമതം സ്വീകരിക്കുന്നതിനു നമ്മുടെ രാജ്യത്തെ നിയമങ്ങളൊന്നും തടസ്സം നില്ക്കുന്നില്ലല്ലോ."

ബ്രാഹ്മണാരോപണങ്ങളുടെ മുനയൊടിഞ്ഞു. തങ്ങളുടെ തന്ത്രങ്ങൾ വിലപ്പോകുന്നില്ലെന്നു കണ്ട അവർ മാർഗമൊന്നു മാറ്റിപ്പിടിച്ചു.

"അല്ലയോ മന്ത്രിപുംഗവാ, താങ്കൾ ചിന്തിക്കുന്നതുപോലെയല്ല കാര്യങ്ങൾ. അവൻ ബ്രാഹ്മണരെയും നമ്മുടെ ദേവീദേവന്മാരെയും അധിക്ഷേപിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നു. വേദേതിഹാസങ്ങളെ പുച്ഛിക്കുന്നു. എന്തിനധികം, മഹാരാജാവിനെക്കുറിച്ചുപോലും അപവാദങ്ങൾ പ്രചരിപ്പിക്കുന്നു. മാത്രമോ ക്രിസ്തുമതം സ്വീകരിച്ച അവൻ നമ്മുടെ ജനങ്ങളെ അവന്റെ മതത്തിൽ ചേർക്കുന്നു. ഇക്കണക്കിനു പോയാൽ നമ്മുടെ മതം ഈ നീട്ടിൽ അന്യംനിന്നുപോകും."

തികഞ്ഞ രാജഭക്തനും കറകളഞ്ഞ ഹൈന്ദവവിശ്വാസിയുമായിരുന്ന രാമയ്യനു ദേവസഹായത്തിനോട് കലശലായ ദേഷ്യമുണ്ടായി. അദ്ദേഹം പറഞ്ഞു:

"നിങ്ങൾ സമാധാനമായിരിക്കുക. നാം മഹാരാജാവിനോടു കാര്യങ്ങളുണർത്തിച്ച് അവന്റെ അഹങ്കാരത്തെ ശമിപ്പിക്കുന്നുണ്ട്."



ബ്രാഹ്മണർ സന്തോഷപൂർവം മടങ്ങി. ദേവസഹായത്തിനെതിരേ നീങ്ങാൻ രാമയ്യൻ ഒരവസരം പാർത്തിരുന്നു.

അങ്ങനെയിരിക്കെയാണ് വടക്കുംകുളത്തുനിന്ന് പരംജ്യോതിനാഥസ്വാമികളുടെ ഒരു കുറിമാനം ദേവസഹായത്തിന് എത്തിച്ചുകിട്ടിയത്.

വടക്കുംകുളത്ത് പുത്തനായി ഒരു ദേവാലയം കെട്ടിപ്പടുക്കുന്നതിനാവശ്യമായ തേക്കിൻതടി മുറിക്കുന്നതിനും അരുവാമൊഴി ചൗക്ക വഴി അതു കടത്തിക്കൊണ്ടുപോരുന്നതിനുമുള്ള അനുവാദം വാങ്ങിത്തരണമെന്നും കത്തിൽ കുറിച്ചിരുന്നു.

വടക്കുംകുളത്ത് പുതിയ ദേവാലയം നിർമിക്കാനൊരുങ്ങുന്നു എന്നറിഞ്ഞപ്പോൾ ദേവസഹായത്തിന് അതിയായ സന്തോഷം തോന്നി. അദ്ദേഹം സമയം പാഴാക്കാതെ രാമയ്യൻ ദളവയെ ചെന്നുകണ്ട് ആദരവോടെ പറഞ്ഞു:

"മഹാരാജാവ് തിരുമനസ്സിന്റെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായ അല്ലയോ മന്ത്രി ശ്രേഷ്ഠാ, അങ്ങേക്കു നമസ്കാരം. ബഹുമാനപ്പെട്ട പരംജ്യോതിനാഥസ്വാമികൾ വടക്കുംകുളത്ത് ഒരു പള്ളി പുത്തനായി പണിയുന്നതിന് ആവശ്യമുള്ള തേക്കുമരം മുറിക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടിരിക്കുന്നു. ആയതിലേക്ക് താങ്കൾ അനുവാദം തന്നാൽ ദൈവം എപ്പോഴും അങ്ങയോട് കൃപയുള്ളവനായിരിക്കും."

ഇത്രയും പറഞ്ഞു തീർന്നപ്പോൾത്തന്നെ രാമയ്യൻ ഇരിപ്പിടത്തിൽനിന്നു ചാടിയെഴുന്നേറ്റ് വർദ്ധിച്ച കോപത്തോടെ ദേവസഹായത്തിനു നേരേ ഗർജിച്ചു.

"ഹേ നീലകണ്ഠാ ദ്രോഹീ, നീ ബ്രാഹ്മണരെയും നമ്മുടെ ദേവീദേവന്മാരെയും നിന്ദിച്ചുവോ? പൊന്നുതമ്പുരാന്റെ പൂജനീയരായ ബ്രാഹ്മണരെ അനാദരിക്കാൻ നീ പുറപ്പെട്ടിരിക്കയാണോ? ബ്രാഹ്മണരെ ഉപദേശിക്കാനുള്ള സാമർത്ഥ്യം നിനക്കെവിടുന്നു കിട്ടി? ബ്രാഹ്മണരെ അധിക്ഷേപിക്കാനും ഉപദേശിക്കാനുമുള്ള സാമർത്ഥ്യം നിനക്കാരാണു തന്നത്? ഒരു ബ്രാഹ്മണനു തെറ്റി എന്നു ലോകത്തിലാരും പറയുകയില്ല. നമ്മെയും നമ്മുടെ ദേവന്മാരെയും ആക്ഷേപിച്ച നിന്റെ നാക്കിനെ അടക്കി നിന്നെയും നിന്റെ കൂട്ടാളികളെയും കഴുമരത്തിൽ കയറ്റുന്നുണ്ട്. നിശ്ചയം."

അടക്കാനാവാത്ത ദേഷ്യത്തിൽ പുകഞ്ഞുകത്തുകയായിരുന്നു രാമയ്യൻ. ഒരാക്രമണം പോലും മന്ത്രിയിൽനിന്ന് ദേവസഹായം പ്രതീക്ഷിച്ചു. പക്ഷേ, അതുണ്ടായില്ല. മന്ത്രിയുടെ ആക്രോശത്തിൽ ദേവസഹായം ഭയപ്പെട്ടതുമില്ല. ഭയലേശമെന്യേ ദേവസഹായം പറഞ്ഞു:

"അല്ലയോ മന്ത്രിശ്രേഷ്ഠാ, അങ്ങു പറഞ്ഞതുപോലെ വേദാനുസാരികളെ വധിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ എന്തിനു മടിക്കുന്നു. ഇപ്പോൾത്തന്നെ അങ്ങയുടെ ആഗ്രഹം നിറവേറ്റിയാലും."

അതുകൂടി കേട്ടപ്പോൾ ദളവായുടെ കോപം ഇരട്ടിച്ചു. മറുപടിയൊന്നും പറയാൻ കൂട്ടാക്കാതെ അദ്ദേഹം മുറിക്കകത്തേക്കു കയറി ദേവസഹായത്തിന്റെ മുഖത്തേക്കെന്നപോലെ വാതിൽ വലിച്ചടച്ചു.

പരംജ്യോതിനാഥസ്വാമികളുടെ ആവശ്യം നിവർത്തിച്ചുകൊടുക്കാൻ കഴിയാത്തതിൽ ദേവസഹായത്തിന് അനല്പമായ സങ്കടമുണ്ടായി. തന്നോടാവശ്യപ്പെട്ട കാര്യം നിവർത്തിച്ചുതരാൻ കഴിയാത്തതിൽ ഏറെ വിഷമമുണ്ടെന്നും ഇന്നല്ലെങ്കിൽ നാളെ അങ്ങനെയൊന്നു നടത്തിക്കിട്ടാൻ ദൈവം കരുണയാകുമെന്നും ദേവസഹായം പരംജ്യോതിനാഥസ്വാമികൾക്കെഴുതി.

അതിലൊക്കെയുപരി ദളവായ്ക്ക് തന്റെ നേരേയുള്ള കോപം മറ്റു ക്രിസ്ത്യാനികളോട് എങ്ങനെ പ്രവർത്തിക്കുമെന്നോർത്തപ്പോൾ ദേവസഹായത്തിന് എന്തെന്നില്ലാത്ത ഭയം ജനിച്ചു. ദളവയിൽനിന്നു കാര്യങ്ങൾ ഗ്രഹിക്കുന്ന മഹാരാജാവ് തന്നോട് എങ്ങനെയാണു പ്രതികരിക്കുകയെന്നു ദേവസഹായത്തിനു നിശ്ചയമുണ്ടയിരുന്നില്ല. എന്തുതന്നെയായാലും മഹാരാജാവിന്റെ നീക്കം ഹിതകരമായിരിക്കില്ലെന്ന് ദേവസഹായത്തിനുറപ്പുണ്ടായിരുന്നു.

പക്ഷേ, ദേവസഹായം ഭയപ്പെട്ടതുപോലെ ഒന്നും സംഭവിച്ചില്ല. പിന്നീടൊരു നീക്കവും ദേവസഹായത്തിനെതിരേ ദളവയിൽനിന്നുണ്ടായില്ല. മഹാരാജാവും കാര്യങ്ങളറിഞ്ഞതായി തോന്നിയില്ല.

ദൈവം അനുഗ്രഹത്തിന്റെ ഒരു മറക്കുട തന്റെമേൽ പിടിച്ചിരിക്കുന്നുവെന്ന് ദേവസഹായത്തിനു തോന്നി. എങ്കിലും അത് അധികകാലം നീണ്ടുനില്ക്കില്ല. മുന്നോട്ടുള്ള വഴികളിൽ ചിതറിയ മാംസവും ഇറ്റുവീഴുന്ന ചോരത്തുള്ളികളും ഒരു സ്വപ്നദർശനത്തിലെന്നവണ്ണം ദേവസഹായം കാണുന്നുണ്ട്.

"ദൈവമേ, നീ എനിക്കായി ഒരുക്കിവച്ചിരിക്കുന്ന വഴികളിൽ ഇടറിപ്പോകാതെ എന്റെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ." ദേവസഹായം അങ്ങനെ പ്രാർത്ഥിച്ചു.

ശരത്കാലത്തെ ചന്ദ്രനെപ്പോലെയായിരുന്നു പിന്നീടുള്ള ദിനങ്ങൾ. അവ തെളിഞ്ഞതും ശാന്തവുമായിരുന്നു. ദേവഹായം മറ്റൊന്നിലേക്കും മനസ്സു നീട്ടിയില്ല. മറ്റൊന്നിനെക്കുറിച്ചും വ്യഥിതനായതുമില്ല. എന്തെന്നാൽ, ദേവസഹായം തന്നിലുള്ള ഭോഷത്തം ഉപേക്ഷിച്ച് ജ്ഞാനം സ്വീകരിച്ചിരുന്നു. വിഗ്രഹങ്ങളെ ഉപേക്ഷിച്ച് ജീവനുള്ള ദൈവത്തെ സ്വീകരിച്ചിരുന്നു.

ശാന്തതയുടെ ദിനങ്ങൾ അംഗുലീപരിമിതങ്ങളായിരുന്നു. ദളവയുടെ സവിധത്തിൽ തങ്ങളുണർത്തിച്ച സങ്കടങ്ങൾക്കൊന്നും പരിഹാരം സിദ്ധിക്കാത്തതിൽ അസ്വസ്ഥരായ ബ്രാഹ്മണപ്രമുഖർ മഹാരാജാവിനെ മുഖം കാണിച്ചുണർത്തിച്ചു:

"അല്ലയോ മഹാരാജൻ, അങ്ങയുടെ ഭരണത്തിൻകീഴിലുള്ള ഈ മഹാരാജ്യത്ത് രാജകല്പനയെ ധിക്കരിക്കുന്നവരും നമ്മുടെ ദേവന്മാരെ നിന്ദിക്കുന്നവരും ജീവിച്ചിരിക്കുന്നു എന്നുള്ളത് തികച്ചും അപമാനകരമാണ്. അത് നമ്മുടെ രാജ്യത്തിനും ദേവീദേവന്മാർക്കും ഒട്ടും ശ്രേയസ്കരമല്ല. എന്തെന്നാൽ, നീലകണ്ഠൻ എന്നൊരുവൻ സത്യവേദത്തിൽ ചേർന്ന് നമ്മുടെ ദേവന്മാരെയും ബ്രാഹ്മണരെയും എന്തിനധികം അങ്ങയുടെ മഹനീയസിംഹാസനത്തെയും നിന്ദിക്കുന്നു. ഞങ്ങളുടെ പാവനമായ ബ്രഹ്മസൂത്രത്തെ അറുത്തെടുത്ത് അരഞ്ഞാണമായി ഉപയോഗിക്കുമെന്നു വെല്ലുവിളിക്കുന്നു."

മഹാരാജാവ് അസ്വസ്ഥനായി. ജ്ഞാനിയും വിവേകിയും സന്മാർഗചരിതനുമായ ഒരാളാണ് നീലകണ്ഠൻ. അങ്ങനെയൊരാളിൽനിന്ന് ഇങ്ങനെയൊക്കെ സംഭവിക്കുമോ? ഉന്നതകുലജാതനാണ് നീലകണ്ഠൻ. തന്റെ അന്തസ്സിനും ആഭിജാത്യത്തിനും ഉതകുന്ന രീതിയിൽ മാത്രം പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നവൻ. വേദേതിഹാസങ്ങളും പുരാണങ്ങളും മഹാകാവ്യങ്ങളും പഠിച്ചവൻ.

"അല്ലയോ ബ്രാഹ്മണശ്രേഷ്ഠരേ, നീലകണ്ഠനെപ്പറ്റി നിങ്ങൾ പറയുന്നതൊന്നും നമുക്കു വിശ്വസിക്കാനേ ആവുന്നില്ല." മഹാരാജാവ് പറഞ്ഞു.

ശേഷം 17-ാം പേജിൽ

# വിവാഹത്തിലുമുണ്ട് വിയോജനക്കുറിപ്പുകൾ




ഒന്നാം ഭാഗം



ജസ്റ്റിൻ തോമസ്

സാമൂഹികശാസ്ത്ര ലോകത്തിൽ എക്കാലവും പഠനവിധേയമായ, ആയിക്കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥയാണ് വിവാഹം എന്നത്. ആധുനികലോകത്തിൽ വിവാഹത്തിന്റെ വ്യത്യസ്തനിർവചനങ്ങളും രീതികളും ക്രമവും ഒക്കെ പുനരവലോകനം ചെയ്യപ്പെടുകയും പുനർനിർവചിക്കപ്പെടുകയും ചെയ്യുന്നുണ്ട്. വിവാഹബന്ധങ്ങളെ പൊതുവെ ആലോചിച്ചുറപ്പിച്ചവ, പ്രണയവിവാഹങ്ങൾ മറ്റുള്ളവ എന്നിങ്ങനെ തരംതിരിക്കാം.

കേരളത്തിൽ ഇതു പൂർണമായുംതന്നെ കുടുംബങ്ങൾ തമ്മിലുള്ള സ്വരച്ചേർച്ചയുടെയോ സ്വരച്ചേർച്ച ഇല്ലായ്മയുടെയോ തുടക്കമാണ്. രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ഐക്യത്തിൽ വിവാഹം നടക്കണമെന്നു നാം ആഗ്രഹിക്കുന്നു. എന്നാൽ, ഇത് എല്ലായ്പ്പോഴും സാധ്യമാകണമെന്നില്ല. വിവാഹത്തിൽ കുടുംബങ്ങളുടെ ബന്ധത്തെ താഴെപ്പറയുന്നവിധം തരം തിരിക്കാം.

a. സൗഹാർദപരം b. മുൻതൂക്കം സ്ഥാപിക്കൽ c. വിയോജിക്കൽ (അസഹിഷ്ണുത പ്രകടിപ്പിക്കൽ) d. മാറിനിൽക്കൽ e. അക്രമപരം.

**a. സൗഹാർദപരം**

ഏതൊരു വിവാഹത്തിലും പങ്കാളികളാകാൻ തയ്യാറെടുക്കുന്നവരുടെ കുടുംബങ്ങൾ സൗഹാർദപരമായി സഹകരണത്തോടെ തങ്ങളുടെ മക്കളുടെ വിവാഹം നടത്തുകയും വിവാഹിതരായവരുടെ നന്മയ്ക്കുതകുന്ന കാര്യങ്ങൾ ചെയ്യുകയുമാണെങ്കിൽ അത്തരം വിവാഹങ്ങളെ സൗഹാർദപരം എന്നു വിളിക്കാം. ഇതാണ് ഉത്തമമായ തുടക്കം.

**b. മുൻതൂക്കം സ്ഥാപിക്കൽ**

വിവാഹത്തിൽ ഏർപ്പെടാൻ തയ്യാറെടുക്കുന്ന ഏതെങ്കിലും ഒരു വ്യക്തിയുടെ മാതാപിതാക്കൾ മറുഭാഗത്തെ അപ്രസക്തമാക്കാൻ ശ്രമിക്കുന്ന പ്രക്രിയയാണ് മുൻതൂക്കം സ്ഥാപിക്കൽ. ഇത് അഭികാമ്യമല്ല.

**c. വിയോജിക്കൽ**

തങ്ങൾക്കിഷ്ടമില്ലാത്ത ബന്ധത്തെ ഒരു കുടുംബമോ അല്ലെങ്കിൽ ഇരുകുടുംബങ്ങളോ വിയോജിപ്പോടെ കാണുന്ന അവസ്ഥയാണിത്. ഈ സ്ഥിതി ദീർഘനാൾ തുടരാം. പിന്നീട് ചില അവസരങ്ങളിൽ വിയോജിപ്പു മാറ്റിവച്ച് സൗഹാർദപരമായ ബന്ധത്തിലേക്കു തിരിച്ചുവരാനും വഴിയുണ്ട്.

**d. മാറിനിൽക്കൽ**

മേൽസൂചിപ്പിച്ച വിയോജിക്കൽ പ്രക്രിയയുടെ ഭാഗമായി മാറിനിൽക്കൽ പ്രവണത കാണാറുണ്ട്. ഇത്തരം കുടുംബങ്ങൾ വിവാഹസമയത്തു മാറിനിന്നാലും പിന്നീട് ഒരുമിക്കാം. മറിച്ചും സംഭവിക്കാം.

**e. അക്രമപരം**

വിവാഹബന്ധത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവർ കുടുംബങ്ങളുടെ എതിർപ്പിനെ വ്യത്യസ്തരീതികളിൽ മറികടക്കാൻ ശ്രമിക്കും. ക്രിമിനൽ വാസനയുള്ള കുടുംബങ്ങളാണ് ഇവരുടെയെങ്കിൽ വ്യത്യസ്തരീതിയിലുള്ള അതിക്രമങ്ങൾ പെൺകുട്ടിയും ആൺകുട്ടിയും ഒപ്പം ഏതെങ്കിലും ഒരു കുടുംബവും അനുഭവിക്കേണ്ടിവരാറുണ്ട്. ഇത് അപരിഷ്കൃതസമൂഹത്തിന്റെ ലക്ഷണമായി പൊതുവെ കാണപ്പെടുന്നു. അഭിമാനക്കൊല, മർദിച്ചു നാടുകടത്തുക, കുടുംബാംഗങ്ങളെ കൊലപ്പെടുത്തുക, ക്രൂരമായി മർദിക്കുക തുടങ്ങിയവയൊക്കെ അക്രമപരമായ സമീപനത്തിന്റെ ഉദാഹരണങ്ങളാണ്. കേരളത്തിൽ ഇത്തരം കുറ്റകൃത്യം ചെയ്യുന്നവർ പൊതുവെ നീതിപീഠത്തിനുമുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടതായി വരുന്നത് ആശ്വാസകരംതന്നെ.



**വിവാഹവും അഞ്ചു തിന്മകളും**

പൊങ്ങച്ചം, മറച്ചുവയ്ക്കൽ, ഭാരം ചുമത്തൽ, പിടിവാശി, അധികാരപ്രയോഗം

എത്ര സൗഹാർദപരമായ വിവാഹപ്രക്രിയയാണെങ്കിലും മേൽസൂചിപ്പിച്ച അഞ്ചു തിന്മകൾ ഇടംനേടാറുണ്ട്. ഇതിൽ ഒന്നാമത്തേത് ഏതെങ്കിലും ഒരു കുടുംബമോ ഇരുകുടുംബങ്ങളുമോ സ്വന്തമായോ അല്ലെങ്കിൽ ഇതര കുടുംബത്തെക്കൊണ്ടോ പൊങ്ങച്ചം കാണിക്കാനായി പണം ചെലവഴിക്കുകയോ ചെലവഴിപ്പിക്കുകയോ ചെയ്യുന്ന സമീപനമാണ്. ഇതോടൊപ്പംതന്നെ കൂട്ടിവായിക്കാവുന്ന ഒന്നാണ് സ്ത്രീധനം, വിവാഹത്തിനെത്തുന്ന അതിഥികളുടെ എണ്ണം, ഭക്ഷണം, സമ്മാനങ്ങൾ, മറ്റ് ആർഭാടങ്ങൾ എന്നിങ്ങനെയുള്ള ഭാരം ചുമത്തൽ രീതികൾ. ചില വ്യക്തികളുടെ അഹങ്കാരപൂർണമായ പിടിവാശി വിവാഹത്തിനു മുമ്പുതന്നെ കുടുംബങ്ങളെ തമ്മിലടിപ്പിക്കും. മാത്രമല്ല, ചിലർ അധികാരപ്രയോഗവും ഈ സമയത്തു നടത്തും. സ്ത്രീധനം ചോദിക്കാൻ തനിക്കാണ് അധികാരമെന്നു വാശിപിടിച്ച ഒരു 'അമ്മാവൻ' വിവാഹം മുടക്കിയ അനുഭവം കൗൺസലിങ് വേളയിൽ പറഞ്ഞുകേൾക്കുകയുണ്ടായി. ഇവയ്ക്കെല്ലാമപ്പുറം മറച്ചുവയ്ക്കൽ എന്ന തിന്മ ആലോചിച്ചുറപ്പിച്ചുള്ള വിവാഹബന്ധങ്ങളിൽ കൂടുതലായി കാണാറുണ്ട്. മറച്ചുവയ്ക്കൽ സാധാരണ സംഭവിക്കുക താഴെപ്പറയുന്ന കാര്യങ്ങളിലാണ്.

1. മാനസിക ശാരിരിക അസുഖങ്ങൾ 2. മുമ്പുണ്ടായിരുന്ന ബന്ധങ്ങൾ 3. കുറ്റകൃത്യവുമായി ബന്ധപ്പെട്ട മേഖലകൾ 4.ലൈംഗികശേഷിക്കുറവ് 5.സാമ്പത്തികസ്ഥിതി 6. പഠനം, ജോലി തുടങ്ങിയവയിൽ 7.ആശയങ്ങളും ആഗ്രഹങ്ങളുമായി ബന്ധപ്പെട്ട്. മേൽസൂചിപ്പിച്ചവയിൽ ഏതുതന്നെയായാലും മറച്ചുവയ്ക്കൽ ആപത്തു വിളിച്ചുവരുത്താം. എന്നാൽ, ചില കാര്യങ്ങൾ പറയേണ്ട രീതിയിൽ പറഞ്ഞാൽ മതിതാനും. ഉദാഹരണമായി തന്റെ മുൻകാലപ്രേമബന്ധത്തെക്കുറിച്ച് പെണ്ണുകാണാൻ വരുന്ന എല്ലാ ആൺകുട്ടികളോടും പറഞ്ഞ്, നൂറ്റിരണ്ട് ആൺകുട്ടികളെ കണ്ട് ഇപ്പോഴും വിവാഹം നടക്കാത്ത പെൺകുട്ടിയെയും കുടുംബത്തെയും കൗൺസലിങ് ചെയ്യാൻ ഇടയായി. വിവാഹബന്ധമെന്നത് വിവാഹം കഴിക്കുന്ന അന്നുമുതലുള്ള ബന്ധമാണ്.

ഇവിടെ പറയാനുദ്ദേശിച്ചത് വിവാഹാലോചനയുടെ സമയം മുതൽ വിവാഹം ഉറപ്പിക്കുന്ന സമയംവരെ കുടുംബങ്ങൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ചില കാര്യങ്ങളാണ്. വിവാഹമെന്നത് രണ്ടു വ്യക്തികൾ മാത്രമല്ല, രണ്ടുകുടുംബങ്ങൾക്കൂടി ഒന്നിക്കുന്ന മഹനീയസന്ദർഭമാണ്. അതു ശോഭനമാക്കാൻ നമുക്കു കഴിയട്ടെ.

■

# ഈശോ

FROM THE BIBLE

23




ഫാ. തോമസ് പാട്ടത്തിൽചിറ CMF

## വിലാപം

മനം മുറിഞ്ഞവർക്കു സാന്ത്വനമായി അണഞ്ഞവന്റെ അന്തരംഗവും ചില നേരങ്ങളിൽ തേങ്ങി. തന്റെ ദൃഷ്ടിയിൽപ്പെട്ട ചിലതിനെയും ചിലരെയുമൊക്കെ പേരുചൊല്ലി വിളിച്ചു പ്രലപിക്കാതിരിക്കാൻ അവനു കഴിഞ്ഞില്ല. തന്നെയോർത്തു വിതുമ്പേണ്ട എന്നു പറഞ്ഞ് പലരെയും ആശ്വസിപ്പിച്ചവനു ചിലതിനെയൊക്കെ നോക്കി ഗദ്ഗദപ്പെടേണ്ടതായി വന്നു. ചിലതൊക്കെ കണ്ട മാത്രയിൽ അവന്റെ കണ്ണുകളും കലങ്ങി. അന്നത്തെ ചില വിസ്മയക്കാഴ്ചകളെയും സൗധങ്ങളെയും സ്ഥലങ്ങളെയും സമൂഹത്തിലെ ഉന്നതരെയുമൊക്കെ നോക്കിയാണ് അവൻ വിലപിച്ചത്. ദൈവത്തിന്റെ ഉള്ളവും ഉരുകുമെന്നുള്ള ഒരോർമപ്പെടുത്തൽ. മനുഷ്യന്റെ മലിനമായ മനോഭാവങ്ങളാണ് അവിടുത്തേക്ക് ആതങ്കമേറ്റുന്നത്. അവയിൽ ഏറ്റവും പ്രധാനം അഹംഭാവംതന്നെ. അഹങ്കാരികൾ അഹത്തെ ആശ്രയിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരാണ്. അവർക്കു ദൈവഭയമോ വിശ്വാസമോ വിചാരമോ ഇല്ല. അഹംഭാവം ആയിരുന്നില്ലേ ആദിപാപത്തിലേക്കു നരരെ നയിച്ചതും? നിഗളിച്ചു നടക്കുന്നവരെ അവിടുന്നു നിലംപതിപ്പിക്കും. തന്നിഷ്ടമനുസരിച്ചു തുള്ളുന്നവരെ തട്ടിവീഴ്ത്തും. എന്നാൽ, എളിയവരെ എളിയിലിരുത്തുകയും ചെയ്യും.

നാമും വിസ്മയസൃഷ്ടികൾതന്നെയല്ലേ? 'മനോഹരമായിരിക്കുന്നു' എന്നു സ്രഷ്ടാവ് നമ്മെയും നോക്കി മൊഴിഞ്ഞതല്ലേ? ആ ദൈവം ഇന്നും അങ്ങനെ പറയുന്നുണ്ടോ? നമ്മുടെ അഹന്ത ദൈവത്തിന്റെ വിലാപത്തിനു ഹേതുവാകുന്നുണ്ടെന്ന വെളിവിൽ വളരാം. വെറും പുഴുത്തീറ്റയായ ദേഹത്തെ പുകഴ്ത്തിപ്പൂജിക്കുന്നതാണ് അഹങ്കാരം. ഗർവ് വിനാശഗർത്തത്തിലേക്കുള്ള വഴിയാണ്; എളിമ വിജയത്തിലേക്കുള്ള ഏണിയും. അഹങ്കാരത്തിൽ അധഃപതനമുണ്ട്. അതിനെ അലങ്കോലമാക്കരുത്. നാം പോലും നമ്മുടേതല്ലാത്ത, ജീവിതമാകുന്ന പിച്ചപ്പാത്രംപോലും സ്വന്തമല്ലാത്ത നമുക്കു സത്യത്തിൽ അഹങ്കരിക്കാൻ ഒന്നുമില്ല. നമ്മെ നോക്കി നമ്മുടെ ദൈവത്തിന്റെ നയനങ്ങൾ നിറയാൻ നാം ഇടവരുത്തരുത്.



നമ്മുടെ വ്യക്തിജീവിതത്തിൽ, കുടുംബങ്ങളിൽ കർത്താവിന്റെ കണ്ണീരു വീഴാതിരിക്കട്ടെ. നമ്മുടെ അകൃത്യങ്ങൾ അവിടുത്തെ നൈരാശ്യത്തിനും നൊമ്പരങ്ങൾക്കും നിദാനമാകാതിരിക്കട്ടെ. നമ്മെ നോക്കിയുള്ള അവന്റെ വിലാപം അവൻ നമ്മെ വെടിഞ്ഞുപോകുന്നതിന്റെയും, നമുക്ക് അർഹമായ അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു നല്കുന്നതിന്റെയും മുന്നോടിയാണ്. ദൈവത്തിനു നമ്മെക്കുറിച്ചു പല പദ്ധതികളുമുണ്ട്. അവയുടെ പൂർത്തീകരണത്തിനു നാം ദൈനംദിനം ഊട്ടിവളർത്തുന്ന ദുഷ്ടമനോഭാവങ്ങൾ വിഘ്നങ്ങളാകരുത്. കൃപകളെ കളഞ്ഞുകുളിക്കരുത്. അനുഗ്രഹങ്ങളെ അന്യാധീനപ്പെടുത്തരുത്. നന്മകൾ നായ്ക്കൾ സ്വന്തമാക്കാൻ അനുവദിക്കരുത്. ഒപ്പം, നമ്മിലെ അരുതാത്തവയെ നോക്കി നമുക്കും നിർലജ്ജം പ്രലപിക്കാം. വിശ്വാസജീവിതം അങ്ങനെയുള്ള ചില വിലാപങ്ങൾക്കുംവേണ്ടിയുള്ളവയാണ്.

■

# വടക്കുകിഴക്കിന്റെ പ്രവാചകൻ

## ഇംഫാൽ അതിരൂപതയുടെ മുൻ അധ്യക്ഷൻ, ഈയിടെ അന്തരിച്ച മാർ ജോസഫ് മിറ്റത്താനിയെക്കുറിച്ച്

**അനുസ്മരണം**



ഡോ. ജോർജ് കാരാംവേലിൽ

**തോ**മ്മാശ്ലീഹായിൽനിന്നു വിശ്വാസം സ്വീകരിച്ച പാരമ്പര്യമുള്ള പകലോമറ്റം കുടുംബത്തിലെ മിറ്റത്താനി ഭവനത്തിൽ 1931 ജൂലൈ 12-ാം തീയതി മാത്യു - എലിസബത്ത് ദമ്പതികളുടെ രണ്ടാമത്തെ പുത്രനായാണ് ആർച്ചുബിഷപ് മാർ ജോസഫ് മിറ്റത്താനി ഭൂജാതനായത്. ആഴമായ ദൈവവിശ്വാസത്തിലും സഹോദരസ്നേഹത്തിലും വളർന്നുവന്ന ഔസേപ്പച്ചൻ ദൈവവിളിയുടെ സ്വരം ശ്രവിച്ച് 1949 ൽ പൂനമല്ലി സെമിനാരിയിൽ വൈദികപരിശീലനം ആരംഭിക്കുകയും 1959 ഏപ്രിൽ 23-ാംതീയതി ഷില്ലോങ് രൂപതയ്ക്കുവേണ്ടി റൈറ്റ് റവ. സ്റ്റീഫൻ ഫെറാൽഡോ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ച് ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു.

**ടെസ്പൂർ രൂപത മെത്രാൻ**

1969 സെപ്തംബർ 27-ാം തീയതി ടെസ്പൂർ രൂപതയുടെ മെത്രാനായി അദ്ദേഹം അഭിഷിക്തനായി. സ്വതഃസിദ്ധമായ കർമശേഷിയും കഠിനാധ്വാനവും കൊണ്ട് ടെസ്പൂരിനെ ഒരു മാതൃകാരൂപതയാക്കി അദ്ദേഹം വളർത്തി. വിദ്യാഭ്യാസമേഖലയിലും അജപാലനരംഗത്തും ആതുരശുശ്രൂഷാരംഗത്തും നിസ്തുലമായ പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ചവച്ചത്.

**മലമടക്കുകളിൽ സുവിശേഷവുമായി**

അരുണാചൽ മലനിരകളുടെ താഴ്‌വാരംമുതൽ വെസ്റ്റ് ബംഗാളിന്റെ അതിർത്തിവരെ വ്യാപിച്ചു കിടക്കുന്ന മിഷൻകേന്ദ്രങ്ങളും ക്രിസ്തീയകൂട്ടായ്മകളും അദ്ദേഹത്തിന്റെ മിഷൻതീക്ഷ്ണതയുടെ നേർക്കാഴ്ചകൾതന്നെയാണ്. ടെസ്പൂർ രൂപത സെമിനാരി, ബോർഗാങ്, ദ്വികൃാജ്ജലി എന്നിവിടങ്ങളിലെ സുസജ്ജമായ ആശുപത്രികൾ എന്നിവ അദ്ദേഹത്തിന്റെ കഠിനപ്രയത്നത്തിന്റെ ഫലങ്ങൾതന്നെ.

1967 ൽ ബ്രഹ്മപുത്രയുടെ വടക്കൻ മേഖലയിലുള്ള എല്ലാ വിദേശമിഷനറിമാരും നാടുവിടണമെന്ന് കേന്ദ്രഗവൺമെന്റ് ഉത്തരവിട്ടു. അന്നത്തെ ടെസ്പൂർ മെത്രാനായിരുന്ന ബിഷപ് ഒരെസ്തെസ് മെരെംഗോയുടെ ഇന്ത്യയിലെ വാസംപോലും അപകടത്തിലായി. എന്നാൽ, ഫാ. ജോസഫ് മിറ്റത്താനിയുടെ നേതൃത്വത്തിൽ വൈദികസന്ന്യാസസമൂഹം ഒത്തൊരുമിച്ചു നടത്തിയ പ്രതിഷേധനടപടികൾ പൊതുസമൂഹം ഏറ്റെടുക്കുകയും ഭരണകൂടത്തിന്മേൽ ശക്തമായ സമ്മർദം ചെലുത്തുകയും ചെയ്തു. ഘോരവനങ്ങളും മലമടക്കുകളും താണ്ടി അദ്ദേഹം നടത്തിയ മിഷൻ സന്ദർശനങ്ങൾ വിശ്വാസികളുടെ കൂട്ടായ്മയെ വളർത്തുകയും കെട്ടുറപ്പുള്ളതാക്കുകയും ചെയ്തു. ബംഗാളിന്റെ അതിർത്തിമുതൽ അസ്സമിന്റെ വടക്കുകിഴക്കൽ അതിർത്തിയായ പാസിഘാട്ട്‌വരെ വിസ്തൃതമായ ഒരു മേഖലയായിരുന്ന ടെസ്പൂർ രൂപതയെ ഇടവകകളുടെയും വിശ്വാസികളുടെയും സംഖ്യാബലത്തിൽ സ്വയം പര്യാപ്തതയിലെത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.



**അരുണാചൽ മിഷന്റെ അമരക്കാരൻ**

മിഷനറിമാർക്ക് അരുണാചൽപ്രദേശിലേക്കു പ്രവേശിക്കുന്നതിനു വിലക്കേർപ്പെടുത്തിയിരുന്നു കേന്ദ്രസർക്കാർ. ഈ സന്ദർഭത്തിൽ തങ്ങളുടെ സ്കൂളുകളിൽ വിദ്യാഭ്യാസം നേടിയിരുന്ന വിദ്യാർത്ഥികൾ സത്യവിശ്വാസം ജീവിക്കാനും പ്രഘോഷിക്കാനും തയ്യാറായി. അരുണാചലിൽനിന്നുള്ള അപട്ടാനി വിദ്യാർത്ഥികളെ യഥാർത്ഥസുവിശേഷവാഹകരായി മാറ്റാൻ ബിഷപ് മിറ്റത്താനി കഠിനപ്രയത്നം ചെയ്തു. അത് ഫലം കാണുകയുണ്ടായി. 1970 കളിൽ ടെസ്പൂരി ഹോസ്റ്റലുകളിൽ വിശ്വാസവും വിദ്യാഭ്യാസവും നേടിയ അപട്ടാനി വിദ്യാർത്ഥികൾ നടത്തിയ പരിശ്രമത്തിന്റെ ഫലമായി ഹാർമുട്ടി മിഷൻകേന്ദ്രം അരുണാചൽപ്രദേശിൽ സ്ഥാപിതമായി.

**മണിപ്പൂരിന്റെ ഇടയൻ**

1980 ഏപ്രിൽ 21-ാം തീയതി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പാപ്പാ ഇംഫാൽ രൂപത സ്ഥാപിക്കുകയും മെത്രാനായി റവ. ഡോ. ജോസഫ് മിറ്റത്താനിയെ നിയമിക്കുകയും ചെയ്തു. ടെസ്പൂർ രൂപതയിലെ 20 വർഷത്തെ അജപാലനപരിചയം പുതിയ രൂപതയുടെ സമഗ്രവികസനത്തിന് മാർ ജോസഫ് മിറ്റത്താനിക്കു തുണയായി. 1995 ഓഗസ്റ്റ് ഒന്നാം തീയതി ഇംഫാൽ രൂപതയെ അതിരൂപതയായി ഉയർത്തുകയും അദ്ദേഹത്തെ മെത്രാപ്പോലീത്തയായി നിയമിക്കുകയും ചെയ്തു. 15 വർഷം ബിഷപ്പായും 11 വർഷം ആർച്ചുബിഷപ്പായും അദ്ദേഹം സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനങ്ങൾ അവിസ്മരണീയമാണ്.

ചുരുങ്ങിയ കാലംകൊണ്ടുതന്നെ അതിരൂപത അജപാലകരുടെ സേവനലഭ്യതയിൽ സ്വയം പര്യാപ്തമാകുകയും വിശ്വാസികളുടെ എണ്ണത്തിൽ പതിന്മടങ്ങു വർധനയുണ്ടാവുകയും ചെയ്തു. പുതിയപുതിയ സ്ഥലങ്ങളിൽ ക്രിസ്തീയ കൂട്ടായ്മകൾക്കു തുടക്കമിട്ടു. അവർക്കാവശ്യമായ സ്കൂളുകളും ബോർഡിങ്ങുകളും തുടങ്ങി. വൈദികമന്ദിരങ്ങളും ആതുരാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ഓരോ മേഖലയിലുമുള്ള ജനങ്ങൾക്കായി അദ്ദേഹം ആരംഭിച്ചു. തീവ്രവാദി ഗ്രൂപ്പുകൾ വൈദികരുടെയും സ്ഥാപനങ്ങളുടെയും മേൽ നിരന്തരമായ അക്രമങ്ങൾ അഴിച്ചുവിട്ടു. പല വൈദികരും കൊല്ലപ്പെട്ടു. എങ്കിലും, ധൈര്യം കൈവിടാതെ വിളിച്ചവന്റെ പാതയിൽ വിശ്വസ്തതയോടെ നിലനില്ക്കാനും അതിരൂപതയെ ധീരമായി നയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. സംഘർഷങ്ങളുടെയും അക്രമങ്ങളുടെയും മധ്യത്തിലും സമൂഹത്തിലെ ഓരോ വിഭാഗത്തെയും വളർത്താൻ ആൺ-പെൺകുട്ടികൾക്കുള്ള ബോർഡിങ്ങുകൾ, സ്കൂളുകൾ, കോളജുകൾ, മഠങ്ങൾ എല്ലാം അദ്ദേഹം സ്ഥാപിച്ചു. കഠിനാധ്വാനം കൈമുതലാക്കിയ മിറ്റത്താനിപ്പിതാവ് ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശത്തെ ഏറ്റവും പ്രമുഖ അതിരൂപതകളിലൊന്നായി ഇംഫാലിനെ മാറ്റിയെടുത്തു.

**വടക്കുകിഴക്കൻ മേഖലയുടെ നായകൻ**

നോർത്ത് ഈസ്റ്റ് റീജണൽ ബിഷപ്സ് കൗൺസിലിന്റെയും നോർത്ത് ഈസ്റ്റ് പാസ്റ്ററൽ കൗൺസിലിന്റെയും സജീവാംഗമായിരുന്നു അദ്ദേഹം. 1994 മുതൽ 2006 വരെ നോർത്ത് ഈസ്റ്റ് ബിഷപ്സ് കൗൺസിലിന്റെ പ്രസിഡന്റായിരുന്ന അദ്ദേഹം വടക്കുകിഴക്കൻ മേഖലയിലെ എല്ലാ പ്രേഷിതപ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിൽ ജാഗരൂകനായിരുന്നു. ഓരോ ഗോത്രത്തെയും തന്മയിൽ സംരക്ഷിച്ച് സത്യവിശ്വാസത്തിൽ ഉറപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങളും അധ്വാനവും ഭാരതസഭയ്ക്കു മറക്കാനാവില്ല. പതിനായിരക്കണക്കിനു ക്രിസ്തീയവിശ്വാസികളെ ജനിപ്പിച്ച പിതാവ് ഈ നൂറ്റാണ്ടിലെ ഭാരതസഭയുടെ മിഷൻ പിതാവായിത്തന്നെ അറിയപ്പെടും. ■




15-ാം പേജ് തുടർച്ച

"ശിവ ശിവ! മഹാരാജനും ഞങ്ങളെ അവിശ്വസിക്കുന്നുവെന്നോ? അല്ലയോ മഹാനുഭാവൻ, നീലകണ്ഠൻ അലറിപ്പറഞ്ഞതെന്തെന്നോ. അവർ ക്രിസ്ത്യാനികളെല്ലാം ചേർന്ന് ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തെ ഇടിച്ചുനിരത്തുകയും അങ്ങയെ അധികാരഭ്രഷ്ടനാക്കി നാടുവിട്ടോടിക്കുകയും ചെയ്യുമെന്ന്."

"അങ്ങയുടെ ഉപ്പും ചോറും തിന്നു ജീവിക്കുന്ന ഞങ്ങൾ എങ്ങനെ ഇതൊക്കെ കണ്ടും കേട്ടും ഈ നാട്ടിൽ കഴിഞ്ഞുകൂടും? ഇപ്പോൾത്തന്നെ ഇതിനു പ്രതികാരം ചെയ്യാത്തപക്ഷം ക്ഷേത്രവും മഠങ്ങളും അടച്ചുപൂട്ടി ഞങ്ങളിതാ നാടുവിട്ടുപോകുന്നു."

"നീലകണ്ഠനും അവനോടു ചേർന്ന ക്രിസ്ത്യാനികളുംകൂടി പൂജാജോലികളും വേദേതിഹാസങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസവും നശിപ്പിച്ച്, ശ്രീപത്മനാഭസ്വാമിക്ഷേത്രത്തെ അവരുടെ ആരാധനാസ്ഥലമാക്കി അവരുടെ നീചമതത്തെ നാടാകെ വ്യാപിപ്പിച്ച് നമ്മുടെ രാജ്യത്തു കലാപമുണ്ടാക്കും. ശ്രീപത്മനാഭനാണേ, മഹാദേവി ഭദ്രകാളിയാണേ ഇതു സത്യം."

അത്രയും പറഞ്ഞിട്ട് ബ്രാഹ്മണർ രാജസന്നിധി വിട്ടുപോയി. തികഞ്ഞ മതവിശ്വാസിയും ബ്രാഹ്മണഭക്തനുമായിരുന്നു മഹാരാജാവ്. കുറേനേരം ചിന്താമഗ്നനായി ഇരുന്നു. പൊടുന്നനേ ഒരു തീർപ്പിലെത്താൻ മഹാരാജാവിനു കഴിഞ്ഞില്ല.

അദ്ദേഹം മന്ത്രി രാമയ്യന് ആളയച്ചു. രാമയ്യൻ താമസം കൂടാതെ രാജസന്നിധിയിലെത്തി.

"അല്ലയോ രാമയ്യൻ, നീലകണ്ഠനെപ്പറ്റി നാം ചിലതൊക്കെ കേൾക്കുന്നു. അതിന്റെ നിജസ്ഥിതിയെന്തെന്ന് അറിയാൻ ആഗ്രഹമുണ്ട്."

"കേട്ടതൊക്കെ ശരിതന്നെ മഹാരാജൻ. അവൻ ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നു. നമ്മുടെ ആൾക്കാരെ മതം മാറ്റുന്നു. നമ്മുടെ മതത്തെയും ബ്രാഹ്മണരെയും ആക്ഷേപിക്കുന്നു. തീർച്ചയായും അവൻ ശിക്ഷ അർഹിക്കുന്നവൻതന്നെ." രാമയ്യൻ ഉറപ്പിച്ചു പറഞ്ഞു.

മഹാരാജാവിന് രാമയ്യന്റെ വാക്കുകൾ കേട്ടപ്പോൾ ആശ്ചര്യമാണുണ്ടായത്. കേട്ടതെല്ലാം സത്യംതന്നെ. എങ്കിലും നീലകണ്ഠനിൽനിന്ന് ഇങ്ങനെയൊന്നും മഹാരാജാവ് പ്രതീക്ഷിച്ചിരുന്നില്ല.

ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ചാണക്യതന്ത്രജ്ഞനായിരുന്ന മഹാരാജാവിന് ഒരു നിലത്തേക്കു നിശ്ചയം കിട്ടിയില്ല. ബ്രാഹ്മണാധിക്ഷേപം കൊടിയ കുറ്റംതന്നെ. അതിനേക്കാൾ കടുത്ത കുറ്റമാണ് മതാധിക്ഷേപം. ശ്രീപദ്മനാഭനെ നിന്ദിക്കുകയെന്നാൽ സഹിക്കാൻ പറ്റാത്ത അപരാധവും

പക്ഷേ, നീലകണ്ഠനിപ്പോൾ ക്രിസ്തുമതവിശ്വാസിയാണ്. നീലകണ്ഠനെ ശിക്ഷിച്ചാൽ രാജ്യത്തുള്ള മറ്റു ക്രിസ്ത്യാനികൾ എങ്ങനെ അതിനെ ന്യായീകരിക്കും? അതിനൊരു മതപീഡനത്തിന്റെ നിറം വന്നുചേരുമോ? പ്രജാക്ഷേമതത്പരൻ എന്നു നാടാകെ പുകഴ്ത്തപ്പെടുന്ന നമ്മുടെ സൽപ്പേരിന് അതു കളങ്കമായിത്തീരുമോ?

മഹാരാജാവ് അങ്ങനെയൊക്കെ ചിന്തിച്ചു. പക്ഷേ, നീലകണ്ഠൻ ചെയ്തിരിക്കുന്ന ധിക്കാരപ്രവൃത്തികൾ തുടർന്നാൽ സിംഹാസനത്തിന്റെ യശസ്സിനു കോട്ടം തട്ടുമെന്ന് മഹാരാജാവ് കണക്കുകൂട്ടി. അദ്ദേഹം ഭടന്മാരോടാജ്ഞാപിച്ചു:

"ആ ദുഷ്ടൻ നീലകണ്ഠനെ ഉടൻ ഹാജരാക്കുക."

ഭടന്മാർ പത്മനാഭപുരത്തെത്തി ദേവസഹായത്തിനെ രാജകല്പനയറിയിച്ചു.

രാജകല്പന എന്തിന്റെ തുടക്കമാണെന്ന് ദേവസഹായം ഉൾക്കണ്ണാൽ കണ്ടു.

(തുടരും)

# അമ്മമലയാളത്തിന്റെ അക്ഷരപുണ്യം






ജിൻസ് കാവാലി

മലയാളത്തിന്റെ അക്ഷരഭൂമിയിൽ പടർന്നുനിൽക്കുന്ന ഒരു മഹാവൃക്ഷമാണ് എം.ടി. എന്ന രണ്ടക്ഷരങ്ങളിൽ അറിയപ്പെടുന്ന മാടത്ത് തെക്കേപ്പാട്ട് വാസുദേവൻനായർ. എം.ടി. ഇല്ലാത്ത, കാലവും നാലുകെട്ടും മഞ്ഞും രണ്ടാമൂഴവുമൊന്നുമില്ലാത്ത മലയാളസാഹിത്യത്തെക്കുറിച്ച് ഭാവന ചെയ്യുകതന്നെ പ്രയാസം. അധികമൊന്നും എഴുതിയിട്ടില്ല; എം.ടി. അദ്ദേഹത്തിന്റെ ഒരു കഥയോ നോവലോ പുറത്തുവന്നിട്ടു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നുതാനും. എന്നിട്ടും, കൈരളിയുടെ എഴുത്തുവഴികളിൽ നിറനിലാവായി എം.ടി. നിറഞ്ഞുനിൽക്കുന്നു. ആ അനുഗൃഹീതതൂലിക ഇനിയും നമ്മൾക്കായി കഥകളൊരുക്കും എന്ന പ്രതീക്ഷയോടെ അക്ഷരപ്രേമികളാകെ കാത്തിരിക്കുന്നു.

എന്തുകൊണ്ടാണ് എം.ടിയുടെ രചനകൾക്ക് ഇന്നും ഇത്രയേറെ പ്രാധാന്യം ലഭിക്കുന്നത്? അദ്ദേഹം തന്റെ എഴുത്തിന്റെ ക്വാളിറ്റിയിൽ ഒരു കോംപ്രമൈസും ചെയ്യുന്നില്ല എന്നതുതന്നെ കാരണം. എഴുതിയത് എം.ടിയാണെങ്കിൽ മോശമാവില്ല എന്ന വായനക്കാരന്റെ വിശ്വാസത്തിന് ഒരിക്കലും കോട്ടം വരുത്തിയിട്ടില്ല ആ തൂലിക. കാമ്പുള്ളതേ എം.ടിയെഴുതൂ. അതിലൊരു വാക്കോ വാചകമോ അനാവശ്യമായി കയറിക്കൂടുകയുമില്ല. ദീർഘകാലം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഡിറ്ററായിരുന്ന എം.ടി. ഒരുപക്ഷേ, തന്റെ കൃതികളുടെ കാര്യത്തിലായിരിക്കണം ഒരു വിട്ടുവീഴ്ചയുമില്ലാത്ത ഏറ്റവും കർക്കശക്കാരനായിരുന്ന എഡിറ്ററായിരുന്നത്.

"Though deep yet clear
though Gentle, Yet not dull
Strong without range
Without overflowing full"

എന്ന കാവ്യശകലം എം.ടിയൻ രചനകൾക്കു കൃത്യമായിണങ്ങും. അമിതമായ വർണനകളോ അലങ്കാരങ്ങളോ വികാരങ്ങളുടെ നിലയില്ലാത്ത കുത്തൊഴുക്കോ എം.ടിയുടെ രചനാലോകത്തില്ല. അകംപൊള്ളയായ തത്വചിന്തകളോ വ്യർത്ഥമായ ഉപദേശസംഭാഷണങ്ങളോ ഇല്ല. പാണ്ഡിത്യത്തിന്റെ ആലഭാരങ്ങളൊട്ടുമില്ല. ഒരേസമയം സുന്ദരവും അക്ലിഷ്ടവുമാണ് എം.ടിയുടെ ഭാഷ. ആ കൃതികൾ പണ്ഡിതന്റെയും പാമരന്റെയും ഹൃദയങ്ങളോട് ഒരുപോലെ സംവദിച്ചു. ചിലപ്പോഴൊരു ചെറുമന്ദഹാസം, മറ്റുചിലപ്പോൾ അടരാൻ മടിക്കുന്ന ഒരു തുള്ളിക്കണ്ണുനീർ അവ വായനക്കാരനു സമ്മാനിച്ചു. ആ വാക്കുകൾ ശാന്തഗംഭീരങ്ങളായിരുന്നു, എന്നാൽ, അവയ്ക്കുള്ളിൽ കടലാഴങ്ങൾ അലയടിച്ചു.



ഒരു എഴുത്തുകാരനാവണമെന്ന മോഹം ബാല്യംമുതൽക്കേ എം.ടിയുടെയുള്ളിൽ ശക്തമായിരുന്നു. വായിക്കാനൊരു പുസ്തകത്തിനായി നാഴികകൾ നടന്നിരുന്നതും കഥയും കവിതയും ലേഖനവുമൊക്കെ എഴുതി വിലാസമറിയാവുന്ന പ്രസിദ്ധീകരണങ്ങൾക്കൊക്കെ അയച്ചുകൊടുത്തിരുന്നതും എം.ടി. തന്റെ ഓർമക്കുറിപ്പുകളിൽ എഴുതുന്നുണ്ട്. 1948 ൽ 'കേരളക്ഷേമം' ദ്വൈവാരികയിൽ പ്രസിദ്ധീകരിച്ച 'പ്രാചീനഭാരതത്തിലെ വൈരവ്യവസായം' എന്ന ലേഖനമാണ് എം.ടിയുടെ പ്രസിദ്ധീകൃതമായ ആദ്യരചന. ആ വർഷംതന്നെ മദിരാശിയിൽനിന്നുള്ള 'ചിത്രകേരള'ത്തിൽ 'വിഷുവാഘോഷം' എന്ന ആദ്യകഥയും അച്ചടിച്ചുവന്നു. 1952 ൽ പുറത്തിറങ്ങിയ 'രക്തം പുരണ്ട മണൽത്തരികൾ' ആണ് എം.ടിയുടെ ആദ്യകഥാസമാഹാരം. ആദ്യനോവൽ 'പാതിരാവും പകൽവെളിച്ചവും' 1954–55 കാലത്ത് 'മലയാളി' മാസികയിൽ പ്രസിദ്ധീകൃതമായി. എന്നാൽ, പുസ്തകരൂപത്തിൽ ആദ്യമെത്തിയ നോവൽ 'നാലുകെട്ടാ'യിരുന്നു. പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷത്തെ കൂട്ടുകുടുംബവ്യവസ്ഥയുടെയും മരുമക്കത്തായത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ ആവിഷ്കരിക്കുകയാണു നാലുകെട്ടിലൂടെ എം.ടി. ചെയ്തത്. അതിൽ മാറുന്ന കേരളീയസമൂഹത്തിന്റെ ചിത്രംകൂടിയുണ്ട്.

ജന്മിത്വത്തിന്റെ തകർച്ച, കമ്യൂണിസത്തിന്റെ വളർച്ച, കൂട്ടുകുടുംബവ്യവസ്ഥിതിയും മരുമക്കത്തായവും നേരിടുന്ന പ്രതിസന്ധികൾ, ഭൂപരിഷ്കരണനിയമത്തിന്റെ നടപ്പാക്കലും അതു സമൂഹത്തിൽ സൃഷ്ടിച്ച വലിയ പരിവർത്തനങ്ങളും, വിവിധ സമുദായങ്ങളിലെ നവോത്ഥാനമുന്നേറ്റങ്ങൾ എന്നിങ്ങനെ കേരളത്തിന്റെ ചരിത്രത്തിലെതന്നെ സവിശേഷമായൊരു ദശാസന്ധിയിലായിരുന്നു എം.ടിയുടെ എഴുത്തും സജീവമായത്. കാലത്തിന്റെ ആ മാറ്റങ്ങളും ഉൾത്തുടിപ്പുകളും ആ രചനകളിലും നിറഞ്ഞുനിന്നു. 'അറിയാത്ത അദ്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന മഹാസമുദ്രങ്ങളെക്കാൾ ഞാനറിയുന്ന എന്റെ നിളാനദിയാണെനിക്കിഷ്ടം' എന്നു പറഞ്ഞ എം.ടി. തനിക്കു സുപരിചിതമായ ജീവിതപരിസരങ്ങളാണ് അധികവും ആവിഷ്കരിച്ചത്. എന്നാൽ, അതുകൊണ്ടുമാത്രം ആ സർഗചേതന തൃപ്തിയടഞ്ഞില്ല. അങ്ങനെയാണ് രണ്ടാമൂഴമെന്ന മഹത്തായ നോവൽ നമുക്കു ലഭിക്കുന്നത്. ഇതിഹാസപുനഃസൃഷ്ടികളിൽ ഇത്രയേറെ പ്രസിദ്ധി നേടിയ ഒരു നോവൽ അതിനു മുമ്പോ ശേഷമോ മലയാളത്തിലുണ്ടായിട്ടില്ല.

ഒരെഴുത്തുകാരൻ എന്നതുപോലെതന്നെ തിളക്കമാർന്നതാണ് ഒരു വായനക്കാരൻ എന്ന നിലയിലും എം.ടിയുടെ വ്യക്തിത്വം. 'മലയാളത്തിലെ ഏറ്റവും മികച്ച എഴുത്തുകാരൻ എം.ടിയാണോ എന്നെനിക്കറിയില്ല. എന്നാൽ, ഏറ്റവും മികച്ച വായനക്കാരൻ അദ്ദേഹമാണെന്നതിൽ എനിക്കു സംശയമൊന്നുമില്ല.' പ്രശസ്ത നിരൂപകനായ ഡോ. പി.കെ. രാജശേഖരന്റേതാണ് ഈ വാക്കുകൾ. അത്രയേറെ വിശാലവും വിപുലവുമാണ് എം.ടിയുടെ വായനലോകം.

യസുനാരി കവാബാത്തയും യുക്കിയോ മിഷിമയും സോൾസെനിറ്റ്സിനും ഫ്ളോബറും ഗോതിയേറും അഗുതഗാവയുമൊക്കെ മലയാളിക്കു പരിചിതരായത് എം.ടിയുടെ സാഹിത്യലേഖനങ്ങളിലൂടെയായിരുന്നു. സർഗാത്മകസൃഷ്ടികളിലെന്നതുപോലെതന്നെ ലേഖനങ്ങളിലും പഠനങ്ങളിലും, എന്തിന്, ഓർമക്കുറിപ്പുകളിൽപ്പോലും അദ്ദേഹം എം.ടിയൻ ക്വാളിറ്റി കാത്തുസൂക്ഷിച്ചു. നമുക്കൊക്കെയും ചിരപരിചിതമായ വാക്കുകൾ എം.ടിയുടെ തൂലികയിലൂടെ പുറത്തുവന്നപ്പോൾ അതിന് അനന്യസാധാരണമായ സൗന്ദര്യമുണ്ടായി.

'തൊട്ടതെല്ലാം പൊന്നാക്കുക' എന്ന ചൊല്ല് അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കിയ എഴുത്തുകാരനാണ് എം.ടി. വാസുദേവൻനായർ. കഥയും നോവലും മാത്രമല്ല, അദ്ദേഹമെഴുതിയ യാത്രാവിവരണവും നാടകവും തിരക്കഥകളും ചലച്ചിത്രസ്മരണകളും ഓർമക്കുറിപ്പുകളും ബാലസാഹിത്യവും സാഹിത്യലേഖനങ്ങളും പ്രസംഗസമാഹാരവുംവരെ (വാക്കുകളുടെ വിസ്മയം) വായനക്കാർ ആവേശത്തോടെ ഏറ്റെടുത്തു. കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ പുരസ്കാരം, വയലാർ അവാർഡ്, ചലച്ചിത്രമേഖലയിൽനിന്നുള്ള ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ, വിവിധ സർവകലാശാലകളുടെ ഓണററി ബിരുദങ്ങൾ, പത്മഭൂഷൺ, ജ്ഞാനപീഠം എന്നിങ്ങനെ ഇനി അദ്ദേഹത്തിനു ലഭിക്കാൻ അംഗീകാരങ്ങളൊന്നും ബാക്കിയില്ല. എം.ടിക്ക് ഇക്കഴിഞ്ഞ ജൂലൈ 15 ന് 89 വയസ് പൂർത്തിയായി. നവതിയിലേക്കു പ്രവേശിക്കുന്ന മലയാളത്തിന്റെ ഈ അക്ഷരപുണ്യത്തിന് എല്ലാ സ്നേഹാദരങ്ങളും. ഇനിയും ആ തൂലിക നമുക്കായി അദ്ഭുതങ്ങൾ രചിക്കട്ടെ.

■

## മനക്കോട്ട

കവിത

ജോർജുകുട്ടി താവളം

മാനവൻ മനക്കോട്ടകൾ കെട്ടി
മാനത്തോളമുയർത്തിടാൻ
മാധുര്യമൂറും സ്വപ്നങ്ങളാലെ
മാനസത്തെ നിറയ്ക്കുന്നു.

കൈയെത്താ ദൂരത്തുള്ളവയെല്ലാം
കൈവശമാക്കിത്തീർത്തിടാൻ
കൈതവത്തിന്റെ മാർഗത്തിൽ ചിലർ
കൈവച്ചു മുന്നേറിടുന്നു.

നേരില്ലാതുള്ള പാതകൾ താണ്ടി
നേടുന്നതെല്ലാം വ്യർത്ഥമാം
നേരതിൻ മൂല്യം കണ്ടറിഞ്ഞിടും
നേരമെത്തുമ്പോൾ വൈകിടും.



ആൻസി സാജൻ

# വിജയരഥത്തിൽ മലയാളസിനിമ




2020 ലെ ദേശീയ ചലച്ചിത്രപുരസ്കാരങ്ങൾ പ്രഖ്യാപിക്കപ്പെടുമ്പോൾ ഇന്ത്യൻ സിനിമാചരിത്രത്തിൽ മലയാളത്തിനു വർണാഭയേറി. ബോളിവുഡിന്റെ അധീശത്വവും അടക്കിവാഴലുകളും പിന്നിലാക്കി തെന്നിന്ത്യ മിന്നലൊളിയായി. പ്രാദേശികഭാഷാചിത്രങ്ങളാണ് വിജയരഥങ്ങളിൽ അണിനിരന്നത്. മലയാളത്തിനു ശ്രേഷ്ഠമായ എട്ടു സമ്മാനങ്ങൾ. തമിഴിനും മികവാർന്ന അംഗീകാരലബ്ധി. മികച്ച സിനിമ, നടൻ, നടി, സഹനടീനടന്മാർ എന്നിങ്ങനെ പ്രധാന പുരസ്കാരങ്ങളെല്ലാം മലയാളവും തമിഴും സ്വന്തമാക്കി.

കൊവിഡുമൂലം തിയേറ്ററിലെത്താതെ ഒ.ടി.ടി. പ്ലാറ്റ്ഫോമിലൂടെ ആസ്വാദകർ കണ്ട സിനിമ ദേശീയ തലത്തിൽ മികച്ചുനിന്നുവെന്ന പ്രത്യേകതയും ഈ അവാർഡിനെ വ്യത്യസ്തമാക്കുന്നു. ഒന്നാമതെത്തിയ സുരറൈ പോട്ര് ആമസോൺ പ്രൈമിലൂടെയായിരുന്നു റിലീസ്.

സംവിധായകൻ വിപുൽ ഷാ അധ്യക്ഷനായ ദേശീയ ജൂറിയിൽ മലയാളത്തിന്റെ വിജി തമ്പിയും അംഗമായിരുന്നു.

അയ്യപ്പനും കോശിയും എന്ന ചിത്രമൊരുക്കിയ സച്ചിയാണ് (കെ.ആർ. സച്ചിദാനന്ദൻ) മികച്ച സംവിധായകൻ (സമ്മാനം ഏറ്റുവാങ്ങാൻ സച്ചിയില്ല എന്നത് മലയാളസിനിമയുടെ ദുഃഖമായി). നാലു പുരസ്കാരങ്ങളാണ് അയ്യപ്പനും കോശിയും നേടിയത്.

തമിഴ് ചിത്രം സുരറൈ പോട്രിലെ 'ബൊമ്മി' എന്ന കഥാപാത്രത്തിലൂടെയാണ് അപർണ ബാലമുരളി, മികച്ച നടിപ്പട്ടം നേടിയതെങ്കിലും അഭിമാനം മലയാളത്തിനായി. ഇതേ ചിത്രത്തിലൂടെ സൂര്യയും 'തൻഹാജി ദ അൺസങ് വാരിയർ' എന്ന ചിത്രത്തിലൂടെ ബോളിവുഡ് നായകൻ അജയ് ദേവ്ഗണും മികച്ച നടനുള്ള അവാർഡ് പങ്കിട്ടു.

സുധ കൊങ്കര സംവിധാനം ചെയ്ത സുരറൈ പോട്ര് തന്നെയാണ് 2020ലെ മികച്ച ഇന്ത്യൻ സിനിമ. എയർ ഡെക്കാൻ വിമാനക്കമ്പനി സ്ഥാപിച്ച ജി.ആർ. ഗോപിനാഥിന്റെ ജീവിതകഥയാണ് ഈ സിനിമ പറയുന്നത്. അഞ്ചു സമ്മാനങ്ങളാണ് ഈ ചിത്രം നേടിയത്. സംവിധായിക സുധ കൊങ്കരയോടൊപ്പം മലയാളിയായ ശാലിനി ഉഷ നായരും ഈ ചിത്രത്തിലൂടെ മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം നേടിയത് അഭിമാനനേട്ടമായി.

മലയാളസിനിമയിലിപ്പോൾ ബിജു മേനോന്റെ നല്ല സമയമാണെന്നു പറയാം. ഒട്ടേറെ വ്യത്യസ്ത റോളുകളിലൂടെ പ്രേക്ഷകഹൃദയം നേടിയെടുത്ത ബിജു മേനോൻ അയ്യപ്പനും കോശിയിലൂടെ ഇന്ത്യൻ സിനിമയിലെ മികച്ച സഹനടനായി തിരഞ്ഞെടുക്കപ്പെട്ടു.

> **സിനിമയിൽ ഏറെ പരിവർത്തനങ്ങൾ നടക്കുന്ന സമയമാണിപ്പോൾ. യാഥാസ്ഥിതിക സമീപനങ്ങളോടൊപ്പം സൂപ്പർസങ്കല്പങ്ങളും ഒഴിഞ്ഞുപോകുന്ന അവസ്ഥ. നിറവും സൗന്ദര്യവും ആകാരഭംഗിയുമല്ല ജീവിതത്തിന്റെ അർത്ഥമെന്നും യഥാർത്ഥപ്രതിഭയ്ക്ക് അളവും തൂക്കവുമില്ല എന്നും മനസ്സിലാക്കുന്ന പുതുതലമുറയാണ് ഉയർന്നുവരുന്നത്.**

അയ്യപ്പൻനായർ അത്രയും ഉജ്ജ്വലമായിരുന്നു എന്നതിന് എതിരഭിപ്രായം ഉണ്ടാവില്ല.

അയ്യപ്പനും കോശിയും ചിത്രത്തിലെ, ഗോത്രസംസ്കാരവും തനിമയും തുളുമ്പുന്ന 'കളക്കാത്ത സന്ദനമേറം' എന്ന പാട്ടുപാടിയ ആദിവാസി വിഭാഗത്തിലെതന്നെ പാട്ടുകാരി നഞ്ചിയമ്മയാണ് മികച്ച പിന്നണിഗായിക.

അയ്യപ്പനും കോശിയിലെ സ്വാഭാവികസംഘട്ടനരംഗങ്ങളൊരുക്കിയ മാഫിയ ശശി, രാജശേഖർ, സുപ്രീം സുന്ദർ എന്നിവരും സമ്മാനിതരായി.

മലയാളത്തിലെ മികച്ച ചിത്രമായി സെന്ന ഹെഗ്ഡെ സംവിധാനം ചെയ്ത 'തിങ്കളാഴ്ച നിശ്ചയം' തിരഞ്ഞെടുക്കപ്പെട്ടു.

സിനിമയുടെ വിവിധ മേഖലകളിലെ മറ്റ് അവാർഡുകളെപ്പറ്റി ഇവിടെ ഇനിയും പരാമർശിക്കുന്നില്ല. എങ്കിലും മികച്ചതായി ഒരു സിനിമാനിരൂപണഗ്രന്ഥവും കണ്ടെത്താനായില്ല എന്ന ജൂറിയുടെ തീരുമാനം കൂടുതൽ ചിന്തകളിലേക്കു വളരട്ടെ എന്ന പ്രാർത്ഥനയുണ്ട്.

ഫീച്ചർ വിഭാഗത്തിൽ 205 ഉം നോൺ ഫീച്ചർ വിഭാഗത്തിൽ 148 ഉം ചിത്രങ്ങളാണ് 2020 ലെ ദേശീയ അവാർഡിനായി പരിഗണിച്ചത് എന്നറിയുന്നു.

ഫഹദ് ഫാസിലും നവ്യ നായരും മികച്ച നടനും നടിക്കുമുള്ള മത്സരത്തിന്റെ അവസാനറൗണ്ടിലും പരിഗണനയിൽ വന്നെങ്കിലും ഫലം വ്യത്യസ്തമായി.

ഫഹദ് ഫാസിലിന്റെ അഭിനയവൈഭവം വേറിട്ട മികവോടെ തുടരുന്നത് ഇനിയും ആശയ്ക്കു വക നൽകുന്നുണ്ട്. നടിമാരുടെ കാര്യത്തിൽ, കഴിവുണ്ടെങ്കിലും അങ്ങനെയൊരു പ്രത്യാശ പുലർത്തുന്നത് സഫലമാകുമെന്നു പറയാൻ വയ്യാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നു ചൂണ്ടിക്കാട്ടട്ടെ.

അവാർഡുപ്രഖ്യാപനങ്ങളെത്തുടർന്ന് വിവാദങ്ങളും കൊടുമ്പിരിക്കൊള്ളാറുണ്ട്. ഇത്തവണ പ്രധാനമായും മികച്ച പിന്നണി ഗായിക പദത്തിനാണ് എതിരഭിപ്രായങ്ങൾ വന്നത്. ആർക്കും ആറാടാവുന്ന സോഷ്യൽ മീഡിയ ഉള്ളപ്പോൾ ഏറ്റുപിടിക്കാൻ രണ്ടഭിപ്രായത്തിലും ആളുണ്ടാകുന്നത് സ്വാഭാവികം. വിലക്കുകളില്ലാത്ത വിശാലമായ ഫേസ്ബുക്ക് ചുമരുകളിൽ പതിഞ്ഞിരിക്കുന്ന വാൾപോസ്റ്റുകൾ കണ്ട് അഭിപ്രായങ്ങൾ പടർന്നോട്ടെ. തനിമയും നിഷ്കളങ്കതയും തെളിയുന്ന കാട്ടരുവിപോലെ ഒഴുകിപ്പടർന്ന ശബ്ദഭംഗിയാണ് നഞ്ചിയമ്മ പകർന്നതെന്നത് പരമസത്യം തന്നെ. പരിശീലനമില്ലായ്മയും പ്രായംപോലും അവരുടെ ഉള്ളിലെ പാട്ടൊലികളെ ജ്വലിപ്പിക്കുന്നേയുള്ളൂ. ആദരണീയംതന്നെ കാട്ടിലും മേട്ടിലും പണിയെടുത്തു നടക്കുന്ന ആ അമ്മ പകരുന്ന ഹൃദ്യാനുഭൂതികൾ..!

എല്ലാം തികഞ്ഞൊരു നല്ല പാട്ട് സമീപകാലത്തെ ഏതു മലയാള ചിത്രത്തിൽ ചൂണ്ടിക്കാട്ടാനാവും എന്നതും ചിന്തനീയം.

സമ്മാനങ്ങളും മറ്റംഗീകാരങ്ങളും കൂടുതൽ നല്ലതിലേക്കുള്ള കുതിപ്പിന് ആക്കം കൂട്ടും; സിനിമയായാലും സാഹിത്യമായാലും മറ്റ് ഏതു കലാപ്രവർത്തനമായാലും.

എന്നാൽ, കഴിവുകളുടെ അന്തിമമായ നിശ്ചയപരിമാണമാപിനികളല്ല അവാർഡുകളൊന്നും. പൊഴിഞ്ഞുപോയവരുണ്ടാകാം, കാണാതിരിക്കുന്നവരുണ്ടാകാം, മത്സരവേദികൾ വരെ എത്താത്തവരുണ്ടാകാം.

പ്രവർത്തനമാണു മുഖ്യം. അതിനു കഴിവും പ്രാപ്തിയുമുള്ളവരുടെ അക്ഷീണമായ അവതരണങ്ങളെ കാലം നിലനിറുത്തും; അവരെ ചരിത്രം ഓർമിച്ചുകൊണ്ടേയിരിക്കും.

സിനിമയിൽ ഏറെ പരിവർത്തനങ്ങൾ നടക്കുന്ന സമയമാണിപ്പോൾ. യാഥാസ്ഥിതിക സമീപനങ്ങളോടൊപ്പം സൂപ്പർ സങ്കല്പങ്ങളും ഒഴിഞ്ഞുപോകുന്ന അവസ്ഥ. നിറവും സൗന്ദര്യവും ആകാരഭംഗിയുമല്ല ജീവിതത്തിന്റെ അർത്ഥമെന്നും യഥാർത്ഥപ്രതിഭയ്ക്ക് അളവും തൂക്കവുമില്ല എന്നും മനസ്സിലാക്കുന്ന പുതുതലമുറയാണ് ഉയർന്നുവരുന്നത്.

ഹൃദ്യമായ നല്ല സിനിമകളൊരുക്കാൻ സിനിമാപ്രവർത്തകരും ആസ്വദിക്കാൻ കാണികളും ഉണ്ടാവുക എന്നതാണ് മുഖ്യം.

യാത്രയ്ക്കിടയിൽ കിട്ടുന്ന തിരുമധുരങ്ങളാക്കാം ഓരോ പുരസ്കാരവും. സിനിമ സമഗ്രമായി വളരട്ടെ. ■


കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

● മസ്തിഷ്കരോഗങ്ങൾ ● നട്ടെല്ല് രോഗങ്ങൾ ● അസ്ഥിരോഗങ്ങൾ ● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ) ● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 22 Date of Publication 28 July 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ലോകത്ത് എല്ലായിടത്തും ഡിമാന്റുള്ള ജോലിയാണോ നിങ്ങൾ അന്വേഷിക്കുന്നത്?



**2 Year Courses**

**Affiliated to NCVT.Govt.Of India**

- **Electrician**
- **D/Civil**

**Approved by Quality Council of India(QCI)**

Eligibility:10th passed

Industrial Training Institute

# B.TECH



## പരാജയപ്പെട്ടവർക്ക് സുവർണ്ണാവസരം

**B.Tech** പഠനം മുടങ്ങിയവർക്ക് ക്രെഡിറ്റ് ട്രാൻസ്ഫർ വഴി **UGC** അംഗീകൃത യൂണിവേഴ്സിറ്റിയിൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കാം.

# St.Antony's Institute of Engineering,Pala

Run by St.Antony's Educational & Charitable Trust

**04822 212115,81568 73517**


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org